www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 3 Issue 52 May 1 - 15 2008

# ആത്മീയ പ്രസ്ഥാനങ്ങൾക്കു മാർഗരേഖ നടപ്പാക്കും; ഇടുക്കിയ്ക്ക് പുതിയ മെത്രാപ്പോലിത്തായെ വാഴിക്കും: പ. സുന്നഹദോസ്

യാക്കോബായ സഭയിലെ ആത്മീയ പ്രസ്ഥാനങ്ങൾക്ക് മാർഗരേഖ കൊണ്ടുവരുവാൻ പുത്തൻകുരിശിൽ ചേർന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

മാർഗരേഖ അനുസരിച്ചാവും സുവിശേഷ പ്രസ്ഥാനങ്ങളും മറ്റും പ്രവർത്തനങ്ങളും പുതുതായി ആത്മായ പ്രസ്ഥാനങ്ങൾ ആരംഭിക്കേണ്ടതെന്നാണു തീരുമാനം.

ആരാധനാ സമയത്തിൽ ഏകോപനം കൊണ്ടുവരും. ക്രിസ്തുമസ്, ഈസ്റ്റർ ആരാധനകളുടെ സമയം ഏകോപിപ്പിക്കാൻ പള്ളികൾക്ക് പൊതുമാർഗ നിർദ്ദേശം നൽകും. ആത്മഹത്യ ചെയ്തവർക്കുള്ള പ്രത്യേക സംസ്കാരക്രമം ഉണ്ടാക്കും.

നിലവിലുള്ള ബാഹ്യകേരള ഭദ്രാസനം വിഭജിച്ചു മൂന്നു ഭദ്രാസനങ്ങളാക്കണമെന്ന മാനേജിംഗ് കമ്മറ്റി ശുപാർശ സുന്നഹദോസ് അംഗീകരിച്ചു. പ. പാത്രിയർക്കീസ് ബാവായുടെ മേൽ നടപടികൾക്കായി ശുപാർശ ചെയ്തു. ഡൽഹി, ബംഗളൂരൂ, ബോംബെ നഗരങ്ങൾ കേന്ദ്രമാക്കിയാണ് പുതിയ ഭദ്രാസനങ്ങൾ. ഇടുക്കി ഭദ്രാസനത്തിന് മെത്രാപ്പോലിത്തായെ വാഴിക്കും. സഭയുടെ എക്യുമെനിക്കൽ സെക്രട്ടറിയേറ്റ് പാത്രിയർക്കാ സെന്ററിൽ പ്രവർത്തിക്കും. വിവിധ എക്യുമനിക്കൽ സമിതികളുടെ അധ്യക്ഷന്മരായി മെത്രാപ്പോലിത്തമാരെ നിയമിച്ചു. സെന്റ് പോൾസ് മിഷന്റെ ചുമതല ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലിത്തായ്ക്കാണ്. സുവിശേഷ സംഘത്തിന്റെ മെത്രാപ്പോലീത്താ അഭി. മാത്യൂസ് മോർ അപ്രേമായിരിക്കും.

ഗൾഫ് നാടുകളിലെ മെത്രാപ്പോലിത്താമാരുടെ സേവന കാലാവധി മൂന്നു വർഷവും വൈദികരുടേത് രണ്ടുവർഷവുമായി നിജപ്പെടുത്താൻ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് പ. പാത്രിയർക്കീസ് ബാവായോടെ ശുപാർശ ചെയ്തു. വൈദിക സെമിനാരിക്കുവേണ്ടി ശ്രേഷ്ഠ കാതോലിക്കാ ബാവാ അധ്യക്ഷനായി മെത്രാപ്പോലിത്താമാരടങ്ങിയ കൗൺസിൽ രൂപീകരിച്ചു. മെത്രാപ്പോലിത്തന്മാരായ ജോസഫ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ തിമോത്തിയോസ്, ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, മാത്യൂസ് മോർ അപ്രേം, ഡോ. ഗീവർഗീസ് മോർ കൂറിലോസ് തുടങ്ങിയവരാണ് കൗൺസിലിലുള്ളത്.



ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ അധ്യക്ഷതയിൽ നടന്ന പ. സുന്നഹദോസ്

ഒക്ടോബറിൽ പ. പാത്രിയർക്കീസ് ബാവായുടെ ഇന്ത്യാ സന്ദർശനം വിജയ പ്രദമാക്കുവാനുള്ള ശ്രമം ഉടൻ ആരംഭിക്കും. പളളികളിലെ ആഘോഷങ്ങൾ കുറച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വിശ്വാസികൾ കൂടുതൽ ശ്രദ്ധിക്കണമെന്ന് സുന്നഹദോസ് ആഹ്വാനം ചെയ്തു. വീടു നിർമ്മാണത്തിലെ ആഡംബരം ഒഴിവാക്കണം. സഭയുടേതായി ബൈബിൾ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ വേഗത്തിലാക്കും. മെത്രാൻ കക്ഷി വിഭാഗത്തോടുള്ള ഇപ്പോഴത്തെ നിലപാടിൽ മാറ്റമില്ല. പുത്തൻകുരിശിലെ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലമാക്കും. പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ അധ്യക്ഷതയിൽ 7, 8, 9 തീയതികളിലാണ് സുന്നഹദോസ് നടന്നത്. മെത്രാപ്പോലിത്താമാരായ ഡോ. ഏബ്രഹാം മോർ സേവേറിയോസ്, കുര്യാക്കോസ് മോർ ദിയോസ്കോറസ്, ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ്, ഗീവർഗീസ് മോർ ദിവന്നാസിയോസ്, ഗീവർഗീസ് മോർ അത്താനാസിയോസ്, കുര്യാക്കോസ് മോർ യൂലിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, മർക്കോസ് മോർ ക്രിസോസ്റ്റമോസ്, പത്രോസ് മോർ ഒസ്താത്തിയോസ്, ഡോ. ഗീവർഗീസ് മോർ കൂറിലോസ്, കുര്യാക്കോസ് മോർ യൗസേബിയോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്തനാസിയോസ് തുടങ്ങിയവർ പങ്കെടുത്തു.

## വി. പി. മത്തായി സെന്റ് പോൾസ് മിഷനുമായുള്ള ബന്ധം ഉപേക്ഷിച്ചു

സെന്റ് പോൾസ് മിഷൻ ഓഫ് ഇൻഡ്യ എന്ന പ്രസ്ഥാനത്തിൽ നിന്ന് ശ്രീ. വി. പി. മത്തായി സ്വയം പുറത്തുപോയി. ഇതു സംബന്ധിച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഇറക്കിയ കല്പനയുടെ പ്രസക്ത ഭാഗങ്ങൾ. പ. സഭയിലെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിയന്ത്രണത്തിലായിരിക്കണം എന്നുള്ള 2007 മെയ് മാസം കൂടിയ പ. സുന്നഹദോസ് എടുത്ത നിശ്ചയപ്രകാരം ആത്മീയ പ്രസ്ഥാനങ്ങളുടെ ചുമതല അഭി. തിരുമേനിമാരെ ഏൽപിച്ചു. സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റായി അഭി. ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലിത്താ തിരുമനസുകൊണ്ട് ചാർജ് എടുക്കുകയുണ്ടായി. സെന്റ് പോൾസ് മിഷന്റെ പ്രവർത്തനം ആരംഭിച്ചതുമുതൽ ആ പ്രസ്ഥാനത്തിന്റെ ഡയറക്ടറായി പ്രവർത്തിച്ചിരുന്ന വി. പി. മത്തായി പ. സഭയുടെ ഈ തീരുമാനത്തിൽ അതൃപ്തനായി മിഷന്റെ പ്രവർത്തനങ്ങളിൽ നിന്ന് വേർപെട്ട് സഭയ്ക്ക് അംഗീകരിക്കുവാൻ കഴിയാത്ത പ്രസ്ഥാനവുമായി ചേർന്ന് പോകുന്നു. വി. പി. മത്തായി മിഷന്റെ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുപോകരുതെന്നും പ. സഭയോട് ചേർന്ന് നിന്ന് തന്റെ ശുശ്രൂഷ

(ശേഷം 4-ാം പേജിൽ)

## എളനാടു പള്ളി യാക്കോബായ വൈദികൻ കുർബാന അർപ്പിച്ചു

എളനാട് പള്ളിയിൽ 4 വർഷത്തെ ഇടവേളയ്ക്കുശേഷം യാക്കോബായ സഭയിലെ വൈദികൻ വി. കുർബാന അർപ്പിച്ചു. 1934-ലെ ഭരണഘടന സ്വീകരിച്ച് മെത്രാൻ കക്ഷിയിലേക്ക് കൂറുമാറിയ തൃശൂർ ഭദ്രാസന അധിപനായിരുന്ന യൂഹാനോൻ മാർ മിലിത്തിയോസിനോടൊപ്പം ചേർന്ന് മെത്രാൻ കക്ഷിയുടെ ഭദ്രാസന സെക്രട്ടറിയായിരുന്ന ഫാ. മാത്യു ജേക്കബ് പുതു

(ശേഷം 4-ാം പേജിൽ)

## കെ. പി. തോമസ് (കുഞ്ഞൂഞ്ഞ് – 105) കടവുംഭാഗം, പാമ്പാടി



ഞങ്ങളുടെ പ്രിയപിതാവ് കടവുംഭാഗത്ത് കെ. പി. തോമസ് (105) നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. സംസ്കാരശുശ്രൂഷ അഭിവന്ദ്യ തിരുമേനിമാരായ ഗീവർഗീസ് മാർ ദിവന്നാസ്യോസ്, മാത്യൂസ് മാർ തേവോദോസിയോസ് എന്നിവരുടെ കാർമ്മികത്വത്തിൽ പൊത്തൻപുറം മാർ ഇഗ്നാത്തിയോസ് യാക്കോബായ പളളിയിൽ നടത്തി. മക്കൾ: ആലീസ് കുഞ്ഞ്, അന്നമ്മ തോമസ്, റേച്ചൽ തോമസ്, ശോശാമ്മ തോമസ്, ഫിലിപ്പോസ് തോമസ്, എബ്രഹാം തോമസ്, മാത്യു തോമസ് മരുമക്കൾ: Late കുഞ്ഞ് വേങ്ങശേരിൽ, Late W. J. ജോൺ വട്ടശേരിൽ, Late P. A. തോമസ് പുതുപ്പറമ്പിൽ, കുരുവിള ജോർജ്ജ് അമ്പാട്ട്, ലീലാമ്മ വാണിയപ്പുരയ്ക്കൽ, മറിയക്കുട്ടി മാലിയിൽ, രാജമ്മ മാവേലിമറ്റം.

ADVT

# വി. കുർബ്ബാന ആവർത്തനമല്ല

## ഫാ. ഇട്ടൂപ്പ് ആലുങ്കൽ, നയത്തോട്



വി. കുർബ്ബാന ക്രൂശിലെ ബലിയുടെ ആവർത്തനമല്ല. തുടർച്ചയാണ് എന്നാണ് നമ്മുടെ സഭയിലെ പിതാക്കന്മാർ പഠിപ്പിക്കുന്നത്. താഴെ പറയുന്ന കാരണങ്ങൾ അതിന് മുഖാന്തിരങ്ങളാണ്.

യഹൂദ സഭയിലുണ്ടായിരുന്ന ഹോമയാഗവും സമാധാനയാഗവും പാപപരിഹാരയാഗവും മറ്റും യേശുവിന്റെ ബലിയുടെ മുൻകുറികളായിരുന്നു. യേശുവിന്റെ ബലി സകല ബലികളെയും ഉൾക്കൊള്ളുന്നതാകുന്നു. കൊല്ലത്തിലൊരിക്കൽ പാപപരിഹാര ദിവസത്തിൽ പ്രധാനാചാര്യൻമാത്രം അറുക്കപ്പെട്ട ബലിയുടെ രക്തത്തോടുകൂടി മഹാശുദ്ധസ്ഥലത്തേക്ക് പ്രവേശിച്ച് കൃപാസനത്തിൽ രക്തം തളിക്കുമായിരുന്നു. (ലേവ്യ, 16:29–34) ഇത് പാപത്തിനുള്ള പ്രായശ്ചിത്തമായി കണക്കാക്കപ്പെട്ടിരുന്നു. കുഞ്ഞാടിനെ അറുക്കുന്നതും രക്തത്തെ കൈയിലെടുത്ത് കൊണ്ട് പ്രധാനാചാര്യൻ തിരശ്ശീലയ്ക്കപ്പുറം കടക്കുന്നതുംവരെയുള്ള കാര്യങ്ങൾ ജനത്തിന് കാണാമായിരുന്നു. എന്നാൽ തിരശ്ശീലയ്ക്കപ്പുറം നടക്കുന്ന കാര്യങ്ങൾ ജനത്തിന് കാണാൻ പറ്റില്ല. കൃപാസനത്തിൽ രക്തം തളിച്ച് പാപപരിഹാരം അർപ്പിച്ചശേഷം ആചാര്യൻ വീണ്ടും പുറത്ത് വന്ന് ജനത്തെ അനുഗ്രഹിച്ചിരുന്നു. (ലേവ്യ 9:22–23). അപ്പോൾ ബലി പൂർത്തിയാക്കുന്നു.

ഗോഗുൽത്തായിൽ യേശു അറുക്കപ്പെട്ടെങ്കിലും ബലിയുടെ വേല മുഴുവനും പൂർത്തിയായിട്ടില്ല. പ്രധാനാചാര്യൻ ചെയ്തിരുന്നതുപോലെ യേശുവും തന്റെ ബലിയുടെ രക്തത്തെ (തന്റെ തിരുമുറിവുകളാകുന്ന രക്തം) ആകാശമാകുന്ന വാതിൽ മറയ്ക്കപ്പുറത്ത് പ്രവേശിച്ച് അതിനെ പിതാവാം ദൈവത്തിങ്കൽ അർപ്പിക്കുന്നു (എബ്രാ. 4:14, 9,12) ഈ തിരുമുറിവുകൾ കാണിച്ച്കൊണ്ട് നമുക്ക് വേണ്ടി പ്രാർത്ഥിയ്ക്കുകയും മധ്യസ്ഥതയാചിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവിടെ തന്റെ ബലിയുടെ വേലതുടർന്ന്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവസാനിച്ചിട്ടില്ല. വി.കുർബ്ബാനയിൽ യേശുവിന്റെ ഈ ബലിയോട് നാമും ചേർന്ന് പിതാവാം ദൈവത്തിന് ബലിയർപ്പിക്കുന്നതുകൊണ്ട് വി. കുർബ്ബാന ആവർത്തനമല്ല. അത് ക്രൂശിലെ ബലിയുടെ തുടർച്ചയാണ്. കൃപാസനത്തിൽനിന്ന് പാപപരിഹാരവുംകൊണ്ട് പ്രധാനാചാര്യൻ പുറത്തുവന്ന് ജനത്തെ അനുഗ്രഹിക്കുന്നത് പോലെ യേശുവും തന്റെ ബലിയുടെ രക്ഷയാകുന്ന പാപപരിഹാരവുംകൊണ്ട് രണ്ടാമതും വരും. അന്നേ രക്ഷപൂർത്തിയാകുകയുള്ളു. (എബ്രാ. 9:28) അത് വരെ ബലി തുടരണം. തന്റെ വേലയെ നാമും തുടർന്നു കൊണ്ടിരിക്കണം (മലാ. 1–24)

യേശുവിന്റെ കാലത്ത് എന്നപോലെ തന്റെ ബലിയുടെ അനുഭവം പിന്നീടുണ്ടായിക്കൊണ്ടിരിക്കുന്ന പാപികൾക്കും ഉണ്ടാകണം. അതിനാലാണ് താൻ നിത്യബലിയെ തുടർന്നുകൊണ്ടിരിക്കുന്നത്. (എബ്രാ. 7:25)

വി. കുർബ്ബാന ശിഷ്യന്മാരോടുള്ള തന്റെ കൂട്ടായ്മയേയും തന്റെ മരണത്തെയും സൂചിപ്പിക്കുന്നു. ഈ പെസഹ യുഗാന്ത്യത്തിലെ ദൈവരാജ്യത്തിലെ പൂർത്തിയാകൂ. (മാർ. 14–25) പൂർണ്ണതയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നതിനാൽ ബലി ആവർത്തനമല്ല. തുടർച്ചയാണ്, തന്റെ രണ്ടാമത്തെ വരവ് വരെ ഇത് ചെയ്യുവാൻ ശിഷ്യന്മാരെ ഏല്പിച്ചതും ആവർത്തനമായിട്ടല്ല. പിന്നയോ തുടർച്ചയായിട്ടാണ്.

കുരിശിൽ ഉയർത്തപ്പെട്ട സ്നേഹത്തിന്റെ സ്മാരകമാണ് വി. കുർബ്ബാന. ആസ്നേഹം തുടർന്നുകൊണ്ടിരിക്കുന്നതിനാൽ വി. കുർബ്ബാന അർപ്പിക്കലും തുടർച്ചയാണ്.

"ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്ത് ഭാഗത്തിരിക്കുക" (എബ്രാ 1:13) യേശുവിന്റെ കുരിശിലെ മരണവും ഉത്ഥാനവും വഴി സാത്താനെയും തിന്മകളുടെ ശക്തിയേയും താൻ പരാജയപ്പെടുത്തി. സ്വർഗ്ഗരാജ്യം തുറന്നു തന്നു. അപ്പോൾ ഈയുദ്ധം പരിസമാപ്തിയിലെത്തി. എന്നാൽ തിന്മകളുടെ ശക്തികൾ പൂർണ്ണമായും നശിപ്പിയ്ക്കപ്പെട്ടിട്ടില്ല. കർത്താവിന്റെ രണ്ടാമത്തെ വരിവിലെ ഈ ശക്തികൾ പൂർണ്ണമായും അന്ധകാരത്തിലാകു. അത് വരെയും ഈ ബലി തുടരേണ്ടതാണ്.

ഏദൻതോട്ടം നഷ്ടപ്പെട്ടെങ്കിലും തന്നെ ദൈവം പൂർണ്ണമായും നശിപ്പിച്ചില്ലല്ലോ എന്നതിന്റെ നന്ദിസൂചകമായി ആദം തന്റെ സസ്യാദികളിൽ നിന്നോ മൃഗസമ്പത്തിൽനിന്നോ ദൈവത്തിന് കാഴ്ച (ബലി) അർപ്പിച്ചിട്ടുണ്ടാകണം. അത് കണ്ടിട്ടാകണം കായേനും ഹാബേലും ബലി അർപ്പിച്ചത്. അന്ന് തുടങ്ങിയ ബലി കർത്താവിൽ അർത്ഥവത്താക്കപ്പെട്ട് (യേശുലോക സ്ഥാപനത്തിന് മുമ്പെ അറുക്കപ്പെട്ട കുഞ്ഞാട്) സ്വർഗ്ഗത്തിലും ഭൂമിയിലും തുടർന്ന് യുഗാന്ത്യത്തിൽ വിശ്വാസികൾ എല്ലാവരും ഏദന്റെ സൗഭാഗ്യത്തിൽ തിരിച്ചെത്തി അതിനെക്കാൾ വലിയ മഹത്വത്തിൽ എത്തിച്ചേരുന്നതുവരെ തുടരേണ്ടതാകുന്നു.

ഓരോ വി. കുർബ്ബാനയും ഒരു വലിയ മുത്തുമാലയിൽ കോർക്കപ്പെടുന്ന മുത്തുകളാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ മാത്രമേ ഈ മുത്തുമാല പൂർത്തിയാകത്തുള്ളു. ഒരു. വി. കുർബ്ബാനയിൽ സംബന്ധിച്ച് പരിഹരിച്ചുകൊള്ളാം എന്ന് വിചാരിച്ചാൽ അത് ഒരിക്കലും സാധിക്കുകയില്ല. കാരണം കോർത്തത് കോർത്തുപോയി. കർത്താവ് ക്രൂശിൽനേടിത്തന്ന രക്ഷ നമുക്ക് അനുഭവയോഗ്യമാകുന്നത് വി. കുർബ്ബാന വഴിയായിട്ടാണ് എന്ന് നാം എപ്പോഴും ഓർക്കുക.

# ഫ്ളാഷ്..... ഫ്ളാഷ്......ഫ്ളാഷ്.........

## തിരുശേഷിപ്പ് ചരിത്രം.....!

മഹാ പരിശുദ്ധനായ ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് പുതുപ്പള്ളിയിലും ചന്ദനപ്പള്ളിയിലും മറ്റും സ്ഥാപിച്ചു എന്ന വാർത്ത പുറത്ത് വന്നത് 2004–ലായിരുന്നു. 1916–ൽ വട്ടശ്ശേരി തിരുമേനി മർദീൻ യാത്ര നടത്തിയപ്പോൾ, തിരുശേഷിപ്പ് പാത്രിയർക്കീസ് ബാവ നൽകിയതാണ് എന്നും ഇത്രയും കാലം കുണ്ടറ സെമിനാരി ചാപ്പലിൽ വച്ചിരുന്നു എന്നും മറ്റുമാണ് കാതോലിക്കാ പക്ഷം പ്രചരിപ്പിച്ചത്. 1916–ൽ വട്ടശ്ശേരിൽ തിരുമേനി മർദീൻ യാത്ര നടത്തി എന്ന് പറഞ്ഞത് വെറും നുണയാണെന്ന് സഭാ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും. നുണപ്രചരണം നടത്തുന്നത് കാതോലിക്കാ കക്ഷിക്ക് പുത്തരിയല്ലല്ലോ! കുണ്ടറ സെമിനാരിയുടെ മാനേജരായ ഫാ. ഡോ. എം. ഒ. ജോണച്ചന്റെ പത്രം ഇപ്പോൾ പറയുന്നു; ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്കാണ് പാത്രിയർക്കീസ് ബാവാ തിരുശേഷിപ്പ് നൽകിയത് എന്ന്! (മലങ്കര സഭാ ദീപം ഏപ്രിൽ 16–30). ഇനി ആരൊക്കെ ഈ പട്ടികയിൽ വരുമെന്ന് നമുക്ക് കാത്തിരുന്ന് കാണാം. ഒരു നുണ സ്ഥാപിക്കാൻ 100 നുണ വേണ്ടി വരുമെന്ന് പഴമക്കാർ പറഞ്ഞത് എത്ര ശരിയാണ്.

മൂവാറ്റുപുഴയ്ക്ക് സമീപമുള്ള കാരക്കുന്നം സെന്റ് മേരീസ് യാക്കോബായ പള്ളിയുടെ ചാപ്പലിലാണ് ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് മലങ്കരയിലാദ്യം സ്ഥാപിതമായത്. ഏ.ഡി 1752 ലാണ് പ്രതിഷ്ഠിച്ചത്. പെരുമ്പള്ളി പള്ളിയുടെ കുരിശടിയിൽ ഔഗേൻ ബാവാ ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ചതിന് ശേഷം അത്ഭുതസംഭവങ്ങൾ നടന്നതിനെ വിമർശിച്ച് ലേഖനമിറക്കിയത് കാതോലിക്കാ കക്ഷിക്കാരുടെ 'ഏറ്റവും വലിയ ചരിത്രകാരൻ' (?) ഇസെഡ് എം. പാറേട്ട് ആയിരുന്നു. ഗീവറുഗീസ് സഹദായുടെ ശരീരം തുണ്ടം തുണ്ടമാക്കി വധിച്ചതിനാൽ തിരുശേഷിപ്പ് ലഭിക്കാൻ സാധ്യതയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. വി. ഗീവറുഗീസ് സഹദായുടെ തിരുശേഷിപ്പ് ആർക്കാണ് ലഭിച്ചത് എന്നതിനെ ചൊല്ലി വ്യത്യസ്ത നിലപാടുകൾ എടുത്തിരിക്കുന്നവരെ നോക്കി കറിയാക്കുട്ടിച്ചായന്റെ ആത്മാവ് എന്തു പറയുന്നുവോ എന്തോ?

# സ്വന്തം മാന്യതയ്ക്ക് സ്വന്ത നിർവ്വചനം

## ഏബ്രഹാം പി. എ. പുലിക്കൂട്ടിൽ

സ്വാതന്ത്ര്യ ഇന്ത്യയുടെ ചരിത്രത്തിൽ ഒരു സമൂഹം തങ്ങളുടെ ആരാധന സ്വാതന്ത്ര്യത്തിനും മൗലികവകാശത്തിനും വേണ്ടി ഇത്രയധികം പീഡിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു ഭാരതത്തിലെയും ലോകത്തിലെയും പുരാതന ക്രൈസ്തവ സഭാവിഭാഗമായ യാക്കോബായ സുറിയാനി ക്രൈസ്തവരാണ്.ഏഡി.52–ൽ ഈ ഭാരതത്തിൽ ക്രൈസ്തവ വിശ്വാസം പ്രസംഗിച്ച തോമാശ്ലീഹയിൽ സമാരംഭിച്ചു എന്ന് വിശ്വസിക്കുന്ന ഈ സഭാസമൂഹം അന്നു മുതൽ ഇന്നുവരെ ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് ക്രിസ്ത്യാനികൾ എന്നു പേരുണ്ടായ കർതൃശിഷ്യരുടെ പ്രവർത്തനകേന്ദ്രമായിരുന്ന അന്ത്യോഖ്യയിലുള്ള സുറിയാനി ആരാധന ഭാഷയായി ഉപയോഗിക്കുന്ന പത്രോസിക സഭയുമായി തികഞ്ഞ ആത്മീയ സംസർഗത്തിലായിരുന്നു.

ഏ.ഡി.345–ൽ മാർത്തോമശ്ലീഹ എവിടെ നിന്നു വന്നുവോ ആ അന്ത്യോഖ്യയിൽ നിന്നും ഇവിടെ എത്തിയ ക്നാനായ സമൂഹവും ജോസഫ് മെത്രാനും ഈ സഭയ്ക്ക് സുറിയാനി ആരാധനക്രമവും വേഷവിധാനവും പ്രധാനം ചെയ്തു.അന്നുമുതൽ ഇന്നുവരെ ആത്മീയ ദാരിദ്ര്യമില്ലാതെ ഈസഭയെ നിലനിർത്തിയത് അന്ത്യോഖ്യൻ സുറിയാനി സഭയാണ്.ഈ പരിശ്രമത്തിൽ എത്ര അന്ത്യോഖ്യൻ പിതാക്കൻമാർ ഈ ഭാരതത്തിന്റെ മണ്ണിൽ ജീവർപ്പണം ചെയ്തു.അത് ഇന്നു ചിലർ വിവരിക്കുന്നതു പോലെ ധനമോഹം കൊണ്ടായിരുന്നില്ല.ഈ സത്യസഭയെ അപ്പോസ്തലിക പിൻതുടർച്ചയിൽ നിലനിർത്താൻ വേണ്ടി മാത്രമായിരുന്നു.എന്നാൽ ഈ സത്യ സഭയുടെ ചരിത്രത്തിൽ ധാരാളം ചതിയുടെ വടുക്കൾ കാണാം.മെത്രാൻ സ്ഥാനം ലഭിക്കാൻ നല്ലപിള്ള ചമഞ്ഞശേഷം മറ്റുള്ളവർ അദ്ധ്വാനിച്ചുണ്ടാക്കിയ സ്വത്തിനുവേണ്ടി സ്വന്തം പൈതൃകം തള്ളിപ്പറയുന്ന ഇടയൻമാർ പുതിയ പല സഭാവിഭാഗങ്ങൾക്കും രൂപം കൊടുത്തിട്ടുണ്ട്. മറ്റു സഭകളെപ്പോലെ സുറിയാനി സഭയിലും ഈ പ്രവണത ഈ സഭയ്ക്ക് വളരെ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്.

18–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മാർത്തോമാ നവീകരണ വിഭാഗം ഈ സഭയിൽ ശക്തിപ്പെടുകയും വിശ്വാസത്തെ ഘനിക്കാനും ഭൗതികധികാരം പിടിച്ചെടുക്കാനും ശ്രമിച്ചപ്പോൾ പ.അന്ത്യോഖ്യ പാത്രിയർക്കീസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ വ്യക്തി പ്രഭാവത്തിൽ നീന്തി കരയ്ക്കടുത്ത ഈ സുറിയാനിസഭ എന്നാൽ ആ മാർത്തോമാക്കാർ പോലും അന്നും ഇന്നും അവകാശപ്പെടാത്ത ചില അസത്യങ്ങളാണ് 1970–ൽ നൂതന മെത്രാൻ കക്ഷി സഭക്കാർ സുറിയാനി സഭയിൽ ഉയർത്തി പിളർപ്പുണ്ടാക്കിയത്. വി. തോമാശ്ലീഹ കുരിശു സ്ഥാപിച്ചു, പട്ടം കെട്ടി,സിംഹാസനം സ്ഥാപിച്ചു തുടങ്ങിയ വാദഗതികൾ. കർത്താവിനെ ക്രൂശിച്ച കുരിശ് ഊർശലേമിൽ കണ്ടെടുക്കുന്നതിനും പ്രതിഷ്ഠിക്കുന്നതിനും മുമ്പ് ഏഡി.52–ൽ തോമശ്ലീഹ കേരളത്തിൽ കുരിശു സ്ഥാപിച്ചു എന്നു പറഞ്ഞാൽ അതു വിശ്വസിക്കാനും ആളെ കിട്ടുന്നു എന്നതാണ് വിചിത്രം. തോമശ്ലീഹയുടെ സിംഹാസനം അതിലും വിചിത്രമാണ്.

1908–ൽ പുലിക്കോട്ടിൽ തിരുമേനിക്കുശേഷം മലങ്കര മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട വട്ടശ്ശേരിൽ തിരുമേനി ഒരു തികഞ്ഞ പരാജയമായിരുന്നു. സഭാ സ്വത്തിൽ കണ്ണുവെച്ച കോട്ടയത്തെ ചില നസ്രാണിമാർക്കു മുമ്പിൽ പിടിയരിപിരിച്ചും പിരിവെടുത്തും സഭാസ്വത്തു സമ്പാധിച്ച പിതാക്കന്മാർക്ക് വിലയുണ്ടായിരുന്നില്ല.തന്റെ വിഭാഗത്തിന്റെ സാമ്പത്തിക ചൂഷണത്തിനു കൂട്ടു നിക്കാതിരുന്ന വൈദീക ട്രസ്റ്റിയും ആത്മായ ട്രസ്റ്റിയും പീഡിപ്പിക്കപ്പെട്ടു. പ്രലോഭനത്തിനു വഴങ്ങാതിരുന്ന വൈദീക ട്രസ്റ്റി കോനാട്ട് വന്ദ്യ മാത്തൻ മൽപ്പാന് പഴയ സെമിനാരിയിൽ വച്ച് അടിയേറ്റു. അടിച്ചതു പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി ആയിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ പരിശുദ്ധ പദവിക്ക് തിളക്കം വർദ്ധിപ്പിക്കുന്നത്. ഈ പ. മെത്രാനും കോട്ടയത്തെ പത്ര,ബ്ലേഡ് നസ്രാണികളും ചേർന്നു രൂപം കൊടുത്ത മെത്രാൻകക്ഷി സഭ 1958–ലെ സമാധാനത്തിനും 71–ലെ ഭിന്നിപ്പിനും ശേഷം സഭയിലും ഇടവകകളിലും അസമാധാനം സൃഷ്ടിക്കുക മാത്രമല്ല സുറിയാനി സഭയിൽ സഭാ തലവനായ പ.പാത്രിയർക്കീസിനെ അംഗീകരിക്കുന്നവരെ ഇല്ലാതാക്കുക എന്ന നയമാണ് അന്നു മുതൽ ഇന്നുവരെ തുടരുന്നത്.

എന്നാൽ ആ വഴിയിൽ അവർ നടന്നു നീങ്ങുന്നത് കേവലം ശൂന്യമായ ഒരു ചരിത്രവഴിയിലേക്കാണ് ഇവർ വിഭാവനം ചെയ്യുന്ന സ്വതന്ത്ര ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് മലങ്കരയിലെ സുറിയാനി സഭാചരിത്രത്തിൽ എന്തു സ്ഥാനമാണുളളത്. അവർക്ക് ഏത് അപ്പോസ്തലിക പിൻതുടർച്ചയാണുളളത്. ജാത്യാഭിമാനികൾക്ക് അഭിമാനിക്കാൻ എന്തെങ്കിലുമൊക്കെ വേണം.ഇവിടെ സഭാ തലവനോടുള്ള നിഷേധമല്ലാതെ സഭാസ്വത്തിനോടുള്ള അത്യാർത്തിയല്ലാതെ മറ്റൊന്നുമില്ല.ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിനും 200 വർഷം മുൻപ് 1653–ൽ നടന്ന ഒന്നാം കൂനൻ കുരിശു സത്യത്തെ മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യസമരമാക്കി ചരിത്രമെഴുതി സ്വത്വം സൃഷ്ടിക്കാൻ ഒരുമ്പെടുന്നവർ 1908–ൽ എന്തിനു മെത്രാൻ കക്ഷിസഭയുടെ സ്ഥാപകൻ ഗീവറുഗ്ഗീസ് ദിവന്ന്യാസിയോസ് ഇന്നു നിങ്ങൾ അറബികരണമെന്നു വിളിക്കുന്ന അറബീക്കുപ്പായം ധരിച്ച് ആകമാന സുറിയാനി സഭയിലെ അധികാര ചിഹ്നമായ വടിയും മുടിയും സ്ലീബയും ധരിച്ച് അന്നത്തെ യഥാർത്ഥ പാത്രിയർക്കീസിൽ നിന്നും മെത്രാൻ സ്ഥാനം സ്വീകരിച്ച് കേവലം 4 വർഷം കഴിഞ്ഞപ്പോൾ നീക്കപ്പെട്ട പാത്രിയർക്കീസ് യഥാർത്ഥ പാത്രിയർക്കീസായി തീർന്നു എന്നുള്ള വസ്തുത യഥാർത്ഥ ദേശീയ സഭാവാദികൾ മറന്നു കാണും. ഡോ.പി.സി.അലക്സാണ്ടറുടെ ദു:ഖം ഇന്നും കുറെ അവശേഷിക്കുന്നു. 34–ലെ ഭരണഘടന വലിച്ചു മാറ്റാൻ ഒരു മെത്രാൻ എങ്കിലും ഉണ്ടെന്നുള്ളതിൽ സന്തോഷിക്കാം. ദൈവകല്പനയേക്കാൾ മെത്രാൻ കക്ഷികൾ ആദരിച്ചിരുന്ന ഭരണഘടന ലംഘിച്ചു സഭാതലവൻ മെത്രാനെ വാഴിച്ചതിന് കോടതിയെ ശരണം പ്രാപിച്ചവർ സ്വന്തം സഭയിലെ മെത്രാൻ മെത്രാനെ വാഴിച്ചപ്പോൾ ഓച്ഛാനിച്ചു നിൽക്കുന്നു.

പല കാര്യങ്ങളിലും പാത്രിയർക്കീസ് സഭയെ അറബീകരിച്ചു എന്നു വിലപിക്കുമ്പോൾ എന്തിനു മെത്രാൻ കക്ഷികൾ സുറിയാനി സഭയുടെ വേഷ,ഭാഷ,നാമ,അനുഷ്ഠാനങ്ങൾ കൊണ്ടുനടക്കുന്നു.ദേശീയസഭ ദേശീയ പൈതൃകത്തിൽ അടിസ്ഥാനപ്പെട്ട ദൈവശാസ്ത്ര സഭാശാസ്ത്ര അനുഷ്ഠാനങ്ങൾ സ്വീകരിക്കണമെന്ന് സ്വന്ത സഭാവിഭാഗത്തെ ഒരിക്കൽ കൂടി ഉപദേശിക്കണമെന്ന് അങ്ങയോട് ഒരു അപേക്ഷയുണ്ട്. കാരണം ഇന്ത്യൻ സ്വാതന്ത്ര്യത്തിനു നേതൃത്വം കൊടുത്ത ഗാന്ധിജി വിദേശ വസ്ത്രങ്ങളും വസ്ത്രധാരണരീതിയും ഉപേക്ഷിച്ചു. പക്ഷേ ആധുനിക ദേശീയ സഭകൾക്ക് ഇന്നും സുറിയാനി സഭയുടെ ചരിത്രത്തിലും സ്വത്വത്തിലും ആരാധന അനുഷ്ഠാന രീതികളിലും പങ്കുപറ്റാതെ സ്വന്തമായി നിലനിൽക്കാൻ കഴിയാത്തിടത്തോളം അവർ എങ്ങനെ ദേശിയ സഭയാകും. വിദേശിയായ ഗീവറുഗീസ്സഹദായുടെ തിരുശേഷിപ്പ് പ. പാത്രിയർക്കീസ് കൊടുത്തു എന്നു പറയുന്നത് വർഷങ്ങൾ ഒളിച്ചു വച്ച ശേഷം ചിലയിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നത് പണം കായ്ക്കുന്ന മരം എന്ന നിലയിലാണ്. അല്ലാതെ അതു നൽകിയ പ.പാത്രിയർക്കീസിനോടുള്ള ബഹുമാനമോ വി.ഗീവറുഗീസ്സഹദായോടുള്ള ഭക്തിയോ കൊണ്ടല്ല. ശ്രേഷ്ഠ കാതോലിക്കയ്ക്ക് പകരം പാത്രിയർക്കീസിനു തുല്യത നേടാൻ കാതോലിക്കയെ പരിശുദ്ധനാക്കിയവർ വൈകിയ വേളയിൽ അദ്ദേഹത്തെ ശ്രേഷ്ഠ നിയുക്തനാക്കി. പിന്നെ ശ്രേഷ്ഠ കാതോലിക്കയായി വാഴിച്ചാലും അദ്ദേഹം ജനങ്ങളെകൂടെ നിർത്തുന്ന ജനകീയനും അപ്പോസ്തലിക പിൻതുടർച്ചയിൽ വാഴിക്കപ്പെടുന്ന കാനോനിക കാതോലിക്കയുമാവില്ല. കാരണം തലയില്ലാത്ത ഒരു ഉടൽ മാത്രമാണ് മെത്രാൻ കക്ഷി സഭ.

# എഡിറ്റോറിയൽ

## വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ കേരളജനതയുടെ മനസ്സിൽ പൊതുവെ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു. ശാശ്വതമായ പരിഹാരം ഈ രംഗത്ത് ഉണ്ടാകുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. പരസ്പര ധാരണയോടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുവാനുള്ള സാഹചര്യം സൃഷ്ടിക്കാൻ എല്ലാവർക്കും കടമ ഉണ്ട്. രമ്യമായ ഒരു പരിഹാരമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഇരു വിഭാഗത്തിനും അവരവരുടേതായ ന്യായങ്ങൾ ഉണ്ട്. യാഥാർത്ഥ്യ ബോധത്തോടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ പരിഹാരം സാധ്യമാകും. മാനേജ്മെന്റുകളെ പാഠം പഠിപ്പിയ്ക്കാൻ സർക്കാരും സർക്കാരിനെ മര്യാദ പഠിപ്പിയ്ക്കാൻ മാനേജ്മെന്റുകളും മത്സരിച്ചാൽ അവതാളത്തിലാകുന്നത് ലക്ഷകണക്കിന് വിദ്യാർത്ഥികളുടെ ഭാവിയാണ്.

കേരളത്തിലെ ക്രൈസ്തവ സമൂഹം വിദ്യാഭ്യാസ ആതുര രംഗത്ത് ചെയ്ത സേവനങ്ങളെ കുറച്ചുകാട്ടികൊണ്ടുള്ള പ്രസ്താവനകളും പ്രചാരണകളും നിരാശ ഉളവാക്കുന്നു. സർക്കാരിന് കഴിയാത്ത പലതും ഈ മാനേജുമെന്റുകൾക്ക് സാധിച്ചിട്ടുണ്ട് എന്ന സത്യം വിസ്മരിയ്ക്കരുത്. കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് ജാതി മത ചിന്തകൾക്കപ്പുറമായി വിദ്യാഭ്യാസം എത്തിയ്ക്കാൻ ക്രൈസ്തവ വിദ്യാലയങ്ങൾ വഹിച്ച പങ്ക് വലുതാണ്. ഇന്നും രാഷ്ട്രീയ സാമൂഹിക അധികാര കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പലരും ഈ വിദ്യാലയങ്ങളുടെ സൃഷ്ടിയാണ്.

സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്ക് വിദ്യാഭ്യാസം എത്തിക്കാൻ ഈ സമൂഹം കാട്ടിയ പങ്ക് ആർക്കാണ് ചോദ്യം ചെയ്യാൻ സാധിക്കുക. ഇന്ന് ഘോരം ഘോരം പ്രസ്താവനകൾ ഇറക്കുന്നവർക്ക് ഈ രംഗത്ത് എന്ത് ചെയ്യാൻ സാധിച്ചു എന്ന് അറിയാൻ താൽപര്യമുണ്ട്.

പഴയ വിദ്യാഭ്യാസ സമ്പ്രാദായമല്ല ഇന്ന് ഉള്ളത്. മറ്റ് പല സംസ്ഥാനങ്ങളിലും വിദ്യാഭ്യാസപരമായി മുന്നിൽ വന്നപ്പോൾ നാം പഴയിടത്തുതന്നെ നിൽക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിയ്ക്കുന്നതിന് വളരെ ചെലവ് കൂടിയിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തികൊണ്ട് പോകാനുള്ള ഭാരിച്ച തുക കണ്ടെത്താൻ മാനേജ്മെന്റുകൾ ഭാരപ്പെടുന്നു. സ്ഥാപനങ്ങൾ ഭംഗിയായി നടത്തപ്പെടുവാനുള്ള ചിലവുകളിലും വിദ്യാർത്ഥികളും പങ്കാളികളാവണം എന്ന കാര്യത്തിൽ സംശയമില്ല.

സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്ക് വിദ്യാഭ്യാസത്തിന്റെ ആനുകൂല്യങ്ങൾ ലഭിയ്ക്കണം. അവർക്ക് നീതി നിഷേധിക്കുന്ന നടപടി ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ ഭാഗത്ത് നിന്ന് ഉണ്ടാവാൻ പാടില്ല. അവരെ സഹായിക്കുന്ന ചുമതല മാനേജ്മെന്റിന് മാത്രമായി ഏറ്റെടുക്കാൻ സാധിക്കാതെ വരും. സർക്കാരിന്റെ ഭാഗത്തുനിന്ന് ഉദാരമായ സമീപനം ഉണ്ടാവണം. അതിന് സ്കോളർഷിപ്പ് അടക്കമുള്ള സംവിധാനത്തെപ്പറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു.

മാനേജ്മെന്റിന്റെ ഭാഗത്തു ഭിന്നിപ്പ് ഉണ്ടാക്കിയോ അവരെ പല തട്ടിലാക്കിയോ ഒരു വിഭാഗത്തിന് ആനുകുല്യം നൽകി മറുവിഭാഗത്തെ തകർക്കുന്ന രീതി സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവാൻ പാടുള്ളതല്ല.

വിദ്യാഭ്യാസ പ്രശ്നത്തിന്റെ പേരിൽ യേശുക്രിസ്തുവിനെ വരെ വലിച്ചിഴയ്ക്കുന്ന രീതി അഭലക്ഷണീയമല്ല. ഒരു മതം ആരാധിക്കുന്ന ദൈവത്തെ തങ്ങളുടെ സ്വാർത്ഥത സംരക്ഷിക്കാൻ ഉപയോഗപ്പെടുത്തുന്നത് വേദനാജനകമാണ്. ഇന്ന് ഒരു വിഭാഗം മതമേലദ്ധ്യക്ഷൻമാരെ അധിക്ഷേപിക്കുന്ന രീതി ദു:ഖകരമാണ്. അനേക ഉന്നതമായ മൂല്യങ്ങൾ ഉയർത്തി പിടിച്ചു ജീവിക്കുന്നവരാണ് അവരിൽ പലരും

വിദ്യാഭ്യാസം രംഗം ഇന്ന് മൂല്യ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. പുതിയതായി ഉയർന്ന് വരുന്ന പല തീരുമാനങ്ങളും ഈ മേഖലയെ തകർക്കുന്നു എന്ന കാര്യം സംശയത്തോടെ നോക്കികാണുന്നവർ അനേകരാണ്.

വിദ്യാർത്ഥികൾ നന്നായി പഠിച്ച് പരീക്ഷ എഴുതി നല്ല രീതിയിൽ വിജയം കൈവരിക്കുന്നതാണ് കൂടുതൽ അഭിമാനകരം.

ക്രിതൃമ മാർഗങ്ങളിലൂടെ വിജയശതമാനം ഉയർത്തിയാൽ ഉള്ള പ്രയോജനം വിലയിരുത്തപ്പെടേണ്ടതാണ്. നമ്മുടെ മത്സരാർത്ഥികൾ ഇന്ന് പല പരീക്ഷകളിലും പിൻതള്ളപ്പെടാൻ കാരണം നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാവുന്ന തകർച്ചയാണ്. ക്രിതൃമമായി വിജയശതമാനം ഉയർത്തി താല്കാലിക നേട്ടം കാണിക്കാതെ ഭാവി തലമുറയുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന സമീപനമാണ് ഉണ്ടാവേണ്ടത്.


നമ്മുടെ നാട്ടിൽ തീരുമാനങ്ങൾ എടുക്കുന്നത് പലപ്പോഴും തൃതഗതിയിലാണ്. ഇതിന്റെ നന്മതിന്മകളെ കുറിച്ച് ശരിയായി വിലയിരുത്തപ്പെടുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുതുതായി വരുന്ന ഏകജാലകം അടക്കമുള്ള കാര്യങ്ങൾക്ക് കൂടുതൽ പഠനം ആവശ്യമാണ്.

വിദ്യാഭ്യാസ പരിഷ്കാരങ്ങളെ കണ്ണുമടച്ച് എതിർക്കുന്ന സമീപനം സഭകളും മാനേജുമെന്റുകളും സ്വീകരിക്കരുത്. കാലഘട്ടത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളാതെ മുൻപോട്ടുപോകാനാവില്ല.


സമൂഹത്തിലെ പാവപ്പെട്ടവരെ മുഖ്യ ശ്രേണിയിലേക്ക് കൊണ്ടുവരുവാൻ ഉള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ട്. അത് ശരിയായി ചെയ്യാൻ സാധിക്കുന്നുണ്ടോ എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. സ്ഥാപനങ്ങൾ സാമ്പത്തിക വളർച്ചയെ മാത്രം ലക്ഷ്യമാക്കാൻ പാടില്ല.

**ഷെവ. ബിബി എബ്രഹാം, കടവുംഭാഗം**

# ജന്മദിന ആശംസകൾ




മെയ് 2 അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലിത്ത



മെയ് 11 അഭി. കുര്യാക്കോസ് മോർ ദീയസ്ക്കോറോസ് മെത്രാപ്പോലിത്ത



മെയ് 21 ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ്




മെയ് 15 അഭി. മാത്യൂസ് മോർ അപ്രേം മെത്രാപ്പോലിത്ത



മെയ് 4 അഭി. മാത്യൂസ് മോർ തേവോദോസിയോസ് മെത്രാപ്പോലിത്ത

# ഗീവർഗീസ് മോർ ദീവന്നാസിയോസ് മെത്രാപ്പോലിത്താ 60 ന്റെ നിറവിൽ



സിംഹാസന പള്ളികളുടെ മെത്രാപ്പോലിത്തായും പ്രശസ്ത സുറിയാനി പണ്ഡിതനുമായ ഗീവർഗീസ് മോർ ദീവന്നാസിയോസ് മെത്രാപ്പോലിത്തായ്ക്ക് 60–തിന്റെ നിറവ്. 1948 മെയ് 5 ന് പാമ്പാടി വട്ടമലക്കുന്നേൽ കരിമ്പിൽ ഫീലിപ്പോസിന്റേയും മറിയത്തിന്റേയും പുത്രനായി ജനിച്ചു. പാമ്പാടി എം. ജി. എം. ഹൈസ്ക്കൂൾ, കോട്ടയം ബസേലിയോസ് കോളേജ് എന്നീ വിദ്യാലയങ്ങളിൽ പഠനം പൂർത്തീകരിച്ചു. പ്രശസ്ത സുറിയാനി പണ്ഡിതനായ കടവുംഭാഗത്ത് അലകസ്ന്ത്രയോസ് കോറെപ്പിസ്കോപ്പ, മഞ്ഞനിക്കര ദയറ തലവനായിരുന്ന പുണ്യശ്ലോകനായ മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലിത്താ എന്നിവരുടെ കീഴിൽ സുറിയാനി പഠനം നടത്തി. അപ്രേം ആബൂദി മോർ തീമോത്തിയോസ് മെത്രാപ്പോലിത്തായിൽ നിന്ന് ശെമ്മാശ പട്ടവും, പുണ്യശ്ലോകനായ പെരുമ്പള്ളി മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായിൽ നിന്ന് വൈദിക സ്ഥാനവും പുണ്യശ്ലോകനായ യൂലിയോസ് മെത്രാപ്പോലിത്തായിൽ നിന്ന് റമ്പാൻ സ്ഥാനവും സ്വീകരിച്ചു പ. പാത്രിയർക്കീസ് ബാവ ഇദ്ദേഹത്തിന് മ്ശബ്ലോനൊ തോബൊ എന്ന സ്ഥാനം നല്കി അനുഗ്രഹിച്ചു.

2000–ൽ ഇദ്ദേഹത്തിന്റെ ഭവനം പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവയുടെ നാമത്തിൽ ദയറയാക്കി. പ. ഗീവർഗീസ് സഹദായുടെ നാമത്തിൽ ചാപ്പലും സ്ഥാപിച്ചു. 2002 ഡിസംബർ എട്ടിന് പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ ഇദ്ദേഹത്തെ മോർ ദീവന്നാസിയോസ് ഗീവർഗിസ് എന്ന നാമധേയത്തിൽ മെത്രാപ്പോലിത്തയാക്കി. അങ്കമാലി ഭദ്രാസന സഹായ മെത്രാപ്പോലിത്തയായിരുന്ന ഇദ്ദേഹം തുടർന്ന് മഞ്ഞനിക്കര ദയറായുടെ സഹായ മെത്രാപ്പോലിത്തയായി.

2007 ഏപ്രിൽ 2 മുതൽ കോട്ടയം മുതൽ മഞ്ഞനിക്കര വരെയുള്ള സിംഹാസന പളളികളുടെ പൂർണ്ണ ചുമതലയുള്ള മെത്രാപ്പോലിത്തയാക്കി. സുറിയാനി പണ്ഡിതനായ തിരുമേനി സിറിയൻ ഓർത്തഡോക്സ് ഫോറം അടക്കമുള്ള വേദികളിൽ സജീവ സാന്നിധ്യമാണ്. തിരുമേനിയ്ക്ക് 60–ാം വയസ്സിന്റെ എല്ലാ ജന്മദിന നന്മകളും നേരുന്നു.

# ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്ക് ആസ്ട്രേലിയായിൽ ഊഷ്മളമായ സ്വീകരണം



ആസ്ട്രേലിയ: മെൽബൊൺ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപ്പള്ളിയിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുനാളിലും പള്ളിയുടെ രണ്ടാം വാർഷികത്തിലും പങ്കെടുക്കുവാൻ ഓസ്ട്രേലിയയായിൽ എത്തിച്ചേർന്ന യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കബാവായ്ക്ക് മെൽബൊൺ വിമാനത്താവളത്തിൽ വികാരി ഫാ. ഉല്ലാസ് വർക്കി വെട്ടിക്കുന്നേൽ ഫാ. ജോബി ജോൺ, വൈസ് പ്രസിഡന്റ് ജേക്കബ് ചെറിയാൻ, ട്രസ്റ്റി ജോയി അലക്സാണ്ടർ, സെക്രട്ടറി സജി കരിത്തനത്ത്, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ മറ്റ് സഹോദര സഭകളുടെയും മെൽബൊൺ മലയാളി സമൂഹത്തിന്റെയും ആഭിമുഖ്യത്തിൽ ഊഷ്മളമായ സ്വീകരണം നൽകപ്പെട്ടു. അനേക വാഹനങ്ങളുടെ അകമ്പടികളോടെ സെന്റ് അഫ്രേം സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിലേക്ക് സ്വീകരിച്ച് ആനയിച്ചു. തുടർന്ന് ആർച്ച് ബിഷപ്പ് ഡോന്നീസ് ഹേർട്ടുമായി ബാവ കൂടിക്കാഴ്ച നടത്തി. മെൽബൊൺ സെന്റ് ജോർജ്ജ് യാക്കോബായ പള്ളിയിൽ കുർബ്ബാനാനന്തരം കാതോലിക്ക ബാവയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ നടന്നു. ബാവ തിരുമനസ്സുകൊണ്ട് അടിലൈഡ് സെന്റ് മേരീസ്, സിട്നി സെന്റ് മേരീസ് എന്നീ ഇടവകകളിലും കുർബ്ബാന അർപ്പിച്ചു.

# ശെമ്മാശുപട്ടം നൽകി



അമേരിക്കൻ ഭദ്രാസനത്തിലെ, ടെക്സാസ് – ഡാളസ് സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ പോൾ സി. തോട്ടക്കാടിന് അഭി. യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്താ യൗഫദിയക്കിനോ പട്ടം നൽകി. ഡാളസ് സെന്റ് മേരീസ് പള്ളിയിൽ നടന്ന പട്ടം കൊട ശുശ്രൂഷയിൽ വന്ദ്യ ജോസഫ് സി. ജോസഫ് കോർ എപ്പിസ്കോപ്പ, ഫാ. ബൈജു ചാണ്ടി, ഫാ. ഷിനോജ് ജോസഫ്, ഫാ. വി.എം. തോമസ്, ഫാ. സാജു ജോർജ്, ഫാ. തോമസ് കോര, ശെമ്മാശന്മാർ എന്നിവരും നിരവധി ജനങ്ങളും സാക്ഷ്യം വഹിച്ചു.

അമേരിക്കൻ ഭദ്രാസന ട്രഷറാർ, കൗൺസിൽ മെമ്പർ തുടങ്ങി നിരവധി പദവികൾ വഹിച്ചിട്ടുള്ള ഡീക്കൻ പോൾ കണ്ടനാട് ഭദ്രാസനത്തിലെ ചെമ്പ് സെന്റ് തോമസ് പള്ളിയിടവകയിൽപെട്ട ശ്രീ. ചാക്കോയുടേയും, ശ്രീമതി അന്നമ്മ ചാക്കോയുടേയും ദ്വിതീയ പുത്രനാണ്. ശ്രീമതി ബെറ്റ്സി ഭാര്യയും, സരിത, സ്റ്റീവ് എന്നിവർ മക്കളുമാണ്. ഡീക്കൺ പോൾ സി. തോട്ടക്കാടിന് വിശ്വാസ സംരക്ഷകൻ പ്രവർത്തകരുടെ ആശംസകൾ.

# ഞൊടിയിടയിൽ സമാധാനം

## മീഡിയാ സ്കാൻ സൂഷ്മദൃക്

റവ. ഫാ. എം. ഒ. ജോൺ ‘മലങ്കര സഭാദീപം’ വാരികയിൽ ‘പടിപടിയായി സമാധാനം’ എന്ന ആശയത്തിൽ ഒരു യാഥാർത്ഥ്യ ബോധ്യം ഉൾക്കൊള്ളുന്ന ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു.‘വിശ്വാസ സംരക്ഷകൻ’ പത്രാധിപരും പ്രസ്തുത ലേഖനം പുനഃപ്രസിദ്ധീകരിച്ചിരുന്നത് വായനക്കാർ ശ്രദ്ധിച്ചുകാണുമല്ലോ. ആ ലേഖനവും അതിന്റെ ഉള്ളടക്കവും കാതോലിക്കാ പക്ഷം നേതൃത്വം വായിച്ച് ഉൾക്കൊള്ളുവാൻ തയ്യാറായാൽ അവർക്കും മറ്റുള്ളവർക്കും നല്ലത് എന്നു മാത്രം പറയുന്നു. സഹകരിക്കാവുന്ന മേഖലകളിൽ സഹകരണവും വിയോജിപ്പും ഉള്ള മേഖലകളിൽ വിയോജിക്കുവാനുള്ള യോജിപ്പും തർക്കമേഖലകളിൽ ഉഭയകക്ഷി ആലോചനകളോടെ പ്രശ്നപരിഹാരം പ്രാദേശികമായി കണ്ടെത്തുവാനുള്ള വീണ്ടു വിചാരമാണ് ഉണ്ടാകേണ്ടത്. കടമറ്റത്തും കോലഞ്ചേരിയിലും മലബാറിൽ പല സ്ഥലങ്ങളിലും പ്രായോഗികമായി കണ്ട ഈ മാതൃക പിന്തുടരുവാൻ കഴിഞ്ഞാൽ മതിയാകും. ഇന്നത്തെ ദൗർഭാഗ്യം ഇതിനുള്ള തുറന്ന മനസ്ഥിതി കാതോലിക്കാ പക്ഷത്തിനില്ല എന്നതാണ്. ആതാണ് കൂടുതൽ വൈരാഗി എന്നും പാത്രിയർക്കീസ് പക്ഷത്തെ ആക്ഷേപിക്കുവാൻ മുന്നിൽ നിൽക്കുന്നത് എന്ന മത്സരവും ആണ് കാതോലിക്കാ പക്ഷത്തു നടക്കുന്നത്. ദിദിമോസ് ബാവായും നിയുക്ത ബാവായും എല്ലാം ഈ വൈരാഗികളുടെ കൈയ്യിലെ വെറും ഉപകരണങ്ങൾ മാത്രം. പാത്രിയർക്കീസ് പക്ഷത്തെ വളരെ നിസാരരായും ‘വിഘടിതരായും’ ‘പുത്തൻകുരിശു സൊസൈറ്റിയായും’ ഒക്കെ വികൃതമായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോൾ സ്വന്തം അവലോകന പാടവും ധിക്ഷണയും ഒക്കെയാണ് പണയപ്പെടുത്തുന്നത് എന്ന് കാതോലിക്കാ പക്ഷത്തെ ചിലരെങ്കിലും തിരിച്ചറിയുന്നു എന്നതാണ് ജോണച്ചന്റെ ഈ ലേഖനം തെളിയിക്കുന്നത്.

എനിക്ക് ബ. അച്ചനോടുള്ള വിയോജിപ്പ് അച്ചന്റെ സമാധാനത്തിനുള്ള നീക്കം ‘പടിപടിയായി സമാധാനം’ എന്ന സമീപനത്തോടാണ്. മനസ്സു വെച്ചാൽ പടിപടിയായല്ല ഞൊടിയിടയിൽ സമാധാനം ഉണ്ടാകും താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളേണ്ടിവരും.

1. 1995 ജഡ്ജ്മെന്റിന്റെ യഥാർത്ഥ സാരാംശവും സാംഗത്യവും ഉൾക്കൊള്ളുക.
2. അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കര സഭയുടെ ആത്മിക പരമാദ്ധ്യക്ഷനായി തുടരുന്നു, എന്ന യാഥാർത്ഥ്യം അംഗീകരിക്കുക.
3. ഇടവക പള്ളികളിന്മേൽ ഇടവക പൊതുയോഗത്തിനുള്ള നിരുപാധിക പരമാധികാരം അംഗീകരിക്കുക.
4. ഇടവക പള്ളികളുടെ ഭൂരിപക്ഷ തീരുമാനങ്ങളെയും സ്ഥാപനോദ്ദേശ്യത്തെയും അംഗീകരിക്കുക.
5 പാത്രിയർക്കീസ് പക്ഷത്തിന്റെ പള്ളികളിൽ കേസുകളിലൂടെ കലഹം സൃഷ്ടിക്കുന്ന യത്നങ്ങളിൽ നിന്നും പൂർണ്ണമായും പിൻവാങ്ങുക
6. പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നവാനുള്ള പരസ്പര ആലോചനകൾക്കായി വാതിൽ തുറക്കുക.
7. പരസ്പരം സഹകരിക്കുന്ന സഹോദരങ്ങളായി മുന്നേറുവാൻ തക്കവണ്ണം രണ്ടു സഹോദരീ സഭകളായി അംഗീകരിക്കുവാൻ തയ്യാറാകുക.
8. കത്തോലിക്കാ സഭയിൽ മൂന്നു റീത്തുകൾ സ്വതന്ത്രമായും എന്നാൽ പരസ്പര സഹകരണത്തിലും പോകുന്നതുപോലെ ഇരുവിഭാഗങ്ങൾക്കും തങ്ങളുടെ തനിമകൾ നിലനിർത്തി പരസ്പരാദരവിൽ മുന്നോട്ടു പോകുവാൻ തയ്യാറാകുക.
9. ഞൊടിയിടയിൽ സമാധാനം ഉണ്ടാകുവാൻ ദൈവം ഇടയാക്കുവാൻ പ്രാർത്ഥിക്കാം.

## കൊടുവത്തിന്റെ ദുർഗതി

കെ. വി. ഏബ്രഹാം കൊടുവത്ത് മെത്രാൻ കക്ഷിക്കാരുടെ ആത്മായ വേദിയുടെ പ്രസിഡന്റാണ് അദ്ദേഹം. ഈ ലക്കം ആത്മായ വേദിയിൽ ഓർത്തഡോക്സ് സഭയുടെ ദുർവിധിയെ സംബന്ധിച്ച് ഒരു ലേഖനം എഴുതിയിട്ടുള്ളതു വായിച്ചു. ഓർത്തഡോക്സ് സഭയുടെ ദുർവിധിയായി പറയുന്നത് വായിച്ചപ്പോൾ എനിക്കു തോന്നുന്നത് ഈ ദുർവ്വിധി ആത്മായ വേദി പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ സഭാകാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കിയിരിക്കുന്ന അബദ്ധങ്ങളിലൂടെ നീങ്ങുന്ന ദുർഗതിയെക്കുറിച്ചാണ്.

## ദുർഗതികളുടെ ഭാഷണം ശ്രദ്ധിക്കുക

1. ഇന്ത്യയുടെ പരമോന്നത കോടതി മുതൽ എല്ലാ കോടതികളും ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി വിധികളെഴുതി.
2. ശ്രേഷ്ഠ നേതൃത്വമാണ് ഓർത്തഡോകസ് സഭയ്ക്കുള്ളത്.
3. പാത്രിയർക്കീസ് പക്ഷം കേരള സർക്കാരിന്റെ പിന്തുണയോടെ തൃക്കുന്നത്തു സെമിനാരിയിൽ അതിക്രമിച്ചു കയറി. പോലീസ് വാഹനത്തിലാണ് ഇവർ കബറിനടുത്തെത്തിച്ചത്.
4. മലങ്കര സഭയിലെ പള്ളികളിലും സ്ഥാപനങ്ങളിൽ കർമ്മങ്ങൾ നടത്തുന്നതിനും പട്ടക്കാരെ വാഴിക്കുന്നതിനും ഭരണകാര്യങ്ങളിൽ ഇടപെടുന്നതിനും (തോമസ് മോർ ദീവന്നാസ്യോസ് തുടങ്ങിയ ) കേസിലെ പ്രതികളെ ശാശ്വതമായി നിരോധിക്കുന്നു.
5. മേൽപറഞ്ഞ നിരോധന വിധി നടപ്പാക്കുവാൻ കെ. ജോർജ്ജും, സി. റ്റി. ജോസഫും ആവശ്യപ്പെട്ടത് സഭാനേതൃത്വം അവഗണിച്ചു.
6. അല്പബുദ്ധികൾ പോലീസ് സഹായ റിട്ട് ഹർജി ഫയൽ ചെയ്തു.
7. സിവിൽ കേസിലൂടെ പരിഹാരം കാണണമെന്ന്കോടതി നിർദ്ദേശിച്ചു.
8. കുലീനതയും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സുഖലോലുപതയിൽ കഴിയുന്ന സഭാ നേതൃത്വം ഈ സഭയെ സർവ്വ നാശത്തിലേക്കു നയിക്കും.
9. വിഘടിതർ രെട്ടിലും, വെണ്ണീറിലും വീണ് പടിവാതിക്കൽ ഊഴം കാത്തു നിൽക്കണമെന്ന് പറയുന്നവർ മൂഢസ്വർഗ്ഗത്തിലാണ്.

മേൽ പറഞ്ഞ കാര്യങ്ങൾ എഴുതിയവന്റെ ദുർഗതിയും അവരുടെ സഭയുടെ ദുർവിധിയും ഓർത്താൽ ആർക്കാണ് സഹതാപം തോന്നാത്തത്. ശ്രീമാൻ കൊടുവത്ത് ഏബ്രഹാം ഇനിയെങ്കിലും 1995ലെ സുപ്രീം കോതി വിധികളും അനുബന്ധ വിധികളും ഒന്നു സ്വതന്ത്രമായി വായിക്കുവാൻ അപേക്ഷ. കുടുംബക്കാരൻ കെ. ജോർജ് വക്കീൽ എഴുതിയിട്ടുള്ള വിധി വ്യാഖ്യാനം എന്ന ഏകപക്ഷീയ രേഖകൾ വിട്ട് കോടതി വിധി നേരിട്ടു നയിക്കുക. അപ്പോൾ മനസ്സിലാകും 1995 വിധിയും അനുബന്ധ നിർദ്ദേശങ്ങളും ഒരു പക്ഷത്തിനു മാത്രം അനുകൂലമായിട്ടുള്ള വിധിയല്ല എന്നത്. മുൻ പറഞ്ഞ 1, 4 ഖണ്ഡികകൾ ന്യൂനപക്ഷ വിധിയെഴുതിയ ജന. സഹായിയുടെ നിയമ പ്രാബല്യമില്ലാത്ത വിധി ന്യായത്തിൽ നിന്നുമുള്ള ഉദ്ധരണിയാണ് കെ. ജോർജ് ഇതൊക്കെ ആണയിട്ട് മനോരമയിൽ പരസ്യം നൽകി നിങ്ങളെ തെറ്റിദ്ധരിപ്പിച്ചതിന്റെ ദുർവിധിയും അതുവഴി നിങ്ങൾക്കുണ്ടായ ദുർഗതിയുമാണിത്. 1995 വിധി നടത്തിയെടുക്കുവാൻ തോമസ് മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ കേരള ഹൈക്കോടതിയിൽ വിധി നടത്താൻ ഹർജി കൊടുത്തപ്പോൾ അതിനെ എതിർത്ത വക്കീൽ പ്രതിഭകളാണ് കെ. ജോർജ്ജും, സി. റ്റി. ജോസഫും അവരോടോ കോടതിവിധി വായിച്ചിട്ടുള്ള മൂവാറ്റുപുഴ – മണ്ണുത്തി ബിഷപ്പാന്മാരോടോ നിങ്ങൾ ചോദിച്ചാൽ സത്യം മനസ്സിലാക്കാം! അവരോടു രഹസ്യമായി ഈ സത്യങ്ങൾ ചോദിച്ചതിനു ശേഷം മതിയാകും ഇനിയത്തെ ദുർവിധി ചമക്കൽ എന്നോർമ്മിപ്പിക്കുന്നു.

ഓർത്തഡോക്സ് സഭയുടെ നേതൃത്വം വളരെ ശ്രേഷ്ഠമാണെന്ന് ആമുഖമായി പറയുന്ന ഏബ്രഹാം സ്വയം അവസാനം തീർപ്പു കല്പിക്കുന്ന 8–ാം ഖണ്ഡികയായി വായിക്കുമ്പോൾ ഈ സഭയുടെയും ലേഖകന്റെയും ദുർവ്വിധി എത്ര കഠിനമാണെന്നും നമുക്കും മനസ്സിലാകും. സർവ്വ നാശത്തിലേക്കു നയിക്കുവാനുള്ള ശ്രേഷ്ഠതയാണ് ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിന്റേത് എന്ന് കൊടുവത്ത് സാർ പറയുമ്പോൾ ഈ സൂഷ്മദൃക് കൂടുതലായി എന്തു പറയുവാൻ ഈ ആത്മാവിനു കൂട്ടായിരിക്കേണമേ!!!

തൃക്കുന്നത്തു സെമിനാരിയിൽ കയറിയ ബാവായുടെ ‘ഇന്നോവ’ കാറിൽ വന്നിറങ്ങുന്നതും ഒക്കെ ചാനലുകളിലും വിശ്വാസ സംരക്ഷകനിലും ചിത്രങ്ങൾ സഹിതം കണ്ട വായനക്കാർക്ക് ഇദ്ദേഹത്തിന്റെ ഈ പ്രസ്താവനയുടെ അപഹാസ്യത മനസ്സിലാകും എന്നു വിശ്വസിക്കുന്നു.

7–ാം ഖണ്ഡികയിൽ ശ്രീമാൻ ഏബ്രഹാം പറയുന്നത് ഒരു സത്യപ്രസ്താവനയാണ്. ഇപ്പോഴത്തെ നിയമപരമായ അവസ്ഥ ഒരു സമുദായക്കേസും വിധിനടത്തലിനു കിടപ്പില്ല. സിവിൽ കേസിലൂടെ ഇനിയും അവകാശങ്ങൾ നേടിയെടുക്കാം. 2–ാം സമുദായക്കേസ് അവസാനിച്ചു. ഇനി മൂന്നാമത് തുടങ്ങാം. അങ്ങനെയൊരു ദുർവ്വിധി ഉണ്ടെങ്കിൽ ! അല്ലെങ്കിൽ രമ്യമായ ഒരു പരിഹാരം ഉണ്ടാക്കാം! ദുർഗതി എവിടെ കൊണ്ടെത്തിക്കും എന്നു കണ്ടറിയാം!

## പൊട്ടക്കാവേലിയുടെ ‘പോഷത്തങ്ങൾ’

ഓർത്തഡോക്സ് സഭയുടെ ആത്മായ വേദി എന്ന ഈർക്കിലി സംഘടനയുടെ ആഗോള തലത്തിൽ ഏറ്റവും വായനക്കാരുള്ളതെന്ന് സ്വയം അവകാശപ്പെടുന്ന ഒരു മാധ്യമമാണ് ആത്മായ വേദി. അതിന്റെ ഏഡിറ്റർ സ്ഥാനത്തു വിരാജിക്കുന്ന അതുല്യ പ്രഭയാണ് പീലിപ്പോസ് പൊട്ടയ്ക്കാംവേലി എന്ന എഡിറ്റർ. ഈ ലക്കത്തിൽ അദ്ദേഹം ലേഖന വിഷയമാക്കിയിരിക്കുന്നത് ഡോ. ബാബു പോൾ പാത്രിയർക്കീസ്ബാവായുടെ ജന്മദിനം പ്രമാണിച്ച് മനോരമയിൽ എഴുതിയ ലേഖനത്തെ മുൻനിർത്തി വിദ്വേഷവും വിഷവും ചിതറിയിരിക്കുന്നു. ഈ കുറിപ്പിൽ മുൻ നിൽക്കുന്നത് മനോരമ വിരോധമാണോ, പാത്രിയർക്കീസ് വിദ്വേഷമാണോ എന്നു മാത്രമേ സംശയമുള്ളൂ. ബാബു പോളും ലേഖനവും മനോരമയെ പാത്രിയർക്കീസിനെയും തല്ലാനുള്ള ഒരു മറ മാത്രം.! പ. പാത്രിയർക്കീസ് ബാവാ വിശുദ്ധ മോർ തോമശ്ലീഹായെ തുബ്ദേനിൽ ഉൾപ്പെടുത്തി പത്രോസിനും പൗലോസിനും ഒപ്പം അനുസ്മരിക്കുവാൻ ക്രമീകരിച്ചതിലും പൊട്ടക്കാവേലിക്കു സഹിച്ചിട്ടില്ല.! മോർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് എഡേസായിലേക്ക് 395–ൽ കൊണ്ടുപോയതും ഈ ബാവാ അതുകണ്ടെത്തിയതും ഒരംശം മലങ്കര സഭയ്ക്കു ലഭിച്ചതും ഔഗേൻ ബാവാ അത് ആഘോഷപൂർവ്വം കൊണ്ടുവന്നതും ഒക്കെ പൊട്ടയ്ക്കാവേലിയുടെ ‘വാഴ്ച’ കാലത്തായിരുന്നുവെങ്കിൽ കശക്കി എറിയുമായിരുന്നു എന്നു തോന്നുന്നു.! എന്തു ചെയ്യാം. ദൈവം ഈ നിയോഗങ്ങൾക്കെല്ലാം തെരഞ്ഞെടുത്തത് സാഖാ പ്രഥമൻ ബാവായെ ആയിരുന്നു. ഇപ്രകാരം തിരുശേഷിപ്പ് എഡേസായിലും പിന്നീട് ബാഗ്ദാദിലും അവിടുത്തെ സെന്റ് തോമസ് കത്തീഡ്രലിലും ഒക്കെ പ്രതിഷ്ഠിച്ചതിന്റെ പേരിൽ പൊട്ടയ്ക്കാവേലിയും വേദിയും ചേർന്ന് മ്ശിഹാ തമ്പുരാന്റെ പേരിലും വി. തോമ്മാശ്ലീഹായുടെ പേരിലും ലേഖനം എഴുതുവാൻ സാധ്യതയുണ്ട്. മോർ തോമായുടെ ‘സിംഹാസനത്തിൽ ’ കഞ്ഞിക്കുഴിയിലൊരു ആഗോള തലവൻ ‘ആരുഢനായിരിക്കുമ്പോൾ’ തോമാശ്ലീഹായുടെ തിരുശേഷിപ്പ് കണ്ടെത്തുവാനും തുബ്ദേനിൽ പേര് ചേർക്കാനും പാത്രിയർക്കീസിന് എന്ത് കാര്യം? തോമാശ്ലീഹായെ സംബന്ധിക്കുന്ന കാര്യങ്ങൾ എഴുതാൻ ബാബുപോളിനെന്തു കാര്യം? താമസിയാതെ ഡമാസ്കസിലെ പാത്രിയർക്കാ ആസ്ഥാനത്തിന്റെ അഡ്രസ്സിലെ ‘ബാബ് തോമാ’ (തോമായുടെ വാതിൽ) എന്നതുമാറ്റാനും പൊട്ടക്കാവേലിയുടെ സിംഹാസനത്തിൽ നിന്നും നിർദേശം ഉണ്ടാകാം.! ആരെങ്കിലും എന്തെങ്കിലും എഴുതുന്നെങ്കിൽ 203–ാം നമ്പർ കല്പന, തോമായെ കപ്യാർ എന്നു വിളിച്ചു എന്നൊക്കെ മാത്രമേ എഴുതാവൂ എന്നും അനുബന്ധം ചേർക്കുവാനിടയുണ്ട്. ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ പൊട്ടക്കാവേലിക്കു കൗതുകം.!

പൊട്ടക്കാവേലിയുടെ മറ്റൊരു ശീർവാണം കൂടിയുണ്ട്.! പ. പാത്രിയർക്കീസ് ബാവ ലോക സഭാ കൗൺസിൽ പ്രസിഡന്റായതിന്റെ ‘ഗുട്ടൻസ്’ പുറത്തു വിട്ടിരിക്കുന്നതായി ഇദ്ദേഹം ഭാവിക്കുന്നു. അന്ത്യോഖ്യാ പാത്രിയർക്കാസ്ഥാനത്ത് പ്രഭാപൂർവ്വം പരിസലിച്ചിരുന്ന പരിശുദ്ധ പിതാവിനെ ലോകസഭാ കൗൺസിൽ പ്രസിഡന്റ് സ്ഥാനത്ത് കോട്ടയം സെമിനാരി പ്രിൻസിപ്പൽ സ്ഥാനത്തിരിക്കുന്ന അച്ചൻ നിർദ്ദേശിച്ചതുകൊണ്ടാണത്രേ അവരോധിച്ചത്. അതും തെയോഫിലോസ് തിരുമേനിയും ഗ്രീഗോറിയോസ് തിരുമേനിയും ഇദ്ദേഹത്തിൽ ‘പ്രതീക്ഷ’ വച്ചിരുന്നതുകൊണ്ടാണത്രേ! ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രതീക്ഷകൾ ഒക്കെ 1982–ലെ പാത്രിയർക്കാ സന്ദർശന വേളകളിൽ ലേഖനമായും ഒരു പുസ്തകമായും ഇറക്കിയിട്ടുണ്ട് എന്നു തന്നെയല്ല, ഇവർ രണ്ടു പേരും ‘മലങ്കര ആഗോള’ സഭാദ്ധ്യക്ഷനെ പ്രസിഡന്റാക്കാതെ കപ്യാരു ‘പ്രഖ്യാപനം’ നടത്തിയ പാത്രിയർക്കീസിനെ തള്ളിപ്പറയാത്ത പിൻഗാമിയെതന്നെ പ്രസിഡന്റാക്കുവാൻ മുന്നിട്ടിറങ്ങിയതും പൗരുഷമില്ലാത്ത നസ്രാണിത്തമായിപ്പോയി! പൊട്ടക്കാവേലി ഇപ്പോഴും അജ്ഞതയുടെ പൊട്ടക്കുഴിയിലാണ് കിടക്കുന്നതെന്നും ലോകസഭകളുടെ ഇടയിൽ ഈ ‘കഞ്ഞിക്കുഴി സഭ’ ഒരു ‘പൊട്ടക്കുളം’ ആണെന്നും തിരിച്ചറിയുക.! കത്തോലിക്കാ സഭയുടെ ഒരു രൂപതയുടെ ആൾബലമോ, വിഭവശേഷിയോ, പള്ളികളോ ഇല്ലാത്ത ഈ ആഗോള സഭയുടെ തലവൻ മാർപ്പാപ്പായോട് ഒരിക്കൽ ഞാൻ കോട്ടയത്തിന്റെ മാർപ്പാപ്പാ ആണെന്നും തട്ടിവിട്ട് സിംഹാസത്തിൽ ഒന്നുകൂടി നിവർന്നിരുന്നപ്പോൾ പാപ്പാ തന്നെ പറഞ്ഞു “You are the pope of Kottayam”! ഇതിന്റെ സാംഗത്യം പോലും പരിശോധിക്കാതെ അതു ഭൂഷണമായി വിളിച്ചു കൂവുന്ന നേതൃത്വവുമായി നോക്കിയാൽ പൊട്ടയ്ക്കാവേലിയും ആത്മായ വേദിയും എത്രയോ ഭേദം.! നാണവും മാനവുമില്ലാത്തവന്റെ മൂട്ടിൽ ആലു കിളിർത്താൽ അതും മാനമായി കരുതി ആ ആലിൻ കൂടുകെട്ടി പാർപ്പിക്കുന്ന അല്പന്മാരെക്കുറിച്ച് ഇതല്ലാതെന്തു പറയുവാൻ.!

ആത്മായ വേദിയുടെ പ്രവർത്തകരായ ഓർത്തഡോക്സ് റ്റി. വി.യ്ക്കു വേണ്ടി ഒരു സുപ്രധാന രേഖ പുറത്തിറക്കിയിട്ടുണ്ട്. മൂന്നു സഭാ പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുന്നതിൽ ഏറ്റവും കൂടുതൽ ‘ഹിറ്റ്സ്’ ഉള്ളത് ആത്മായ വേദിക്കും അതു കഴിഞ്ഞാൽ ‘ഓർത്തഡോക്സ് ഹെറാൾഡിനും’ ആണ്. വിശ്വാസ സംരക്ഷകൻ വായനക്കാർ വളരെക്കുറവായതുകൊണ്ട് സഭയിലെ ഭൂരിപക്ഷം അംഗങ്ങളും ദേവലോക സഭാംഗങ്ങൾ ആണെന്നും കൂടി ഈ താരതമ്യക്കാരൻ അടിച്ചുവിട്ടിട്ടുണ്ട്. മാസം രണ്ടു ലക്കം മാത്രം പ്രസിദ്ധീകരിക്കുന്ന വിശ്വാസ സംരക്ഷകനും ആഴ്ചയിൽ മൂന്നു ലക്കങ്ങൾ ഇറങ്ങുന്ന ഹെറാൾഡും ഒരു മാസം അനേകം ബുള്ളറ്റിനുകളും അനുദിന വാർത്തകളും ഒക്കെ അപ്ഡേറ്റു ചെയ്തുകൊണ്ടിരിക്കുന്ന ഓർത്തഡോക്സ് ടിവിയും ‘ഹിറ്റ്സിൽ’ താരതമ്യപ്പെടുത്തിയ അന്വേഷണം ആത്മായ വേദിക്കു ആത്മസുഖം നൽകിയെങ്കിൽ അത്രയുമാകട്ടെ! ആഗോള സഭയുടെ ആളെണ്ണൽ നടപടിക്ക് ഇതും ഒരു പ്രബലനായ കോട്ടയായിരിക്കട്ടെ! വല്ലഭനു പുല്ലും ആയുധം! എന്നാണല്ലോ പ്രമാണം?ഇവിടൊരു പാഠഭേദം ഉള്ളത് അല്പനു പുല്ലും ആയുധം.!

## ഇലഞ്ഞിക്കൽ പോച്ച

മലങ്കര ഓർത്തഡോക്സ് സഭയുടെ ദേവലോക വിദ്വാന്മാരിൽപ്പെട്ട റിട്ടയാർഡർമാരിൽ ഒരാളാണ് പ്രൊഫസർ ആയിരുന്ന ഇലഞ്ഞിക്കൽ ജെ. ജോൺ. ആദ്ദേഹം അങ്ങനെയിരിക്കുമ്പോൾ ചില വെളിപ്പെടുത്തലുകളുമായി മാധ്യമങ്ങളിൽ ഒന്നു വിലസാറുണ്ട്. 2000 പള്ളികൾ, 25 ലക്ഷം വിശ്വാസികൾ, ആഗോള സഭ, ഏറ്റം വലിയ ജനാധിപത്യം എന്നെക്കെയാണ് സാധാരണ ഔദ്ധത്യ പ്രഖ്യാപനങ്ങൾ! പക്ഷേ അടുത്തയിടെ 10 ഹെറാൾഡിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത് ഒരു പുതിയ വിഷയവുമായാണ്! സംഗതി വളരെ പഴയതായത്.! 1665 വന്ന അബ്ദ്ദുൾ ജലീൽ ബാവ മലങ്കര സഭയ്ക്ക് വളരെ പ്രിയപ്പെട്ടവനാണ് എന്നൊക്കെ വെളിപ്പെടുത്തുന്നു. അബ്ദുൾ ജലീൽ ബാവായ്ക്കു മുമ്പ് വന്ന് കടലിൽ കെട്ടിത്താഴ്ത്തിയ അഹത്തുള്ള ബാവായും ഗ്രീഗോറിയസ് ബാവായ്ക്കു ശേഷം വന്ന യൽദോ ബാവായും ഈവാനിയോസ് തുടങ്ങിയവരൊന്നും ഇദ്ദേഹത്തിന്റെ നോട്ടത്തിൽപ്പെടുന്നില്ല. കാരണം. ഇവർക്കൊന്നും ഇലഞ്ഞിക്കലെ മുറ്റത്ത് ചാപ്പലില്ല എന്നതു തന്നെ. അബ്ദുൾ ജലീൽ ബാവായുടെ നാമത്തിൽ തറവാട്ടു മുറ്റത്ത് ഒരു ചാപ്പൽ ഉള്ളതുകൊണ്ട് അദ്ദേഹത്തെ ഒന്നു വാഴ്ത്താൻ തന്നെ ഈ റിട്ടയാർഡ് പ്രൊഫസർ തീരുമാനിച്ചു. മാർത്തോമ്മ ഒന്നാമനെ മഹാ പൗരോഹിത്യ സ്ഥാനം നൽകി ‘പാരതന്ത്ര്യത്തിലായിരുന്ന അർക്കദിയാക്കോൻ സ്ഥാനത്തിനു’ മുക്തി നൽകി ഒരു പുതിയ കാലഘട്ടത്തിനു നാന്ദി കുറിച്ചു എന്ന് ഒരു സത്യം അദ്ദേഹം അറിയാതായിരിക്കണം എഴുതി പോയിട്ടുണ്ട്.! അതിനു മുമ്പ് ഇവിടെ

(ശേഷം 6–ാം പേജിൽ)



# പുതുപ്പള്ളി പാത്രിയർക്കാ സെന്ററിൽ വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ ചടങ്ങുകളുടെ ദൃശ്യങ്ങൾ



# മോർ ഗ്രിഗോറിയൻ ധ്യാന മന്ദിരം



കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ അഭി.തോമസ് മോർ തീമോത്തിയോസ് തിരുമനസ്സിന്റെ ആത്മീയ നിയന്ത്രണത്തിൽ നയിക്കപ്പെടുന്ന പ്രസ്ഥാനമാണ് മോർ ഗ്രിഗോറിയൻ സെന്റർ. സെന്ററിന്റ നേതൃത്വത്തിൽ സാധുജന സംരക്ഷണാർത്ഥം മോർ ഗ്രിഗോറിയൻ ഷെയറിംഗ് മിനിസ്ട്രറി എന്ന പ്രസ്ഥാനം പ്രവർത്തിച്ചു വരുന്നു.മോർ ഗ്രിഗോറിയൻ ധ്യാന മന്ദിരത്തിൽ ഒരാഴ്ച്ച നീണ്ടുനിൽക്കുന്ന താമസിച്ചുള്ള ധ്യാനങ്ങൾ നടന്നുവരുന്നു. ഇപ്പോൾ വിദേശ രാജ്യങ്ങളിൽ താമസിക്കുന്ന സഭാമക്കൾക്ക് തങ്ങളുടെ മാതാപിതാക്കന്മാരെ സുരക്ഷിതമായി താമസിപ്പിക്കുവാൻ ആവശ്യമായ ക്രമീകരണം എന്ന നിലയിൽ ഒരു ഓൾഡേജ് ഹോം നിർമ്മാണമാരംഭിച്ചിരിക്കുന്നു. വിദേശരാജ്യങ്ങളിലേക്ക് പോകേണ്ടിവരുന്ന സഭാമക്കളുടെ മാതാപിതാക്കന്മാർ, നാട്ടിൽ ദേവാലയ ആരാധനകളിൽ പോലും പങ്കെടുക്കാൻ സാധിക്കാതെ ഏകാന്തതയിൽ കഴിയുന്ന സാഹചര്യം ഏറെ വർദ്ധിച്ചിട്ടുണ്ട്. ഒരു ദേവാലയാന്തരീക്ഷത്തിൽ താമസിച്ചും, ആരാധനകളിൽ പങ്കെടുത്തും, ആത്മീയ അന്തരീക്ഷത്തിൽ ജീവിച്ചും തങ്ങളുടെ വാർദ്ധ്യകാലം ചെലവഴിയ്ക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ഈ വൃദ്ധസദനം ഏറെ പ്രയോജനകരമാണ്. ഈസ്ഥാപനത്തിൽ അംഗങ്ങളാകുന്നവർക്ക് ആത്മീക,സാമൂഹിക,ഇതരശുശ്രൂഷരംഗങ്ങളിൽ പ്രവർത്തിക്കുവാൻ വളരെയധികം അവസരങ്ങൾ ക്രമീകരിച്ചിരിക്കുന്നു. ഈ സ്ഥാപനത്തിൽ പ്രവേശനമാഗ്രഹിക്കുന്നവർ ബന്ധപ്പെടുക ഫോൺ നമ്പർ ; 2545050, 6523313, 9249978068

# മർത്തമറിയം വനിതാ സമാജം കോട്ടയം ഭദ്രാസന വാർഷികസമ്മേളനം



മർത്തമറിയം വനിതാസമാജം കോട്ടയം ഭദ്രാസന വാർഷികം അരീപ്പറമ്പ് സെന്റ്മേരീസ് പള്ളിയിൽ നടന്നപ്പോൾ മെത്രാപ്പോലിത്തന്മാരായ തോമസ് മോർ തീമോത്തിയോസ്, കുറിയാക്കോസ് മോർ യൗസേബിയോസ്, കിഴക്കേടത്ത് കുറിയാക്കോസ് കോർ എപ്പിസ്കോപ്പ, ഫാ. ഉലഹന്നാൻ പാറപ്പാട്, ഫാ. തോമസ് കുര്യൻ ശ്രീമതി. മേരിക്കുട്ടി മാത്യു എന്നിവർ വേദിയിൽ

മർത്തമറിയം വനിതാസമാജം കോട്ടയം ഭദ്രാസന വാർഷികം അരീപ്പറമ്പ് സെന്റ്മേരീസ് പള്ളിയിൽ മെയ് 24 വ്യാഴാഴ്ച നടത്തപ്പെട്ടു. രാവിലെ വൈസ് പ്രസിഡന്റ് റവ. ഫാ.കുറിയാക്കോസ് മണലേചിറയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എസ്സ്. ബി. കോളേജ് മുൻ പ്രിൻസിപ്പൽ ഫാ. ടോം. കുന്നുംപുറം ധ്യാനപ്രസംഗം നടത്തി.

ഉച്ചയ്ക്ക് ശേഷം അഭി. കുറിയാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലിത്ത അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലിത്ത ഉത്ഘാടനകർമ്മം നിർവഹിച്ചു. കിഴക്കേടത്ത് കുറിയാക്കോസ് കോർ എപ്പിസ്കോപ്പ, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഉലഹന്നാൻ പാറപ്പാട്, റവ. ഫാ. തോമസ് കുര്യൻ ശ്രീമതി. മേരിക്കുട്ടി മാത്യു എന്നിവർ ആശംസകൾ അർപ്പിച്ചു. കോട്ടയം ഭദ്രാസനത്തെ അഞ്ച് ഗ്രൂപ്പായി തിരിച്ചാണ് പ്രവർത്തിക്കുന്നത്. ഓരോ ഗ്രൂപ്പിലെയും പ്രസിഡന്റും വൈദീകരും സന്നിഹിതരായിരുന്നു. വി. മർത്തമറിയം വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ പെൻഷൻ സ്കീം, വൈദ്യസഹായം, വിദ്യാഭ്യാസ സഹായം ഇവ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വനിതാസമാജത്തിൽ പ്രവർത്തിച്ചിട്ട് ഇപ്പോൾ സമാജത്തിൽ വരാൻ പാടില്ലാത്താവരും, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമായ സമാജാഗംങ്ങൾക്ക് വാർദ്ധക്യകാല പെൻഷൻ അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പൊലീത്താ ഉത്ഘാടനം ചെയ്തു. വാർഷിക സമ്മേളനത്തിൽവച്ച് 30 പേർക്ക് പെൻഷൻ നൽകി. കൂടാതെ സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിലേക്കായി സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന രണ്ട് സമാജഗംങ്ങൾക്ക് തയ്യൽ മിഷ്യൻ വിതരണം ചെയ്തു. ഭദ്രാസന വനിതാ സമാജ സെക്രട്ടറി ശ്രീമതി. അമ്മിണി എബ്രഹാം കൃതജ്ഞത രേഖപ്പെടുത്തി.

## മീഡിയസ്കാൻ സൂഷ്മദൃക്

(5–ാം പേജിൽനിന്നു തുടർച്ച)


ഉണ്ടായിരുന്ന ഇതര സഭാധ്യക്ഷന്മാർ ആരും തന്നെ മലങ്കരയുടെ അർക്കദിയാക്കോന് ഭൗതികാധികാരം അല്ലാതെ ആത്മീയാധികാരം നല്കിയിരുന്നില്ല എന്നും അന്ത്യോഖ്യൻ പിതാക്കന്മാർ വീണ്ടും വന്നു തുടങ്ങിയപ്പോഴാണ് മഹാപ്രധാനാചാര്യത്വവും നൽകി അർക്കദിയാക്കോനെ സഭാധികാരിയാക്കിയതെന്നു തുറന്നു സമ്മതിച്ചതിനു പ്രത്യേകം നന്ദി. അന്ത്യോഖ്യൻ പിതാക്കന്മാർ പിടിച്ചടക്കുവാൻ വന്നവരും വിദേശാധിപത്യം കൊണ്ടുവന്നവരും ഒക്കെ ആയിരുന്നു എന്ന് നിർലജ്ജം എഴുതി വിടുന്നവർ അവരുടെ ലക്ഷ്യം വിശുദ്ധ സഭയുടെ ശ്രേഷ്ഠതയും നിലനിൽപ്പും ആയിരുന്നു എന്നു സമ്മതിച്ചു തന്നതിനു നന്ദി. ഇനി മറ്റു ചില പരാമർശനങ്ങൾ നോക്കാം.

1. മലങ്കര സഭയ്ക്കു കടപ്പാടുള്ള രണ്ടു പാത്രിയർക്കീസുന്മാരാണുള്ളത്. ഒന്ന്, അബ്ദുൾ ജലീൽ ബാവാ, രണ്ട് : അബ്ദുൾ മ്ശിഹാ ബാവാ.
2. ഏപ്രിൽ 27നു അബ്ദുൾ ജലീൽ ബാവായുടെ ഓർമ്മയ്ക്കു കാര്യമായ പങ്കു വഹിക്കുവാൻ കഴിയുന്നില്ല.
3. ഇലഞ്ഞിക്കൽ വീട്ടുമുറ്റത്ത് ആഘോഷിക്കുന്നുണ്ട്.

മലങ്കര സഭയ്ക്ക് ഒന്നാം ഖണ്ഡികയിൽ പറയുന്ന രണ്ടു പാത്രിയർക്കീസന്മാരോടാണ് കടപ്പാട് എന്നു പറയുന്നത് എത്രയോ ഭാഗികമായ സത്യവും അർത്ഥസത്യവും അസത്യവും കൂടിച്ചേരുന്നതാണ്. അബ്ദുൽ ജലീൽ ബാവായെ അംഗീകരിച്ചതിൽ സന്തോഷം അത് ഇലഞ്ഞിക്കലെ വീട്ടുമുറ്റത്തെ ചാപ്പൽ വഴിയാണെങ്കിൽ അത് അതിരു കടന്ന അഹങ്കാരവും അല്പത്വവുമാണ്. അദ്ദേഹത്തിന്റെ മാഹാത്മ്യം സ്വന്ത ജീവൻ തന്നെ മലങ്കരയ്ക്കായി സമർപ്പിക്കുവാൻ സന്നദ്ധനായി വന്ന് പൗരോഹിത്യവും വിശ്വാസ വീണ്ടെടുപ്പും നൽകി എന്നതാണ്. കബറിടം പാത്രിയർക്കീസ് പക്ഷത്തിന്റെ കൈവശമായതുകൊണ്ട് സഭ ഓർമ്മയിൽ പങ്കെടുക്കുന്നില്ല എന്ന പ്രസ്താവന എത്രയോ ബാലിശമാണ്. അഹത്തള്ളാ ബാവായുടെ പെരുന്നാൾ ആഘോഷിക്കുന്ന എത്രയോ പള്ളികളുണ്ട്. കല്ലടയാറ്റിൽ മുങ്ങി മരിച്ച അന്ത്രയോസ് ബാവായെ ആദരിക്കുന്ന പള്ളികളില്ലേ? എന്തിന് അബ്ദുൾ മ്ശിഹായെ കബറടക്കിയിരിക്കുന്നത് കുർക്കുമ ദയറായിലെ കബറിൽ ആയതുകൊണ്ട് അദ്ദേഹത്തെ അനുസ്മരിക്കുന്നില്ലേ. അബ്ദുൾ മ്ശിഹായോട് മലങ്കര സഭ കടപ്പെട്ടിരിക്കുന്നു എന്ന പ്രസ്താവന തന്നെ എത്ര ചരിത്രവിരുദ്ധവും പാപ്പരത്തവും നിറഞ്ഞതാണ്.! കാനോനിക പാത്രിയാർക്കീസായിരുന്നപ്പോൾ കാതോലിക്കാ സ്ഥാനം ആവശ്യപ്പെടുന്നവർ ത്രിത്വനാമത്തിൽ ശപിക്കപ്പെട്ടവനായിരിക്കുമെന്ന് കോനാട്ട് മല്പാന് എഴുതി അയച്ച അദ്ദേഹം ചിത്തഭ്രമം ബാധിച്ച് മുടക്കപ്പെട്ടതിനുശേഷം മലങ്കരയിൽ ഒളിച്ചുവന്ന് എം. എ. അച്ചൻ എഴുതിയ പ്രമാണങ്ങളിൽ ഒപ്പും വെച്ച് അഭിഷേക നാടകങ്ങളിൽ മുഖം കാണിച്ചും അനൗചിത്യങ്ങൾ കാണിച്ചും മടങ്ങിപ്പോയ വ്യക്തി കടപ്പെട്ടിരിക്കുന്നത് കപട നാടകങ്ങൾക്കാണ്, കാനോനിക നടപടികൾക്കല്ല, മുടക്കപ്പെട്ട പാത്രിയർക്കീസും മെത്രാനും ചേർന്നാൽ മറ്റൊരു മെത്രാനും മുടക്കപ്പെട്ട പാത്രിയർക്കീസും അകാനോനികമായി വാഴ്ചയേറ്റ മെത്രാനും ചേർന്ന് ഭരണം ഒഴിഞ്ഞ മെത്രാനെ കാതോലിക്കയായും വാഴിക്കാമെന്ന് ചിന്തിക്കുന്ന ‘വികട’ മനോഭാവത്തിനോട് കടപ്പാടു രേഖപ്പെടുത്തുവാൻ കക്ഷിതിമിരം ബാധിച്ച ജോൺ സാറിനേ സാധിക്കൂ. ആ പേരിനോടു ചേർത്തുപയോഗിക്കുന്ന പ്രഫസർ എന്ന വിശേഷണ പദം ലജ്ജാഭാരത്താൽ കുനിഞ്ഞു പോകുന്നത് ജോൺസാർ കാണുന്നില്ലെങ്കിലും ചരിത്രവും കാനോനും അറിയുന്നവർ കാണുന്നുണ്ട്. മലങ്കര അസോസിയേഷനും ജനാധിപത്യവും സുന്നഹദോസും ഭദ്രാസനങ്ങളും ഒക്കെ സംഭാവനയെ പരിശുദ്ധനായ പരുമല തിരുമേനിയെ വാഴിച്ചു തന്ന പത്രോസ് തൃതീയൻ (നാലാമൻ) ബാവായെ മലങ്കര സഭയ്ക്കു കടപ്പാടുള്ളവനായി കാണാത്ത ഈ അന്ധത ചികിത്സ കൊണ്ടു മാറില്ല. കണ്ണടച്ചു മൂടിക്കെട്ടിയിരിക്കുന്നതുകൊണ്ടുള്ള അന്ധതയാണ്.!

# നിര്യാതരായി


## ജോർജ് കുര്യൻ കോർ എപ്പിസ്കോപ്പ



യാക്കോബായ സഭയിലെ കണ്ടനാട് ഭദ്രാസനത്തിലെ വൈദികനും റിട്ട. അദ്ധ്യാപകനുമായ മുളക്കുളം നോർത്ത് പുതുക്കാട്ടിൽ വന്ദ്യ ജോർജ് കുര്യൻ കോർ എപ്പിസ്കോപ്പാ (68) നിര്യാതനായി. സഭ- ഭദ്രാസന കൗൺസിൽ അംഗം, മാനേജിംഗ് കമ്മറ്റിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: തോട്ടുപുറത്ത് മേരി. മക്കൾ: ബിജിമോൾ, ഏലിയാസ് മരുമക്കൾ: അഡ്വ. കെ. എം. സലിം കാവനാംതോട്ടത്തിൽ വാളകം, സ്മിത. കബറടക്ക ശുശ്രൂഷ 21.04.08.തിങ്കളാഴ്ച കൊട്ടാരക്കുന്ന് സെന്റമേരീസ് ശാലേം യാക്കോബായ സുറിയാനി പള്ളിയിൽ പ.എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭി.ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായുടെ മുഖ്യ കാർമ്മികത്വത്തിലും അഭിവന്ദ്യരായ മർക്കോസ് മോർ ക്രിസ്തോത്തമോസ് അബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലിത്തമാരുടെ സഹകാർമ്മികത്വത്തിലും അനേകം വൈദികരുടെയും ആയിരക്കണക്കിനു ജനങ്ങളുടെ സാന്നിദ്ധ്യത്തിലും നടത്തി.

തുടർന്ന് വി.ഫാ.യൂഹാന്നോൻ ബിനു കോഴിക്കോടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുശോചന സമ്മേളനത്തിൽ അഭി.മർക്കോസ് മോർ ക്രിസ്തോത്തമോസ്,അബ്രഹാം മോർ സേവേറിയോസ്,മുൻ മന്ത്രി ടി.എം.ജേക്കബ്, ഫാ.ജോയി ആനക്കുഴിയിൽ,പള്ളി ട്രസ്റ്റി ശ്രീ. കെ.ഇ.വൈലി,പുതുക്കാട്ടിൽ കുടുംബയോഗം പ്രതിനിധി ശ്രീ.ബാബു ജോൺ,കണ്ടനാട് ഭദ്രാസന സെക്രട്ടറി ഫാ.തോമസ് പനച്ചിയിൽ,ഭദ്രാസന വൈദിക സെക്രട്ടറി ഫാ..സ്ലീബാ വട്ടുവേലിൽ,വൈദിക സെമിനാരിയ്ക്കുവേണ്ടി പ്രിൻസിപ്പിൾ വി.റവ.ഫാ.ആദായി ജേക്കബ് കോർ എപ്പിസ്ക്കോപ്പ എന്നിവർ പ്രസംഗിച്ചു. പ.അന്ത്യോഖ്യ സിംഹാസനത്തിൻ കീഴിൽ പ്രതിസന്ധിയുടെ കാലഘട്ടം മുതൽ ജോർജ്ജ് കോർ എപ്പിസ്കോപ്പ പ.സഭയെ ശുശ്രൂഷിച്ചതിനെയും അച്ചന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഈ ഇടവകകാർക്ക് ഒരിക്കലും വിസ്മരിക്കാൻ സാധിക്കുകയില്ലെന്നും അച്ചന്റെ ഉപദേശങ്ങളെ നമ്മുടെ ജീവിതത്തിലും പ്രാവർത്തകമാക്കണമെന്ന് ബ.വി.അച്ചന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഉത്ബോധിപ്പിച്ചു.

## ഫാ. പി. ഇ. ഏബ്രഹാം പാറക്കുന്നിൻപുറത്ത്



ഒളശ്ശ; ക്നാനായ സമുദായത്തിലെ സീനിയർ വൈദികനും റാന്നി സെന്റ് തോമസ് കോളേജ്ജ് റിട്ട.പ്രഫസറും ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകാംഗവുമായ പാറക്കുന്നിൻപുറത്ത് ഫാ. പി. ഇ. ഏബ്രഹാം (82) നിര്യാതനായി. സംസ്കാരം ചെങ്ങളം ക്നാനായ പള്ളിയിൽ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, ഗീവർഗീസ് മോർ ദീവന്നാസിയോസ് എന്നിവരുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. 50 വർഷക്കാലം സമുദായത്തിലെ വിവിധ പള്ളികളിലും ചാപ്പലുകളിലും വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹോദരങ്ങൾ: പരേതനായ പി.ഇ.മാത്യു, പരേതനായ പി.ഇ.തോമസ്, പരേതയായ ചാച്ചിയമ്മ(കുറിച്ചി ഉമ്മാച്ചേരിൽ), ഏലിയാമ്മ (കുറിച്ചി കളത്തിൽ).

## ഫാ.ടി. സി. മാത്യൂസ് തുരുത്തേൽ



പേരൂർ: തുരുത്തേൽ പരേതനായ യാക്കോബ് കശ്ശീശയുടെ മകൻ മർത്തശ്മുനി യാക്കോബായ സുറിയാനി പള്ളി വികാരിയും യാക്കോബായ സഭാ മാനേജിംഗ് കമ്മറ്റി അംഗവുമായ ഫാ.ടി. സി. മാത്യുസ് തുരുത്തേൽ (55) നിര്യാതനായി. സംസ്കാരം ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെയും തോമസ് മാർ തീമോത്തിയോസ്, ജോസഫ് മാർ ഗ്രിഗോറിയോസ്, ഗീവർഗീസ് മോർ ദീവന്നാസിയോസ്, ഡോ. ഗീവറുഗീസ് മോർ കൂറീലോസ് എന്നീ മെത്രാപ്പോലീത്തമാരുടെയും കാർമ്മികത്വത്തിൽ മർത്തശ്മുനി പള്ളിയിൽ നടത്തപ്പെട്ടു.തിരുവഞ്ചൂർ സെന്റ്മേരീസ്, തിരുവഞ്ചൂർ സെന്റ് തോമസ്,ഇല്ലിക്കൽ സെന്റ് മേരീസ്,പേരൂർ സെന്റ് ഇഗ്നാത്തിയോസ്, വെള്ളുത്തുരുത്തി സെന്റ് മേരീസ്, നീലിമംഗലം സെന്റ് മേരീസ്, വാഴൂർ സെന്റ് ജോർജ് എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. താഴത്തേടത്ത് കുടുംബയോഗം പ്രസിഡന്റാണ്. ഭാര്യ അമയന്നൂർ മണലേൽ കുടുംബാംഗം ജിബി. മകൻ ജേക്കബ്കുട്ടി. അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതിയുടെ മുൻനിര പോരാളിയായിരുന്നു അച്ചൻ. സത്യവിശ്വാസസംരക്ഷണ സമിതിയുടെ ഭദ്രാസനതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പയുടെ മസ്ക്കാമ്മ



കാഞ്ഞിരമറ്റം: മലങ്കരയാക്കോബായ സുറിയാനി സഭയുടെ വൈദിക ട്രസ്റ്റി മലങ്കര മല്പ്പാൻ ഡോ.കണിയാംപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പയുടെ ഭാര്യ സാറാമ്മ (91) നിര്യാതരായി. മുളന്തുരുത്തി കാട്ടുമങ്ങാട്ട് കട്ടപ്പിള്ളിൽ കുടുംബാംഗമാണ്. മക്കൾ ഷൈനോ, ശ്ലോമോ, മരുമക്കൾ തിരുവല്ല കോടിയാട്ട് കെ. എ. കുര്യൻ, നിരണം പനക്കമറ്റം ഡോ.കെ. എം. ചെറിയാൻ. സംസ്കാരം കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് പള്ളിയിൽ നടത്തപ്പെട്ടു. വീട്ടിലെ ശുശ്രൂഷകൾക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവാ, മെത്രാപ്പോലീത്തന്മാരായ ജോസഫ് മോർ ഗ്രീഗോറിയോസ് , ഗീവർഗീസ് മോർ ദീവന്നാസിയോസ് , ഡോ. കുറിയാക്കോസ് മോർ തേയോഫിലോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്താനാസിയോസ് എന്നിവർ നേതൃത്വം നൽകി. പള്ളിയിലെ ശുശ്രൂഷകൾക്ക് മെത്രാപ്പോലീത്തന്മാരായ ജോസഫ് മോർ ഗ്രീഗോറിയോസ്, ഏലിയാസ് മോർ അത്താനാസിയോസ് എന്നിവർ നേതൃത്വം നൽകി.

## ഏലിക്കുട്ടി ജോർജ് പനച്ചയ്ക്കൽ



വള്ളിക്കോടു കോട്ടയം: പനച്ചയ്ക്കൽ കല്ലേലിക്കുഴിയിൽ പി. എം. ജോർജ്ജിന്റെ ഭാര്യ ഏലിക്കുട്ടി ജോർജ്ജ് (74) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം 5 ന് തുമ്പമൺ ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മോർ മിലിത്തിയോസ് തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ സെന്റ് മേരീസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് കത്തീഡ്രലിൽ നടത്തി. പരേത വി. കോട്ടയം മങ്ങാട്ട് കുടുംബാംഗമാണ്. മുൻ ഭക്ഷ്യ സിവിൽ സപ്ലൈയ്സ് വകുപ്പു മന്ത്രി ശ്രീ. അഡ്വ. അടൂർ പ്രകാശ് എം. എൽ. എ.അടക്കമുള്ള രാഷ്ട്രീയ സാമൂഹിക നേതാക്കൾ ആദരാജ്ഞലികൾ അർപ്പിച്ചു. മക്കൾ: മേരിക്കുട്ടി, റോസമ്മ, ജോസ് പനയ്ക്കൽ (വിശ്വാസസംരക്ഷക സമിതി തുമ്പമൺ ഭദ്രാസന സെക്രട്ടറി, എം. ജെ. എസ്. എസ്. എ. കേന്ദ്ര കമ്മറ്റി അംഗം, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ, രാഷ്ട്രീയ, വിവിധ സാമൂഹിക സാംസ്കാരിക സംഘടനാ ഭാരവാഹിത്വം വഹിക്കുന്നു) ലീലാമ്മ, ലൈസാമ്മ, ലാലി (ദുബായ്), മരുമക്കൾ: എം. ജെ. മാത്യു, എൻ. എം. തങ്കച്ചൻ (മസ്ക്കറ്റ്), മേഴ്സി, ജോസ് (ഗ്രഫ്), ഷാജി (ബഹ്റിൻ), ഡാനിയേൽ (ദുബായ്).

# പുണ്യശ്ലോകനായ ഫീലിപ്പോസ് മോർ ഈവാനിയോസ്



വെള്ളൂർ പറപ്പള്ളിൽ കുടുംബത്തിൽ 1924 മെയ് 24ന് ജനിച്ചു. 1949ൽ മിഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനിയിൽനിന്ന് ശെമ്മാശുപട്ടവും 1953-ൽ ഏബ്രഹാം മോർ ക്ലീമീസ് തിരുമേനിയിൽനിന് കശീശാപട്ടവും സ്വീകരിച്ചു. ബി.എ. ബി.എഡ്. ബിരുദ്ധദധാരിയായിരുന്ന ഫാ. പി. സി. ഫിലിപ്പ് വൈദിക സേവനത്തോടൊപ്പം അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചു. മോർ ഗ്രീഗോറിയോസ് വിദ്യാർത്ഥി അസോസിയേഷൻ ജനറൽ സെക്രട്ടറി, അന്ത്യോഖ്യൻ മൂവ്മെന്റ് വൈസ് പ്രസിഡന്റ്, സുവിശേഷ സമാജം മാനേജിംഗ് കമ്മറ്റി അംഗം, കോട്ടയം ഭദ്രാസന സെക്രട്ടറി, തിരുവഞ്ചൂർ, കേളകം, കണ്ടനാട് തുടങ്ങിയ വിദ്യാലയങ്ങളുടെ ഹെഡ്മാസ്റ്റർ എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ വഹിച്ച ഫാ. പി.സി. ഫിലിപ്പിനെ 1978-ൽ യാക്കോബ് മോർ യൂലിയോസ് തിരുമേനി റമ്പാനാക്കി. 1979-ൽ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽവച്ച് പറയകുളം യാക്കോബ് മോർ തീമോത്തിയോസ് തോമസ് മോർ തെയോഫിലോസ് എന്നിവരോടൊപ്പം ഫീലിപ്പോസ് മോർ ഈവാനിയോസ് എന്ന സ്ഥാനനാമത്തിൽ മെത്രാപ്പോലീത്തയാക്കി. കണ്ടനാട്, ഇടുക്കി തുടങ്ങിയ ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തയായി സഭയെ ശുശ്രൂഷിച്ചു. 1988 മെയ് 8ന് കാലം ചെയ്ത വെള്ളൂർ സെന്റ് തോമസ് യാക്കോബായ പള്ളിയിൽ കബറടങ്ങി.

# ബർഗൻ ഫീൽഡിൽ പുതിയ ദൈവാലയം ആരംഭിക്കുന്നു

അമേരിക്കയിലെ ന്യൂജേഴ്സി സ്റ്റേറ്റിലെ ബർഗൻ ഫീൽഡ് കേന്ദ്രമാക്കി പുതിയ ഇടവക രൂപീകരിക്കാൻ ഭദ്രാസന മെത്രാപ്പോലീത്ത അഭി. യൽദോ മോർ തീത്തോസ് തിരുമേനി അനുമതി നൽകി. ബർഗൻ ഫീൽഡിലും സമീപ പ്രദേശങ്ങളിലുമുള്ള സഭാംഗങ്ങളുടെ ചിരകാലാഭിലാഷമാണ് ഇടവക മെത്രാപ്പോലീത്തയുടെ അനുമതിയിലൂടെ സഫലമാകാൻ പോകുന്നത്. പുതിയ ഇടവകയും ആരംഭം കുറിച്ചുകൊണ്ട് മെയ് 17-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് ടീനക്ക് സെന്റ് മാർക്ക് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രലിൽ നടക്കുന്ന വി. കുർബ്ബാനയ്ക്ക് അഭി. മോർ തീത്തോസ് മെത്രാപ്പോലീത്താ പ്രധാന കാർമ്മീകത്വം വഹിക്കും. കൂടുതൽ വിരങ്ങൾക്കായി ബന്ധപ്പെടുക. **ഫാ. ഡോ. എ. പി. ജോർജ് 201-387-7870, ശ്രീ. ജോയി വറുഗീസ് 201-928-1734, ശ്രീ. സി. കെ. ജോയി 201-926-8635**

# തോമസും വിടചൊല്ലി; റെക്കോർഡ് ദാമ്പത്യ ജീവിതത്തിനുശേഷം




പാമ്പാടി; റെക്കോർഡിട്ട ദാമ്പത്യബന്ധത്തിനൊടുവിൽ തനിയെ യാത്ര ചെയ്തിരുന്ന തോമസും വിട പറഞ്ഞു. 88 വർഷം ദാമ്പത്യ ജീവിതത്തിൽ അപൂർവ്വ റെക്കോർഡ് സ്ഥാപിച്ചിരുന്ന കടവുംഭാഗം കെ.പി. തോമസ് 105-ാം വയസിലാണ് അന്തരിച്ചത്. തോമസിന്റെ ഭാര്യ ശോശാമ്മ 101-ാം വയസിൽ രണ്ടു വർഷം മുൻപ് മരിച്ചിരുന്നു. ഇരുവരും മരിച്ചത് ഞായറാഴ്ച രാവിലെയാണെന്ന സമാനതയുമുണ്ട്. ഗിന്നസ് ബുക്കിൽ ഇടം നേടിയ ജപ്പാനിലെ ദീർഘ ദാമ്പത്യ ദമ്പതികളെക്കാൾ അഞ്ചുവർഷം കൂടുതൽ ഇവരുടെ ദാമ്പത്യബന്ധമുണ്ടായിട്ടും റെക്കോർഡ് ബുക്കിൽ ഇടം നേടാൻ ഈമലയാളി ദമ്പതികൾക്കായില്ല.

1918 ഫെബ്രുവരി 17നു തോമസും വെള്ളൂർ കളിംകൂട്ടിൽ ശോശാമ്മയും വെള്ളൂർ സെന്റ് സൈമൺസ് യാക്കോബായ സുറിയാനി പള്ളിയിൽ വിവാഹിതരായതിന്റെ രേഖകൾ ലഭിച്ചിരുന്നെങ്കിലും പ്രായം സംബന്ധിച്ച രേഖകൾ സ്കൂളിൽ നിന്നു കിട്ടാതെപോയതുമൂലമാണ് റെക്കോർഡു ബുക്കിൽ ഇടം നേടാൻ കഴിയാതിരുന്നത്. ഇവരുടെ ദാമ്പത്യ ജീവിതത്തിന്റെ 87-ാം വാർഷികം 2005 ൽ വിപുലമായി ആഘോഷിച്ചിരുന്നു.

2006 ഫെബ്രുവരി 19 നാണ് ശോശാമ്മ തോമസിനെ തനിച്ചാക്കി നിത്യതയിലേക്ക് യാത്രയായത്. മക്കളുടെയും കൊച്ചുമക്കളുടെയും പേരക്കിടാങ്ങളുടെയും സ്നേഹത്തണലിൽ തോമസ് 105-ാം വയസിലെത്തി. പ്രായാധിക്യത്തെ തുടർന്ന് ഈയിടെയാണ് ക്ഷീണമായത്. കോട്ടയം എം.ഡി. സ്കൂളിൽ തേർഡ്ഫോറത്തിൽ പഠിക്കുമ്പോഴായിരുന്നു 13 കാരൻ തോമസ് വെള്ളൂർ പിടിഎം സ്കൂളിലെ വിദ്യാർത്ഥിനിയായിരുന്ന ശോശാമ്മയെ വിവാഹം ചെയ്തത്. വിവാഹശേഷവും ഇരുവരും പഠനം തുടർന്നിരുന്നു. കാർഷികരംഗത്ത് നേട്ടങ്ങൾ കൊയ്യാനും ഈ ദമ്പതികൾക്ക് സാധിച്ചിരുന്നു.

ശവസംസ്കാര ശുശ്രൂഷയ്ക്ക് യൂഹാനോൻ മാർ പീലക്സിനോസ്, ഗീവർഗീസ് മാർ ദിവന്നാസിയോസ്, മാത്യുസ് മാർ തേവോദോസിയോസ് എന്നിവരുടെ കാർമ്മികത്വത്തിൽ പൊത്തമ്പുറം മാർ ഇഗ്നാത്തിയോസ് യാക്കോബായ പള്ളിയിൽ നടത്തപ്പെട്ടു. മക്കൾ: ആലീസ് കുഞ്ഞ്, അന്നമ്മ തോമസ്, റേച്ചൽ തോമസ്, ശോശാമ്മ തോമസ്, ഫിലിപ്പോസ് തോമസ്, എബ്രഹാം തോമസ്, മാത്യു തോമസ് മരുമക്കൾ: Late കുഞ്ഞ് വേങ്ങശേരിൽ, Late W. J. ജോൺ വട്ടശേരിൽ, Late P. A. തോമസ് പുതുപ്പറമ്പിൽ, കുരുവിള ജോർജ്ജ് അമ്പാട്ട്, ലീലാമ്മ വാണിയപ്പുരയ്ക്കൽ, മറിയക്കുട്ടി മാലിയിൽ, രാജമ്മ മാവേലിമറ്റം. പാമ്പാടി വലിയ പള്ളിയിൽ സത്യവിശ്വാസികൾക്ക് ആരാധനയ്ക്ക് അവസരം ലഭിക്കുന്നതിനുവേണ്ടി നിരവധി കേസുകൾ നടത്തി. അന്ത്യോഖ്യാവിശ്വാസത്തിൽ ഉറച്ചുനിന്ന ഇദ്ദേഹം പാമ്പാടി മോർ ഇഗ്നാത്തിയോസ് പള്ളി സ്ഥാപിക്കുന്നതിന് നേതൃത്വം നൽകി.

## പി. എ. ചാണ്ടി ചിറത്തലാട്ട്



ചങ്ങനാശേരി ഇത്തിത്താനം ചിറത്തിലാട്ട് പി. എ. ചാണ്ടി (91) നിര്യാതനായി. വസതിയിൽ നടന്ന ശവസംസ്കാര ശുശ്രൂകൾക്ക് കോട്ടയം ഭദ്രാസന മെത്രാപ്പൊലീത്ത തോമസ് മോർ തീമോത്തിയോസ് പ്രധാന കാർമ്മികത്വം വഹിച്ചു.ഇത്തിത്താനം സെന്റ് മേരീസ് യാക്കോബായ പള്ളിയിലും തുടർന്ന് വാകത്താനം പുത്തൻ ചന്ത സെന്റ് മേരീസ് പള്ളിയിലും സെമിത്തേരിയിലും നടന്ന ശുശ്രൂകളിൽ അഭി.മാത്യൂസ് മാർ തേവോദോസിയോസ്, ഗീവർഗീസ് മാർ ദിവന്നാസിയോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നീ തിരുമേനിമാരും നിരവധി വൈദികരും സംബന്ധിച്ചു. കമാൻഡർ ഡോ.സി.എ. നൈനാന്റെ (തിരുവനന്തപുരം) സഹോദരനാണ്. ഭാര്യ വാകത്താനം പുന്നച്ചേരിൽ സാറാമ്മ മക്കൾ ഷെവ.സി.സി.ആൻഡ്രൂസ് (തൃശൂർ ഭദ്രാസന കൗൺസിലംഗം, സഭാ മാനേജിംഗ് കമ്മറ്റിയംഗം) സി.സി.ജോൺ (കോട്ടയം ഭദ്രാസന കൗണസിലംഗം,കോൺഗ്രസ് (എസ്സ്) ജില്ലാ സെക്രട്ടറി) ആലീസ് എബ്രഹാം മരുമക്കൾ ഹെലിൻ ആൻഡ്രൂസ്,സാലി ജോൺ,പി.പി.എബ്രഹാം പടിഞ്ഞാറേക്കുറ്റ് (പുതുപ്പള്ളി).

# സഭയിൽ യോജിപ്പിന് എന്നും തടസ്സം ഓർത്തഡോക്സ് വിഭാഗം

ഷെവ: പി.കെ. പൗലോസ് കൂരൻ



പരിശുദ്ധ യാക്കോബ് തൃതിയൻ പാത്രീയർക്കീസ് ബാവയുടെ കാലശേഷം ഇപ്പോഴത്തെ സഖാ പ്രഥമൻ തിരുമേനി പാത്രീയർക്കീസ് ബാവ ആയാൽ മലങ്കര സഭയിൽ യോജിപ്പും സമാധാനവും ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട പോൾ വർഗീസ് അച്ചൻ (കാലം ചെയ്ത പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത) അഭിപ്രായപ്പെട്ടതായി ബാറിത്തോ ബ്രീറോ ഡോ: ഡി. ബാബു പോൾ അടുത്തയിട എഴുതിയതായി കണ്ടു. സഭാ ഭിന്നതയുടെ രൂക്ഷനാളുകളിൽ, ഫാ: വി.എം. ഗിവറുഗ്ഗീസ്, ഫീലിപ്പോസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്താ, മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം. ചെറിയാൻ, സിനീയർ അസിസ്റ്റന്റ് എഡിറ്റർ എൻ.എം. എബ്രഹാം, ഡോ: ഡി. ബാബു പോൾ, ഫാ: പോൾ വർഗീസ് എന്നിവർ പങ്കെടുത്ത കോട്ടയത്തെ ഒരു സ്ഥിരം വേദിയിലാണ് അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടത് എന്നാണ് ഡോ: ബാബുപോൾ എഴുതിയിരിക്കുന്നത്.

ബഹുമാനപ്പെട്ട പോൾ വർഗീസ് അച്ചന്റെ നിഗമനം നൂറു ശതമാനവും ശരിയായിരുന്നു. പരിശുദ്ധ യാക്കോബ് തൃതിയൻ പാത്രീയർക്കീസ് ബാവയ്ക്ക് ശേഷം അന്ത്യോഖ്യാ പാത്രീയർ ക്കീസായി സ്ഥാനമേറ്റ പരിശുദ്ധ സഖാ പ്രഥമൻ ബാവ സഭാ യോജിപ്പിനായി ഒട്ടേറെ ശ്രമങ്ങൾ നടത്തി. അവ എല്ലാം പരാജയപ്പെട്ടത് ഓർത്തഡോക്സ് വിഭാഗത്തിന്റെ പിടിവാശിമൂലമായിരുന്നു. 1980 സെപ്തംബർ 14-ന് പരിശുദ്ധ സഖാ പ്രഥമൻ പാത്രീയർക്കീസ് ബാവ തന്റെ സ്ഥാനാരോഹണ വേളയിൽ കല്പിച്ചത് “മലങ്കരയിലെ സമാധാനം നമ്മുടെ പാത്രീയർക്കാ നാളുകളിൽ മുൻഗണന നൽകപ്പെടുന്ന ഒരു വിഷയമായിരിക്കും” എന്നാണ്. പ്രഖ്യാപനം പോലെ തന്നെ സഭയിൽ യോജി പ്പിനായി പരിശുദ്ധ പിതാവ് ശ്രമങ്ങൾ ആരംഭിച്ചു. 1982-ലെ ശ്ലൈഹികസന്ദർശനവേളയിൽ സഭാ യോജിപ്പിനായി പരിശുദ്ധ പിതാവ് ആഹ്വാനം നടത്തുകയുണ്ടായി. ബ: സുപ്രീംകോടതി വിധിയെ തുടർന്ന് 1995 ആഗസ്റ്റ് ഒന്നിന് ഇ/175/95-ാം നമ്പറായി അയച്ച് പൊതു കല്പനയിൽ “ക്രിസ്തീയ സാക്ഷ്യം വിഭലമാക്കുന്ന വിഭജനം അവസാനിപ്പിച്ച് സഭയുടെ യോജിപ്പിനും സമാധാനത്തിനു മായി പ്രവർത്തിക്കുവാൻ” പരി. പിതാവ് പ്രത്യേകം ആവശ്യപ്പെട്ടിരുന്നു.

സുപ്രീംകോടതി വിധിയെ തുടർന്ന് സഭാ യോജിപ്പിനായി മലങ്കരയിൽ രൂപീകരിച്ച കമ്മറ്റി കളുടെ പ്രവർത്തനങ്ങൾ പരാജയപ്പെടുകയും കമ്മറ്റികൾ നിർജ്ജീവമാകുകയും ചെയ്തപ്പോൾ ഓർത്തഡോക്സ് വിഭാഗവുമായി ചർച്ചകൾക്കായി മൂന്നു മെത്രാപ്പോലീത്താമാരും, രണ്ട് വൈദീ കരും, രണ്ട് അൽമായരും ഉൾപ്പെടുന്ന ഒരു കമ്മറ്റിയെ പരിശുദ്ധ പിതാവ് നിശ്ചയിക്കുകയുണ്ടായി. ഈ കമ്മറ്റി രൂപീകരിച്ച കാര്യം അറിയിച്ചും, ചർച്ചകൾക്ക് സമയവും സ്ഥലവും തീരുമാനിച്ച് അറിയിക്കണമെന്ന് അഭ്യർത്ഥിച്ചും, കൊണ്ട് യാക്കോബായ സഭാ സുന്നഹദോസ് പ്രസിഡന്റ് പെരുമ്പിള്ളിൽ ഗിവറുഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി, പരിശുദ്ധ മാത്യൂസ് ദ്വീതിയൻ കാതോലിക്കാ ബാവായ്ക്ക് കത്ത് നൽകി. ഇതിന് പരിശുദ്ധ കാതോലിക്കാ ബാവാ നൽകിയ മറുപടി പരിശുദ്ധ പാത്രീയർക്കീസ് ബാവയെയും യാക്കോബായ സഭയെയും അവഹേളിക്കുന്ന തരത്തിലും 1934-ലെ ഭരണഘടന വിസ്മരിച്ചും കൊണ്ടുള്ള രീതിയിൽ ആയിരുന്നു. “ആകമാന സുറിയാനി സഭ”യെന്നും അതിന്റെ പരമോന്നത തലവൻ അന്ത്യോഖ്യാ പാത്രീയർക്കീസ് ആണ് എന്നും പറയുന്നത് ശരിയും സത്യവും അല്ല” എന്നായിരുന്നു പരിശുദ്ധ കാതോലിക്കാ ബാവയുടെ മറുപടിയിൽ കാണിച്ചിരുന്നത്. കൂടാതെ യാക്കോബായ സുറിയാനി സഭാ സുന്നഹ ദോസിനെയോ അതിന്റെ പ്രസിഡന്റ് ഗിവറുഗീസ് മെത്രാപ്പോലീത്തായെയോ സമാധാന ചർച്ചക്കായി പരിശുദ്ധ പാത്രീയർക്കീസ് ബാവ നിയോഗിച്ച കമ്മറ്റിയെയോ ഒന്നും തന്നെ അംഗീ കരിക്കുന്നില്ലായെന്നും ആ കമ്മറ്റിയുമായി യാതൊരു ചർച്ചകൾക്കും തയ്യാറാല്ലായെന്നും കൂടി പരിശുദ്ധ മാത്യൂസ് ദ്വീതിയൻ കാതോലിക്കാ ബാവ അറിയിക്കുകയുണ്ടായി. സഭാ യോജിപ്പി നായുള്ള ശ്രമങ്ങൾക്ക് നേരെ ഓർത്തഡോക്സ് വിഭാഗം മുഖം തിരിച്ചിട്ടും സമാധാനശ്രമങ്ങൾ ക്കായി പരിശുദ്ധ പാത്രീയർക്കീസ് ബാവ ശ്രമിച്ചു കൊണ്ടിരുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സഭയിൽ യോജിപ്പിന് തയ്യാറാകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരിശുദ്ധ പാത്രീയർക്കീസ് ബാവ ഇ 59/98-ാം നമ്പറായി പരിശുദ്ധ കാതോലിക്കാ ബാവയ്ക്ക് എഴുതി. ഇതിന് പരിശുദ്ധ മാത്യൂസ് ദ്വീതിയൻ കാതോലിക്കാ ബാവ ഇ 52/98-ാം നമ്പറായി അയച്ച മറുപടി “സുപ്രീംകോടതി വിധിയല്ല, മറിച്ച് 1934-ലെ ഭരണഘടനയാണ് സഭാ യോജിപ്പിന് അടിസ്ഥാനമാ ക്കേണ്ടത്” എന്നായിരുന്നു. എന്നിട്ടും പരിശുദ്ധ പാത്രീയർക്കീസ് ബാവ സഭാ യോജിപ്പിനായി സന്നദ്ധമാകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വീണ്ടും പരിശുദ്ധ കാതോലിക്കാ ബാവയ്ക്ക് എഴുതി. എന്നാൽ പരിശുദ്ധ കാതോലിക്കാ ബാവ ഈ കത്തിന് മറുപടിയെ നൽകിയില്ല.

മലങ്കര സഭയിലെ യോജിപ്പും സമാധാനവും പരിശുദ്ധ പാത്രീയർക്കീസ് ബാവയ്ക്ക് മുഖ്യ വിഷയം തന്നെയായിരുന്നു. അതിനാൽ പരിശുദ്ധ പിതാവ് ലോക ക്രൈസ്തവ സഭാ മേലദ്ധ്യ ക്ഷന്മാരുടെ സഹായം തേടി. അലക്സാന്ദ്രിയാ പാത്രീയർക്കീസ് ഷിനൗഡാ മൂന്നാമൻ, അർമേനിയൻ പാത്രീയർക്കീസ് ആരാം ഒന്നാമൻ എന്നീ തിരുമേനിമാരോട് മലങ്കര സഭാ സമാധാനത്തിനായി ശ്രമിക്കണമെന്ന് പരിശുദ്ധ സഖാ പ്രഥമൻ പാത്രീയർക്കീസ് ബാവ അഭ്യർത്ഥിച്ചു. ഇതനുസരിച്ച് മലങ്കര സഭാ സമാധാനത്തിനായിട്ടുള്ള ഈ പാത്രീയർക്കീസുമാർ നടത്തിയ ശ്രമങ്ങളോട് ഓർത്തഡോക്സ് പക്ഷം ക്രിയാൽമകമായി പ്രതികരിച്ചില്ല. അതുകൊണ്ട് ആ ശ്രമങ്ങളും പരാജയപ്പെട്ടു. പരി. പാത്രീയർക്കീസ് ബാവയുടെ 2004-ലെ ശ്ലൈഹികസന്ദർശന വേളയിൽ മർത്തോമാ വലിയ മെത്രാപ്പോലീത്താ തിരുമേനി വഴി സഭയിൽ യോജിപ്പിനായി നടത്തിയ ശ്രമവും ഓർത്തഡോക്സ് വിഭാഗത്തിന്റെ പിടിവാശി മൂലം ഫലവത്തായില്ല. ബഹുമാനപ്പെട്ട പോൾ വർഗീസ് അച്ചൻ (കാലം ചെയ്ത പൗലോസ് ഗ്രീഗോറിയോസ് മെത്രാപ്പോ ലീത്ത) പ്രതീക്ഷിച്ചത് പോലെ പരിശുദ്ധ സഖാ പ്രഥമൻ പാത്രീയർക്കീസ് ബാവ മലങ്കര സഭയിൽ യോജിപ്പിനായി ഒട്ടേറെ ശ്രമങ്ങൾ നടത്തി. ഓർത്തഡോക്സ് സഭയിൽ നിന്നും അതിനുള്ള സൻമനസ്സും സഹകരണ വുമില്ലാതെ പോയതിനാൽ തന്നെയാണ് പരിശുദ്ധ സഖാ പ്രഥമൻ പാത്രീയർക്കീസ് ബാവ സഭാ യോജിപ്പിനു നടത്തിയ ശ്രമങ്ങൾ വിജയിക്കാതെ പോയത്.

സഭയിൽ യോജിപ്പിന് മുൻപും ഓർത്തഡോക്സ് വിഭാഗമായിരുന്നു തടസ്സം. സഭാ സമാധാന ശ്രമങ്ങൾക്കായി വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ മർദ്ദീനിൽ പോയി പരിശുദ്ധ ഏലിയാസ് തൃദീയൻ പാത്രീയർക്കീസ് ബാവയെ കാണുകയുണ്ടായി. സ്ഥാന പ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മശിഹാ പാത്രീയർക്കീസ് ബാവ, മെത്രാന്മാരാക്കിയ ഗിവറുഗീസ് മാർ പീലക്സീനോസ് (ഗിവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവ) ഗിവറുഗീസ് മാർ ഗ്രീഗോറി യോസ് (ഗിവറുഗീസ് ദ്വീതിയൻ കാതോലിക്കാ ബാവ) യുയാക്കീം മാർ ഈവാനിമോസ് എന്നിവ രിൽ നിന്നും അബ്ദുൾ മശിഹാ പാത്രീയർക്കീസിൽ നിന്നും മെത്രാൻ സ്ഥാനമേറ്റ തങ്ങളുടെ ന്യൂനതകൾ പരിഹരിക്കണമെന്നും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടു എക്കാലവും കൂറിലും വിധേയത്വത്തിലും അനുസരണത്തിലും നിന്നു കൊള്ളാമെന്നുമുള്ള അപേക്ഷകളുമായി ട്ടാണ് വട്ടശ്ശേരിൽ തിരുമേനി പരി. പാത്രീയർക്കീസ് ബാവയെ സന്ദർശിച്ചത്. ഈ അപേക്ഷകൾ അദ്ദേഹം പരി. പിതാവിന് കൈമാറുകയും സഭാ തർക്കം സംബന്ധിച്ച തന്റെ സകല വാദങ്ങൾ പിൻവലിക്കുന്നതായും മെത്രാപ്പോലീത്തമാരെ കൊണ്ട് അനുസരണത്തിന്റെ സൂചകമായ ഉടമ്പടി വയ്പ്പിക്കുക തുടങ്ങി സഭയിൽ യോജിപ്പിന് പരി. പാത്രീയർക്കീസ് ബാവ നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകളും വട്ടശ്ശേരിൽ തിരുമേനി സമ്മതിച്ചു. എന്നാൽ തിരിച്ച് ഇവിടെ വന്നതിന് ശേഷം മെത്രാപ്പോലീത്താ പരി: പാത്രീയർക്കീസ് ബാവയുടെ അടുക്കൽ സമ്മതിച്ച എല്ലാ വ്യവസ്ഥകളിൽ നിന്നും പിൻമാറുകയാണ് ചെയ്തത്.

1942-ലെ ആലുവാ വട്ടമേശസമ്മേളനത്തിലും ഇതു തന്നെയാണ് സംഭവിച്ചത്. സമാധാന ചർച്ചകളിൽ തന്റെയും കൂടെയുള്ള മെത്രാപ്പോലീത്താമാരുടെയും തലയിൽ മാർ യൂലിയോസ് ബാവയെ കൊണ്ട് കൈവച്ച് പ്രാർത്ഥിക്കുവാൻ സമ്മതിച്ച പരിശുദ്ധ ഗിവറുഗ്ഗീസ് ദ്വീതിയൻ കാതോലിക്കാ ബാവ പിന്നീട് ആ വ്യവസ്ഥകളിൽ നിന്നും പിൻമാറുകയാണ് ചെയ്തത്. അതുപോ ലെ തന്നെ മുഖ്യമന്ത്രി ശ്രീ. സി. അച്ചുതമേനോന്റെ സാന്നിദ്ധ്യത്തിൽ സഭാസമാധാനത്തിനുള്ള വ്യവസ്ഥകൾ അംഗീകരിച്ച ഓർത്തഡോക്സ് പക്ഷം പിന്നീട് അതിൽ നിന്നും പിൻമാറി.

സഭാ സമാധാന ചർച്ചകൾക്ക് പോലും പല അവസരങ്ങളിലും ഓർത്തഡോക്സ് വിഭാഗം തയ്യാറാല്ലായിരുന്നു. 1971-72 കാലഘട്ടത്തിൽ സഭാ ഭിന്നതകൾ ചർച്ച ചെയ്ത് പരിഹരിക്കുന്ന തിനായി പരി. പാത്രീയർക്കീസ് ബാവ നിയോഗിച്ചതനുസരിച്ച ഇവിടെ എത്തിയ അമേരിക്കയിലെ ആർച്ച് ബിഷപ്പ് യേശു സാമുവേൽ മാർ അത്താനാസ്യോസ് തിരുമേനിയ്ക്ക് പല തവണ ശ്രമിച്ചിട്ടും ഒരു സന്ദർശാനുവാദം പോലും നൽകുവാൻ ഓർത്തഡോക്സ് സഭാ നേതൃത്വം തയ്യാറായില്ല. മലങ്കര സഭാ തർക്കം പരിഹരിക്കാമെന്നുള്ള ഇതര ക്രൈസ്തവ സഭാ മേലദ്ധ്യക്ഷ ന്മാർ, മറ്റു മതനേതാക്കന്മാർ, വിവിധ കാലത്തെ സംസ്ഥാന സർക്കാർ, ദേശീയ ന്യൂനപക്ഷ കമ്മീഷൻ, സർവ്വശ്രീ. വി.ആർ, കൃഷ്ണയ്യർ, ജസ്റ്റീസ് പി.കെ. ഷംസുദ്ദീൻ, സുഗത കുമാരി, പി.കെ. ഹംസ മൗലവി, ഡി. രാമ ചന്ദ്രൻ പോറ്റി, ഡോ: കെ.കെ. രാഹുലൻ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിലുള്ള സമരാ ദ്ധ്യരായ മഹൽ വ്യക്തികൾ തുടങ്ങി എല്ലാവരുടെ ശ്രമങ്ങളെയും യാക്കോബായ സഭാ സ്വാഗതം ചെയ്തപ്പോൾ ഓർത്തഡോക്സ് പക്ഷം ഓരോ തൊടുന്യായങ്ങൾ പറഞ്ഞ ചർച്ചകളിൽ നിന്നും വിട്ടു നിന്നു.

യോജിപ്പിലൂടെ സഭയിൽ സമാധാനം എന്ന ആശയം കാലഹരണപ്പെട്ടു കഴിഞ്ഞിരിക്കുക യാണ്. സമാധാനത്തിന് ഇനി അവശേഷിക്കുന്ന ഏക മാർഗ്ഗം രണ്ട് സഭകളായി വേർപിരിയുക എന്നത് മാത്രമാണ്. കഴിഞ്ഞ മുപ്പത് വർഷങ്ങളായി രണ്ട് സഭകളായി തന്നെയാണല്ലോ വർത്തിച്ചു വരുന്നത്. ഇതര ക്രൈസ്ത സഭകളും സർക്കാരും സമൂഹം തന്നെയും യാക്കോബായ - ഓർത്ത ഡോക്സ് വിഭാഗങ്ങളെ രണ്ട് സഭകളായി തന്നെയാണ് പരിഗണിച്ചു വരുന്നത്. കേരള ക്രിസ്ത്യൻ കൗൺസിൽ, മറ്റു ക്രൈസ്തവ സമിതികൾ, ലോക ക്രൈസ്ത സംഘടനകൾ തുടങ്ങിയ യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങളെ രണ്ട് പ്രത്യേക സഭകളായി അംഗീകരിച്ച് പ്രത്യേകം പ്രത്യേകം പ്രതിനിധികളെ സമിതികളിൽ പങ്കെടുപ്പിച്ചു വരുന്നു. 1958-ന് മുൻപ് പരിശുദ്ധ പാത്രീയർക്കീസ് ബാവയുടെ കീഴിലുള്ള മലങ്കര സഭയിലെ രണ്ട് വിഭാഗങ്ങൾ മാത്രമായിരുന്ന ബാവ കക്ഷി - മെത്രാൻ കക്ഷികൾ. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല. വിശ്വാസം, പട്ടത്വം, വി: കുർബ്ബാന ആചാരം, നോമ്പ്, പ്രാർത്ഥനാ, സഭാ ചരിത്രം തുടങ്ങിയവയിൽ ഏറെ വ്യത്യാസങ്ങളുള്ള രണ്ട് പ്രത്യേക സഭകൾ തന്നെയാണ്, യാക്കോബായ - ഓർത്തഡോക്സ് സഭകൾ. യാക്കോബായ സഭാ പരിശുദ്ധ പത്രോസ് ശ്ലീഹായുടെ പൗരോഹിത്യ പിൻതുടർച്ചയിൽ വിശ്വസിക്കുമ്പോൾ ഓർത്തഡോക്സ് സഭ തോമാ ശ്ലീഹായുടെ പൗരോഹിത്യ പിൻതുടർച്ച യിലാണ് വിശ്വസിക്കുന്നത്. അതായത് യാക്കോബായ സഭ അന്ത്യോഖ്യായിലെ പത്രോസ് ശ്ലീഹാ യുടെ സിംഹാസനത്തിൽ വിശ്വസിക്കുമ്പോൾ, ഓർത്തഡോക്സ് സഭാ കോട്ടയത്തെ തോമ ശ്ലീഹാ യുടെ സിംഹാസനത്തിൽ ആണ് വിശ്വസിക്കുന്നത്. സഭയിലെ പള്ളികളിൽ ഏതാണ്ട് മുഴുവനും തന്നെ ഇടവക ജനങ്ങളുടെ ഭൂരിപക്ഷം നോക്കി ഓരോ വിഭാഗത്തിന്റെയും അധീനത യിലും നിയന്ത്രണത്തിലുമാണ്. ചുരുക്കം പള്ളികളിലെ കാര്യം മാത്രമാണ് അവശേഷിക്കുന്നത്. മലബാർ ഭദ്രാസനത്തിലെ 17 പള്ളികളിലെ തർക്കം ഭൂരിപക്ഷത്തിന് പള്ളിയും ന്യൂനപക്ഷത്തിന് ആനുപാതികമായ വിഹിതവും നൽകി പരിഹരിച്ചത് പോലെ ഈ പള്ളികളിലെ കാര്യങ്ങളും പരിഹരിക്കാം.

കഴിഞ്ഞ തലമുറയും ഈ തലമുറയും കേസും കോടതി വരാന്തയുമായി ജീവിതം പാഴാക്കി അടുത്ത തലമുറയെങ്കിലും രക്ഷപ്പെടണമെങ്കിൽ അവർക്ക് കേസ് കെട്ട് കൈമാറാരുത്. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട കോടികളാണ് കേസിനായി പാഴാക്കി കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സ്വയം പരിഹാസ്യരാകുന്നതും, ക്രൈസ്തവ സഭകൾക്ക് ആകെ അപമാനകരവും ഈശ്വരവിശ്വാസികൾക്ക് മൊത്തത്തിൽ വേദനാ ജനകവും സമൂഹത്തിന് ബുദ്ധിമുട്ടു ഉണ്ടാകുന്നതും, കേരളത്തിലെ ക്രമ സമാധാനത്തെ ഒരു പരിധി വരെ ബാധിക്കുന്നതു മായ മലങ്കര സഭാ തർക്കം ഇനിയും നീട്ടി കൊണ്ട് പോകരുത് അത് അപഹാസ്യമാണ്. കേരള ക്രൈസ്തവ സഭയിൽ മുൻകാലങ്ങളിലും പിന്നീടും ഉണ്ടായിട്ടുള്ള തർക്കങ്ങൾ വിഭജനത്തിലൂടെ തന്നെയാണ് പരിഹരിച്ചിട്ടുള്ളത്.

അതുകൊണ്ട് കോടതി, കേസ്, വിധി, വിധി നടത്ത്, എന്ന് എല്ലാം പറഞ്ഞ് ഇനിയും സമയം പാഴാക്കാതെ രണ്ട് സഭകളായിട്ടുള്ള ഇന്നത്തെ അവസ്ഥക്ക് നിയമപരമായ അംഗീകാരം നേടി മലങ്കര സഭാ തർക്കം എത്രയും വേഗം പരിഹരിക്കാൻ ശ്രമിക്കണം. യോജിപ്പിലൂടെ സഭയുടെ ദൗത്യ വും ദർശനവും പ്രാവർത്തീകമാക്കുവാൻ കഴിയുകയില്ലാ എന്നതിനാൽ തമ്മിലിടിച്ച് വികലമാകാ തെ രണ്ട് എങ്കിൽ രണ്ടു സഭകളായി തന്നെനിന്ന് ക്രിസ്തീയ സാക്ഷ്യത്തിന് നമുക്ക് പങ്കാളികളാകാം.

അതിനായി പ്രാർത്ഥിക്കും,

# കൂദാശ നടത്തി



തിരുവഞ്ചൂർ: മാർ ഗ്രിഗോറിയൻ ഷെയറിംഗ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ചു നല്കിയ ഭവനത്തിന്റെ കൂദാശ കർമ്മം ഫാ. തോമസ് കറുകപ്പടി നിർവഹിക്കുന്നു. സമീപം ഡയറക്ടർ ഫാ. സഖറിയ തേറാമ്പിൽ

# ആത്മാവേത്?

ഫാദർ ജി.

പരമയാഗബലിയ്ക്കായി ശിഷ്യരോടൊപ്പം യെരുശലേമിലേക്കുതിരിച്ച ക്രിസതുവിൽ ആതിഥേയത്വം നൽകുവാൻ ശമര്യർ വിസമ്മതിച്ചു. ആത്മരോക്ഷത്തോടെ യാക്കോബും യോഹന്നാനും പറഞ്ഞു.

'കൊല്ല്, ആകാശത്തുനിന്നും തീയിറക്കി ഈ പുറജാതിക്കാരെയൊക്കെ കൊന്നുകളയ് ' ക്രിസ്തു ശാസിച്ചുകൊണ്ടു പറഞ്ഞു:

'മനുഷ്യപുത്രൻ വന്നിരിക്കുന്നത് കൊല്ലാനും നശിപ്പിക്കാനുമല്ല, ആത്മാക്കളെ നേടാനും സ്വന്തമാക്കാനുമാണ്. ഇത്രക്രൂരമായി ചിന്തിക്കുവാൻ നിങ്ങൾക്കെങ്ങനെ കഴിഞ്ഞു? നിങ്ങൾ ഏതാത്മാവിൽ നിന്നുള്ളവരാണ്?'

ക്രിസ്തുവിന്റെ ശാസന ശിഷ്യന്മാരുടെ നിഷേധമനോഭാവം തിരുത്തുവാൻ സഹായകമായി. ശിഷ്യന്മാരെല്ലാവരും ആദ്യകാലക്രിസ്ത്യാനികളും സഹനത്തിന്റെ ആത്മാവു നിറഞ്ഞവരായിരുന്നു. ഓടിച്ചപ്പോൾ ഒരു പട്ടണത്തിൽ നിന്ന് മറ്റൊന്നിലേയ്ക്ക് ഓടി, കൈകെട്ടി നിന്ന് അടികൊണ്ടു. അപമാനിച്ചപ്പോൾ അവഹേളിച്ചപ്പോൾ അറുക്കുവാനുള്ള ചെമ്മരിയാടിനെപ്പോലെ മൗനമായിനിന്നു. കല്ലേറുകൊണ്ട് മരണാസന്നനായി വേദനയുടെ കയങ്ങളിൽ മുങ്ങിത്താഴ്ന്നപ്പോൾ സ്തേഫാനോസ് ക്രിസ്തുവിന്റെ പ്രാർത്ഥന ചൊല്ലി: പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ..

എന്നാൽ പിന്നീട് പ്രതികാരത്തിന്റെ ആത്മാവ് ക്രിസ്ത്യാനിയിൽ ആധിപത്യം സ്ഥാപിച്ചപ്പോൾ കയ്യിൽ കുരിശും കരളിൽ ക്രൂരതയുമായി എന്തും ചെയ്യാൻ മടിയില്ലാത്തവരായി കുരിശിന്റെ കാവൽക്കാർ.

ഒന്നാം നൂറ്റാണ്ടിൽ വിശുദ്ധനാടിനുവേണ്ടി കൊലവിളിയോടെ ക്രിസ്ത്യാനികൾ നടത്തിയ കുരിശുയുദ്ധങ്ങളിൽ കശാപ്പുചെയ്യപ്പെട്ടത് മില്ല്യൺ ജീവിതങ്ങളാണ്. റിഫോർമേഷനും കൗണ്ടർ റിഫോർമേഷനും തമ്മിലേറ്റുമുട്ടിയപ്പോൾ കുരുതികൊടുക്കപ്പെട്ടത് ആയിരങ്ങളുടെ ജീവനാണ്.

ഗിരിപ്രഭാഷണങ്ങളിലൂടെ അക്രമരാഹിത്യവും ശത്രുസ്നേഹവും പഠിപ്പിച്ച ക്രിസ്തുവിന്റെ വിവരവും വിദ്യാഭ്യാസവുമുള്ള ഇടയന്മാരാണ് ഈ ക്രൂരതയ്ക്ക് പടയണി ഒരുക്കിയത്.

അന്നും ക്രിസ്തു ചോദിച്ചു: ആത്മാവേത്?

ആരു കേൾക്കാൻ?

പണക്കൊതി മൂത്ത ക്രിസ്ത്യൻ മുതലാളിത്ത രാഷ്ട്രങ്ങൾ ആഫ്രിക്കയിൽ നടത്തിയ അടിമക്കച്ചവടത്തിൽ നിർഭയം ചവുട്ടിമെതിച്ചത് പത്തു മില്ല്യൺ പാവം മനുഷ്യ ജീവിതങ്ങളാണ്.

ഈ ചെറിയവരോടു ചെയ്യുന്നതും ചെയ്യാത്തതും എന്നോടാണെന്ന് തിരുവചനം വായിച്ചറിഞ്ഞ ക്രിസ്തു ഭക്തരാണല്ലോ ഇതിനു നേതൃത്വം കൊടുത്തത്. മനുഷ്യനെമൃഗങ്ങളെപ്പോലെ വിൽക്കുകയും വാങ്ങുകയും കൊല്ലുകയും ചെയ്യുന്നവർ ഏതാത്മാവിൽ നിന്നുള്ളവരാണെന്ന് ക്രിസ്തുവിന്റെ ചോദ്യത്തിന് ആരും മറുപടി പറഞ്ഞില്ല.

കൊളോണിയൽ ആധിപത്യസ്ഥാപനത്തിൻ ചുക്കാൻ പിടിച്ച കുടിയേറ്റ ക്രിസ്ത്യാനികൾ അമേരിക്കയിലെ ആദിവാസികളുടെ മൂന്നുതലമുറകളിലായി കൊന്നൊടുക്കിയത് ഇരുപതു മില്യൺ നിരപരാധികളെയാണ്. ഇന്നും അവകാശങ്ങൾ നിഷേധിക്കപ്പെട്ട ദുർബ്ബലരുടെ മേൽ അധീശാധികാരം സ്ഥാപിച്ച് ചൂഷണം ചെയ്യുന്ന മതരാഷ്ട്രീയ നേതാക്കന്മാരിൽ ഏതാത്മാവിന്റെ കൊടുങ്കാറ്റാണ് തേരോട്ടം നടത്തുന്നതെന്ന് ക്രിസ്തുവിനറിയാം.

പറഞ്ഞാൽ പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ 'അഗ്രഷൻ മാനിയ' പിടിപെട്ട പാശ്ചാത്യസംസ്ക്കാരം ലോകമഹായുദ്ധങ്ങളിലൂടെ സ്ത്രീകളും കുഞ്ഞുങ്ങളുമടക്കം 250 മില്യൺ നിരപരാധികളെകൊന്ന് രക്തപ്പുഴയിൽ തട്ടിത്തൂവിക്കളിച്ചു രസിച്ചു.

അതിനു പിന്നിലും ക്രിസ്ത്യാനികളുടെ കരുത്തുറ്റകൈകളായിരുന്നല്ലോ മുഖ്യം.

മരണത്തെ നിരായുധനനായി നേരിട്ട ക്രിസ്തു ആത്മരോഷത്തോടെ അന്നും ചോദിച്ചു: കുരിശിന്റെ സാക്ഷികളായ നിങ്ങൾ ഏതാത്മാവിനാൽ.....

ക്രിസ്തീയ സഭാവിഭാഗങ്ങൾക്കിടയിൽ മത്സര മനോഭാവങ്ങളും വേലിക്കെട്ടുകളുമാണ്. നിത്യതയിൽ ഒരൾത്താരയിൽ നിന്ന് ഒരു പിതാവിന് സ്തുതിപാടേണ്ടവർ സ്ഥാനമാനങ്ങൾ ചൊല്ലി കലഹിച്ച് ക്രിസ്തുവിന്റെ പേരിൽ ആക്രമങ്ങളും അട്ടഹാസങ്ങളും ഉയർത്തുമ്പോൾ വചനം പഠിക്കാത്തവർപോലും ചോദിച്ചു പോകുന്നു. ഇവരിലെ ആത്മാവേത്?

റോമാപടയാളികൾ വളഞ്ഞപ്പോൾ ക്രിസ്തുവിനു സെക്യൂരിറ്റികൊടുക്കുവാൻ വാളെടുത്തു വീശിയ പത്രോസിലെ പ്രതികാരത്തിന്റെ ആത്മാവിനെ തിരിച്ചറിഞ്ഞ ക്രിസ്തു ശാസിച്ചു. പിന്നീട് നിരായുധനായി രക്തസാക്ഷീമരണത്തോളം ധൈര്യമായി നടന്നുചെന്ന പത്രോസ് വെറുപ്പില്ലാതെ പകയില്ലാതെ നിഷേധ പ്രാർത്ഥനകളില്ലാതെ സഹനത്തിന്റേയും സഹിഷ്ണതയുടെയും ആത്മ ചൈതന്യത്തിൽ പാറയായി പത്രോസായി ഉറച്ചുനിന്നു. സൈന്യങ്ങളും സന്നാഹങ്ങളുമില്ലാതെ സഭയെപണിയുവാൻ ക്രിസതുവിന്റെ മുമ്പിൽ സകലവും സറണ്ടർ ചെയ്ത പത്രോസിന്റെ പാരമ്പര്യം പിൻ തലമുറയ്ക്കു നഷ്ടപ്പെട്ടു. പ്രതികാരരൂപി ഹൃദയങ്ങളിൽ തേരോട്ടം നടത്തിയപ്പോൾ ആശ്രയം രഥങ്ങളിലും കുതിരകളിലുമായി.

കാണപ്പെടാത്ത ദൈവത്തിനുവേണ്ടി വഴിപാടുകളും ആത്മിയകോലാഹലങ്ങളും നടത്തുന്ന വിശ്വാസിക്ക് കാണപ്പെടുന്ന സഹോദരനോട് പ്രസാദാത്മകമായ മനോഭാവമില്ലെങ്കിൽ അംശവസ്ത്രം നിരയെത്രവാരിച്ചുറ്റിയാലും ഭക്തി കപടവും ഉള്ളിൽ അശുദ്ധാരൂപിയുമാണെന്നത് സത്യം, സത്യം.

ദൈവത്തിന് ആരുടേം സംരക്ഷണം ആവശ്യമില്ല. ഭീകരപ്രവർത്തനങ്ങളിലൂടെ തങ്ങളുടെ ദൈവത്തെ സംരക്ഷിക്കുന്നവരുടേത് സ്വാർത്ഥമോഹങ്ങളുടെ ദുഷ്ടാരൂപി കീഴടക്കിയ മനസ്സാണ്.

വൈകാരിക അഹന്തയാൽ സ്ത്രീത്വത്തെ ചവുട്ടിമെതിക്കുന്ന പുരുഷന്റെ അന്തരംഗത്തിൽ മൃഗീയവികാരങ്ങളും പൈശാചിക ആത്മാവുമാണെന്നെല്ലാവർക്കുമറിയാം. പക്ഷേ ആരുപദേശിക്കാൻ?

മറ്റുള്ളവരുടെ കുറ്റവും കുറവും നമുക്കു വിടാം. ക്രിസതു താങ്കളോട് വ്യക്തിപരമായി ഒരു ചോദ്യം ചോദിക്കുന്നു: ഏതാത്മാവാണ് നിന്നിൽ?

പുറമെ ഭക്തിയുടെ ആവരണങ്ങൾ ഏറെ വാരിച്ചുറ്റിയിട്ടു അകമെ പകയും വിദ്വേഷവും കാണുമ്പോൾ ക്രിസ്തു ചോദിക്കുന്നു നിന്നിലെ: ആത്മാവേതാണ്? ദാമ്പത്യപങ്കാളിയോടും കുഞ്ഞുങ്ങളോടും വച്ചുപുലർത്തുന്ന നിർബന്ധബുദ്ധിയും രോഗബാധിതമായ കോപവും മാപ്പുകൊടുക്കുവാൻ മനസ്സില്ലാത്ത പകയും കാണുമ്പോൾ ക്രിസ്തു ചോദ്യം ആവർത്തിക്കുന്നു. നിന്നിലെ പ്രാകൃത മനുഷ്യനിലെ ആത്മാവേത്?

മറ്റുള്ളവരുടെ നാശനഷ്ടങ്ങൾക്കും ശത്രുസംഹാരത്തിനുമായി വഴിപാടും പ്രാർത്ഥനയുമായി നിന്നപ്പോൾ അസ്വസ്തതയോടെ ക്രിസ്തു ചോദിച്ചു: മനസ്സിലാവുന്നുണ്ടോ നിന്നിലെ ആത്മാവിനെ?

മറ്റുള്ളവരുടെ വീഴ്ചയിൽ സന്തോഷിച്ചപ്പോൾ, ചില കുടുംബത്തിന്റെ തകർച്ച ഗോസിപ്പു വിഷയമാക്കിയപ്പോൾ ഓരോ മനുഷ്യ ജീവനും അമൂല്യനിധിയായി കാണുന്ന ഇടയൻ ആത്മാനൊമ്പരത്തോടെ ചോദിച്ചു: ഈ പൈശാചിക സന്തോഷത്തോടെ നീ തേടുന്ന സ്വർഗ്ഗമേത്? മനസിൽ ഗുണമില്ലാത്തവനെ ദൈവം നിന്നെ വിളിച്ചാൽ അഭ്യുദയകാംഷിയായി ആരുണ്ടാകും നിനക്ക്?

നമ്മെ നയിക്കുന്നത് ദുഷ്ടാത്മാവാണെങ്കിൽ ഏതു സൂപ്പർ കൾച്ചറിൽ കൂടുകെട്ടിയാലും സമാധാനം കിട്ടില്ല. ഹൃദയത്തിൽ വിരുദ്ധതയുടെ ആത്മാവുള്ളവർ കുടുംബത്തിൽ അസ്വസ്ഥതയുടെ കൊടുങ്കാറ്റുയർത്തും. വീട്ടിൽ ഒറ്റപ്പെടും. മക്കൾ അകന്നുപോകും.

വ്യക്തിബന്ധങ്ങളിലെ പ്രതിസന്ധിമാറാൻ, മനസിലെ നിഷേധവികാരത്തിരമാലകൾ ശാന്തമാകാൻ ആന്തരിയ ശുദ്ധീകരണവും കൂടിയെ തീരു. പരിശുദ്ധാത്മാവിന്റെ പുന:പ്രതിഷ്ഠയും ശാന്തിക്കും സമാധാനത്തിനുമുള്ള വഴിയൊന്നേ ഒന്നുമാത്രം:

'ഹൃദയം വിശുദ്ധാത്മാവുകൊണ്ടുനിറയണം'.

പ്രാർത്ഥിക്ക: സുഹൃത്തേ, ഹൃദയപൂർവ്വം:

ദൈവമേ, വെടിപ്പുള്ള ഹൃദയം എനിക്കുതരേണമേ.

കാൽവറി രക്തത്താൽ പാപമാലിന്യങ്ങളെ കഴുകി കളയേണമേ.

നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ പുന:സ്ഥാപിക്കേണമേ, നിരന്തരം പുതുക്കേണമേ. നിന്റെ രക്ഷയും ആനന്ദവും എന്റെ ഹൃദയത്തിൽ, എന്റെ ജീവിതപങ്കാളിയുടെ ഹൃദയത്തിൽ, മക്കളുടെ ഹൃദയത്തിൽ നിറയ്ക്കേണമേ.

# മോർ ഗീവർഗീസ് സഹദ



അരുമനാഥന്റെ പ്രബോധനങ്ങൾക്ക് കാതോർത്ത് മിശിഹായെ ലോകരക്ഷകനായി സ്വീകരിച്ച്, ആ വിശ്വാസത്തിൽ അടിയുറച്ച് ജീവിച്ച വിശ്വാസപ്രചാരകരായ അനേകം പേർ മിശിഹായെ പ്രതി, മതമർദ്ദനത്തിന് വിധേയരായി വീരചരമമടഞ്ഞിട്ടുള്ളതായി സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. അപ്രകാരം ക്രിസ്തുയേശുവിന് സാക്ഷ്യം വഹിച്ച്, വിശ്വാസ സംരക്ഷണാർത്ഥം വീരചരമമടഞ്ഞ, ഊർജ്ജസ്വലനായ ഒരു സഭാതനയനാണ് വി. ഗീവർഗീസ് സഹദ. ക്രൈസ്തവരാലും അക്രൈസ്തവരാൽപോലും ഇത്രയേറെ ഭയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്ന മറ്റൊരു വിശുദ്ധൻ ഇല്ല തന്നെ. "വിളിച്ചാൽ ഉടൻ വിളികേൾക്കുന്നവൻ" എന്നാണ് സഹദായെ വിശേഷിപ്പിക്കുന്നത്. ഗീവർഗീസ് സഹദായെ സംബന്ധിച്ച് വേണ്ടത്ര ചരിത്ര രേഖകളില്ലെങ്കിൽപോലും ആ പുണ്യവാനെ ആദരിക്കാത്തവർ വിരളമത്രേ.

എ.ഡി. 283-ൽ പാലസ്റ്റൈനിൽ ഹാസ എന്ന പട്ടണത്തിൽ ജാതനായ സഹദ, സ്വപിതാവിനെപ്പോലെ തന്നെ ഡയോക്ലീഷൻ ചക്രവർത്തിയുടെ സർവ്വസൈനാധിപനായിരുന്നുവെന്ന് കരുതപ്പെടുന്നു. ക്രിസ്ത്യാനികൾക്കെതിരായിട്ടുള്ള മതപീഡനം അതിന്റെ പാരമ്യതയിൽ എത്തിച്ചേർന്ന അക്കാലത്ത് തന്റെ ക്രിസ്തീയത്വം ജ്വലിച്ചുയരുകയും ക്രിസ്തുമതത്തിനുവേണ്ടി നിർഭയം പ്രവർത്തിക്കുകയും ചെയ്ത വി. സഹദ, വിശ്വാസസംരക്ഷണത്തെപ്രതി അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ നിരവധിയാണ്. തന്നെ പീഡിപ്പിക്കുന്നവരെപ്പോലും അത്ഭുതപ്പെടത്തത്തക്ക ശക്തി, കർത്താവ് സഹദായ്ക്ക് നൽകികൊണ്ടിരുന്നു. വിശുദ്ധന്റെ പ്രവർത്തനം മൂലം രാജപത്നിയായ അലക്സന്ത്ര്യയും പുത്രിയായ വലേറിയപോലും ക്രിസ്തുമതത്തിൽ വിശ്വാസിക്കാനിടയായി എന്ന് ചരിത്രം സൂചിപ്പിക്കുന്നു. തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി, ലിബിയയിലെ പർവ്വതത്തിന്റെ താഴ്വരയിലൂടെ സഞ്ചരിക്കുന്ന സമയത്ത്, ഡ്രാഗൺ എന്നറിയപ്പെടുന്ന ഒരുഗ്ര വിഷസർപ്പത്തിന്റെ ഉപദ്രവങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന്, ആ സർപ്പത്തെ തൃപ്തിപ്പെടുത്താൻ, ആ രാജ്യത്തെ രാജാവും, ജനങ്ങളുംകൂടി സർപ്പത്തിനു ഭക്ഷണമായി ഒരുക്കിനിർത്തിയിരുന്ന രാജകുമാരിയെ, സഹദാ കാണുന്നതിനിടയായി. രാജകുമാരിയിൽനിന്നും വിവരങ്ങളറിഞ്ഞ ദയാലുവായ സഹദ കുരിശുവരച്ച്, കർത്താവിനെ മനസ്സിൽ ധ്യാനിച്ച് ആ സർപ്പത്തിന്റെ വായിൽ തന്റെ കുന്തം കൊണ്ട് ആഞ്ഞു കുത്തി അതിനെ കൊന്ന് ഭീകരസർപ്പത്തിൽ നിന്നും ആ രാജ്യത്തെ രക്ഷിച്ചതായി ഒരു കഥയുണ്ട്. സർപ്പത്തെ കൊന്ന കഥയറിഞ്ഞ, നാടും നഗരവും ആർത്തിരമ്പി സഹദയെ സമീപിച്ചു. വി. സഹദയുടെ ഉപദേശം സ്വീകരിച്ച് രാജാവും രാജ്യവാസികളും ക്രിസ്തുയേശുവിൽ വിശ്വസിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച് ക്രിസ്ത്യാനികളായിതീർന്നുവെന്നത് ചരിത്രസത്യമാണ്.

ക്രിസ്തുമതത്തിൽപ്പെട്ടവരെ കഠിനമായി ശിക്ഷിക്കണമെന്ന ഡയോക്ലീഷൻ ചക്രവർത്തിയുടെ വിളംബരത്തിൽ പ്രതിഷേധിച്ച്, വി. സഹദ രാജ്യസേവനത്തിൽനിന്നും സ്വയം വിരമിച്ചു. തന്മൂലം രാജകിങ്കരന്മാർ അദ്ദഹത്തെ അതികഠിനവും നിഷ്ഠൂരവുമായ വിധത്തിൽ പീഡിപ്പിച്ചു. ഇതിലൊന്നും വഴങ്ങുന്നവനല്ല സഹദയെന്ന് മനസിലാക്കിയ രാജകിങ്കരന്മാർ, സഹദയുടെ കാൽവെള്ളയിൽ ചുട്ടുപഴുപ്പിച്ച ആണികൾ അടിച്ചുകയറ്റുകയും ശരീരഭാഗങ്ങൾ അറത്തുമുറിക്കുകയും ചെയ്തതിനുശേഷം അന്ത്യശ്വാസം വലിച്ചു എന്നു കരുതി കോട്ടയ്ക്ക് പുറത്തുള്ള കിടങ്ങിലേക്ക് അദ്ദേഹത്തെ വലിച്ചെറിഞ്ഞു. എന്നാൽ യാതൊന്നും സംഭവിക്കാത്തവനെപ്പോലെ വി. സഹദ ആ കിടങ്ങിൽ നിന്നും എഴുന്നേറ്റുവന്നു. "ഈ ലോകം മുഴുവൻ എനിക്ക് നൽകിയാലും ക്രിസ്തുവിന്റെ ദാസനായി ജീവിക്കുകയാണ് എനിക്കഭികാമ്യം. മരിക്കേണ്ടിവന്നാലും ക്രിസ്തുവിനെ ഞാൻ ഉപേക്ഷിക്കുകയില്ല." എന്ന് പ്രഖ്യാപിച്ച വി. സഹദായുടെ, സഹനശക്തിയും ധൈര്യവും അചഞ്ചലമായ വിശ്വാസവും കണ്ട്, ആ നാളുകളിൽ അനേകം പേർ ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു.


ഈ ലോകത്തിലുള്ള തന്റെ വ്യാപാരം അവസാനിപ്പിച്ച് താൻ ദൈവത്തിങ്കലേക്ക് മടങ്ങിപോകേണ്ടതായി വന്നിരിക്കുന്നുവെന്ന് ബോധ്യമായ സമയത്ത്, വി.സഹദ മുട്ടിൻമേൽ നിന്ന് നിന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ തക്കം നോക്കി ഒരു പടയാളി സഹദയുടെ ശിരസ്സ് ഛേദിച്ചു. അങ്ങനെ എ.ഡി. 303 മേട മാസം 23-ാം വിശുദ്ധൻ രക്തസാക്ഷി കിരീടം പ്രാപിച്ചതായി സഭ വിശ്വസിക്കുന്നു.

ആകമാന സഭയിൽ എല്ലാവിഭാഗം ജനങ്ങളും തലമുറ, തലമുറയായി കൈമാറിവരുന്ന ഒന്നാണ് വി. ഗീവർഗീസ് സഹദായുടെ മഹാമധ്യസ്ഥത. വിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവർക്ക് നിരാശരാകേണ്ടതായി വന്നിട്ടില്ലെന്നത് ഒരു സത്യമാണ്.

കുതിരമേൽ വാഹനമേറിയിരിക്കുന്ന മോർ ഗീവറുഗീസ് സഹദ,

ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമെ.!!!

## കുരിശും തൊട്ടി കൂദാശ ചെയ്തു



കുളനട: പനങ്ങനാട് തൈയ്യൽ പാടി ജംഗ്ഷനിൽ പുതിയതായി വി. ഗീവർഗീസ് സഹദായുടെയും പ. ഏലിയാസ് തൃതീയൻ ബാവായുടേയും പ. ചാത്തുരുത്തൽ മോർ ഗ്രിഗോറിയോസ് തിരുമേനിയുടേയും നാമത്തിൽ സ്ഥാപിച്ച കുരിശും തൊട്ടിയുടെ കൂദാശ തുമ്പമൺ ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലിത്താ നിർവഹിച്ചു.

# വിശ്വാസസംരക്ഷകൻ ഓർഗനൈസർമാർ


അനിൽ പി. ഏലിയാസ്
പയ്യാനിക്കൽ
മാർ ഗ്രിഗോറിയോസ്,വണ്ണപ്പുറം


അനൂപ് പി. കെ. ബേബി
സെന്റ് ജോൺസ് ചർച്ച്
നെല്ലിക്കുന്നേൽ


എബി ബാബു
കോട്ടയ്ക്കകത്ത്
സെന്റ് മേരീസ് ചർച്ച് കളമശേരി


എൽദോ പോൾ
കരിമ്പനയ്ക്കൽ
സെന്റ് മേരീസ് ചർച്ച് താമരച്ചാൽ


പി. കെ. ജോയി
പുത്തൻപുരയ്ക്കൽ
വി. മർത്തമറിയം പള്ളി വെട്ടിത്തറ


കെ. എം. സജു കൊട്ടാരക്കുന്ന്
സെന്റ് മേരീസ് ശാലേം
പാലച്ചുവട്


വർഗ്ഗീസ് ഐസക്
പീടിയേക്കൽ
സെന്റ് മേരീസ് താമരച്ചാൽ



ജോബി ജോർജ്ജ്
സെന്റ് മേരീസ് ചർച്ച്
ഇടയാർ


കുരുവിള ജോൺ
അറയാനിക്കൽ
സെന്റ് മേരീസ് ചർച്ച് ആറ്റൂർ


പി. വർഗീസ്
വയിമ്പനത്ത്
മാർ ഔഗേൻ ചർച്ച് മണകുന്നം


മനോജ് ജോസഫ്
സെന്റ് മേരീസ് ചർച്ച്
ആട്ടിൻകുന്ന്


എ. ഐ. മാണി ആടുകാലിൽ
സെന്റ് മേരീസ് ചർച്ച്
ചീങ്ങേരി


ബേബി ജോർജ്ജ് വലിയകുന്നേൽ
സെന്റ് ജോൺസ് ചർച്ച്
വടകര


ബാബു വർഗീസ് പുലക്കുടി
സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്
ചർച്ച് മീനങ്ങാടി


ലതീഷ് സി പൈനാടത്ത്
സെന്റ് മേരീസ് ചർച്ച്
അങ്കമാലി


കെ. യു. ഐസക്
കുഴിവേലിൽ
സെന്റ് ജോർജ്ജ് ചർച്ച് പുൽപ്പള്ളി


**"BAS"**
**ORCHESTRA**
**PUTHENCRUZ**
**Mob: 9895712495, 9447874655**
*Contact For:*
*Church Choir & Wedding Choir*
*Band of Aromatic Singers*


## ഉന്നത വിദ്യാഭ്യാസത്തിന് സുവർണ്ണ അവസരം

**BASELIOS POULOSE II CATHOLICOS COLLEGE**
Baselios Mount, Mulakulam North P.O, Piravom, Ernakulam Dist. Kerala - 686 664, Phone: 0485-2243474,2243424
**Courses:** BBA, BCA, B.SC Electronics with Computer Hardware, BA English with Journalism, M.Sc. Computer Science, M.Sc Electronics

**PIZ TRAINING COLLEGE**
Puthencruz (PO),Malecruz, Ernakulam Dist. Kerala -682 308
Phone: 0484-2763850,2765607
**Courses:** B.Ed: English, Malayalam, Mathematics, Natural Science, Social Science, Physical Science

**ST.GREGORIOS DENTAL COLLEGE**
Chelad (PO), Ernakulam Dist, Kerala - 686 681,
Phone: 0485-2571429,2572529,2572530,2572531
**Course:** BDS

**BASELIOS POULOSE SECOND COLLEGE**
Piramadom (PO) Ernakulam Dist, Kerala - 686 667,
Phone: 0485-2274444
**Courses:** B.Com Computer Application, M.Com Finance

**ST.THOMAS ARTS & SCIENCE COLLEGE**
Puthencruz (PO), Ernakulam Dist. Kerala -682 308
Phone: 0484-2733552,6525189
**Course:** B.Com, Computer Application

**Manarcadu St. Mary's College**
**Courses**: B. A Vocational English, Vocational History, B. Sc. Physics Vocational, Chemistry, Zoology, B com, M com, M Sc. Zoology, Chemistry, Physics
**Ph: 0481-2374483**

**St. Mary's Hospital Manarcadu** Ph: 2372161
**Courses:** General Nursing

**Holly Cross College Puttdy Idukki**
Ph: 04868-277126, 277674
**Courses:** B. B.A, B.C.A, B Com, B.T.S.(Tourism Studies), B.A. Communicative English with Journalism

**Mar Athanasius Arts & Science College Kothamangalam** Ph: 0485-2822378
**Courses:** B Com, B.A. Economics, History, Hindi, Sociology, B Sc Math's, Physics, Chemistry, Botany, Zoology, Statistics, M.A. Economics, English, Sociology, M Sc Math's, Physics, Chemistry, MCA, MBA

**Mar Athanasius College of Engineering**
**Courses:** BTch Civil, Mechanical, Electrical & Electronics, Electronics & Communication, Computer Science MTch Civil & Mechanical Ph: 0485 2822363

**Mar Baselius College for Teacher Education Kothamangalam** Ph: 0485 – 3200547
**Courses:** B Ed

**Mar Baselius College Arts & Sicence Adimali** Ph: 0486 - 4224835
**Course:** MSW, B com, MTA

**Mor Baselius Hospital Kothamangalam**
Ph: 0485 – 2822203, 2822204, 2822205
**Courses:** B Sc Nursing, General Nursing

**Mor Baselius Dental College** Ph: 0485 - 2828745
**Kothamangalam** **Courses:** BDS

# എം. ജെ. എസ്. എസ്. എ. യുടെ 35–ാമത് വാർഷികം; പുതിയ ഭാരവാഹികൾ ചുമതലയേറ്റു

മെയ് 1 ന് പുത്തൻകുരിശ് എം. ജെ. എസ്. എസ്. എ. കേന്ദ്ര ഓഫീസിൽ പ്രസിഡന്റ് അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലിത്തായുടെ അധ്യക്ഷതയിൽ കൂടിയ എം. ജെ. എസ്. എസ്. എ. യുടെ 35–ാം മത് പൊതുയോഗം ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലി



എം. ജെ. എസ്. എസ്. എ. വാർഷിക സമ്മേളനം ശ്രേഷ്ഠ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത സമീപം.

യോസ് തോമസ് പ്രഥമൻ ബാവ ഉദ്ഘാടനം ചെയ്തു. പ. സഭയുടെ വളർച്ച സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിലൂടെയാണ് ആരംഭിക്കുന്നത് എന്ന് ബാവ അനുസ്മരിച്ചു. ജനറൽ സെക്രട്ടറി ജോയി പി. ജോർജ്ജ്, തുമ്പമൺ ഭദ്രാസന ഡയറക്ടർ ടി. മാത്യു എന്നിവർക്ക് പ. പാത്രിയർക്കീസ് ബാവ കല്പിച്ചു നല്കിയ ഷെവിലിയാർ സ്ഥാനം ശ്രേഷ്ഠ ബാവ നല്കുകയും സ്ഥാന ചിഹ്നങ്ങൾ അണിയിക്കുകയും ചെയ്തു. അഭി. മോർ മിലിത്തിയോസ് മെത്രാപ്പോലിത്താ ഇരുവരേയും അഭിനന്ദിച്ചു സംസാരിച്ചു. ജെ. എസ്. എസ്. എൽ. സി. യ്ക്ക് ഒന്നാം റാങ്കുനേടിയ കുമാരി ശാലു പൗലോസിന് സെന്റ് അത്തനേഷ്യസ് സ്വർണ്ണമെഡലും രണ്ടാം റാങ്കുനേടിയ കുമാരി നീതു പോളിന് മോർ മീഖായേൽ ദിവന്നാസിയോസ് സ്വർണ്ണമെഡലും ശ്രേഷ്ഠ ബാവ നല്കി. 50 വർഷം പൂർത്തിയാക്കിയ 20 അദ്ധ്യാപകരെ പുരസ്കാരങ്ങൾ നല്കി ആദരിച്ചു. ജെ. എസ്. എസ്. എൽ. സി. ക്ക് ഒന്നു മുതൽ പത്തുവരെയുള്ള റാങ്കുകാർക്കും പ്ലസ് ടൂവിന് റാങ്കു ലഭിച്ചവർക്കും 5 മുതൽ 9 വരെ ക്ലാസ്സുകളിൽ റാങ്കു ലഭിച്ചവർക്കും, 2007–ലെ ആത്മദീപത്തിലെ നല്ല ലേഖകനായി തെരഞ്ഞെടുത്ത പ്രൊഫ. വി. എസ്. ബേബി, 2007 ലെ ബെസ്റ്റ് സൺഡേസ്ക്കൂൾ സെന്റ് പോൾസ് പൂതൃക്ക, 2007 ൽ കൂടുതൽ ആത്മദീപം വരിക്കാരെ ചേർത്ത ശ്രീ. എം. വി. മാത്യുവിനും അഭി. തിരുമേനി സമ്മാനങ്ങൾ നൽകി ആദരിച്ചു.



വൈസ് പ്രസിഡന്റ്
ഫാ. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ



പ്രസിഡന്റ്
നി. വ. ദി. ശ്രീ. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത



ജനറൽ സെക്രട്ടറി
ശ്രീ. ബേബി മാത്താറ



സെക്രട്ടറി
ഷെവ. അഡ്വ. ബഞ്ചമിൻ പോൾ



സെക്രട്ടറി
ഡോ. ജോസ് ഡി. കൈപ്പിള്ളി



സെക്രട്ടറി
ബേബി വർഗീസ്



ട്രഷറാർ
എം. ജെ. മർക്കോസ്

തുടർന്ന് മുൻപൊതുയോഗമിനിറ്റ്സ്, വാർഷിക റിപ്പോർട്ട്, വരവു ചെലവ് കണക്കുകൾ, സപ്ലിമെന്ററി ബഡ്ജറ്റ് എന്നിവ അംഗീകരിച്ചു.

ഭരണഘടന അനുസരിച്ച് നടത്തപ്പെട്ട തിരഞ്ഞെടുപ്പിൽ പ്രസിഡന്റായി യൂഹാനോൻ മിലിത്തിയോസ് മെത്രാപ്പോലിത്ത, വൈസ് പ്രസിഡന്റായി റവ. ഫാ. ജേക്കബ് മീഖായേൽ പുല്ല്യാട്ടേൽ, ജനറൽ സെക്രട്ടറിയായി ബേബി മാത്തറ, സെക്രട്ടറിമാരായി ഷെവ. അഡ്വ. ബഞ്ചമിൻ പോൾ, ഡോ. ജോസ് ഡി. കൈപ്പിള്ളി, ബേബി വർഗീസ് എന്നിവരും ട്രഷററായി എം. ജെ. മർക്കോസ്, സെൻട്രൽ കമ്മറ്റി അംഗങ്ങളായി വെരി. റവ. ഫാ. പി. പി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ പുല്ലാക്കുടിയിൽ റവ. ഫാ. ഷിബിൻ പോൾ, ഡോ. ജയ്മോൻ പി. ജേക്കബ്, കെ. കെ. മാത്യു, പി. വൈ. ജോൺസൺ എന്നിവരേയും ഓഡിറ്റർമാരായി റജി ജോൺ, എൻ. ടി. പൗലോസ് എന്നിവരേയും തിരഞ്ഞെടുത്തു. പ്രാർത്ഥനയോടെ യോഗം സമംഗളം പര്യവസാനിച്ചു.

## താമരച്ചാൽ പളളി പെരുന്നാളും കുടുംബസംഗമവും സമാപിച്ചു

താമരച്ചാൽ സെന്റ് മേരീസ് പളളിയിൽ വി. പിതാക്കൻമാരുടെ ഓർമ്മപ്പെരുന്നാളും കുടുംബയൂണിറ്റുകളും സംഗമവും നടന്നു. 4–ാം തിയതി കുടുംബ യൂണിറ്റുകളുടെ ആകർഷകമായ ഘോഷയാത്രയും തുടർന്ന് വാർഷിക സമ്മേളനവും നടത്തപ്പെട്ടു. അന്ത്യോഖ്യ വിശ്വാസ സംരക്ഷണസമിതി വർക്കിംഗ് പ്രസിഡന്റ് അഭി. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലിത്ത സമ്മേളനം ഉത്ഘാടനം ചെയ്തു. തുടർന്ന് ഭക്ത സംഘടനകളുടെ വാർഷികം നടത്തപ്പെട്ടു.

മെയ് 5 ന് നടന്ന വി.മൂന്നിൻമേൽ കുർബാനയ്ക്ക് വന്ദ്യ. മുളയിരിക്കൽ ബെന്യാമിൻ റമ്പാൻ പ്രധാന കാർമ്മികത്വം വഹിച്ചു. പെരുനാൾ ചടങ്ങുകൾക്ക് ഫാ. ഐസക് പുന്നശേരി, ഫാ. ഷാജി പാറക്കാടൻ, ട്രസ്റ്റിമാരായ കെ. വി. ഏലിയാസ് കരിമ്പനയ്ക്കൽ, ബിനു വറുഗീസ് നീറ്റുകര എന്നിവർ നേതൃത്വം നൽകി.

## തൃക്കുന്നത്ത് സെമിനാരി പളളി തുറന്നു നല്കണം വിശ്വാസസംരക്ഷണ സമിതി

തൃക്കുന്നത്ത് സെമിനാരിയും പളളിയും യാക്കോബായ സഭയ്ക്ക് തുറന്നു നൽകാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് വിശ്വാസ സംരക്ഷണ സമിതി വർക്കിംഗ് കമ്മറ്റി ആവശ്യപ്പെട്ടു. പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ ചേർന്ന വർക്കിംഗ് കമ്മറ്റി യോഗം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കബാവ ഉത്ഘാടനം ചെയ്തു. വർക്കിംഗ് പ്രസിഡന്റ് അഭി.ഏലിയാസ് മാർ അത്തനാസിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ വാർഷിക ക്യാമ്പ് മണർകാട് സെന്റ്മേരീസ് കത്തീഡ്രലിൽ നടക്കും. ഇടുക്കി ഭദ്രാസനത്തിലെ നിർദ്ധനരായ കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 100000 രൂപ വകയിരുത്തി. ഇതിന്റെ ഉത്ഘാടനം 20ന് കട്ടപ്പന സെന്റ് ജോര്ജ്ജ് പളളിയിൽ നടത്തും. ഫാ. പീറ്റർ ഇല്ലിമൂട്ടിൽ, വന്ദ്യ. പീറ്റർ വേലാംപറമ്പിൽ കോർ എപ്പിസ്കോപ്പ, കമാൻഡർ മത്തായി പുറപ്പാടത്ത് ഷെവ. ജോൺ പുന്നമറ്റം, ഷെവ.മോൻസി വാവച്ചൻ, അഡ്വ.ജോർജ്ജ്കുട്ടി എബ്രഹാം, ഡോ. കെ. സി. രാജൻ, ബെന്നി എം.തോമസ്, തുടങ്ങിയവർ പ്രസംഗിച്ചു.

## ശ്രാദ്ധപെരുന്നാളിന് ആയിരങ്ങളെത്തി

പറവൂർ: സെന്റ് തോമസ് യാക്കോബായ സുറിയാനി പളളിയിൽ പരിശുദ്ധ അബ്ദുൾ ജലീൽ മോർ ഗ്രിഗോറിയോസ് ബാവയുടെ 327–ാം ശ്രാദ്ധ പെരുന്നാളിനും നേർച്ചസദ്യക്കും അയിരങ്ങളെത്തി. വിശുദ്ധ കബറിങ്കൽ നടന്ന കുർബ്ബാനയ്ക്ക് ഏലിയാസ് മോർ അത്തനാസിയോസ് മെത്രാപ്പോലിത്ത കാർമ്മികത്വം വഹിച്ചു. വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയ്ക്ക് യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലിത്ത, വികാരി ഫാ. പോൾ പാറക്ക, ഫാ. പൗലോസ്, കുരിയപ്പുറം എന്നിവർ സഹകാർമ്മികരായി. ബന്ന്യാമിൻ മുളേരിക്കൽ റമ്പാൻ, ഗീവർഗീസ് മോർ അത്തനാസിയോസ് മെത്രാപ്പോലിത്താ എന്നിവർ സംബന്ധിച്ചു. വൈദികരുടെ നേതൃത്വത്തിൽ കബറിങ്കൽ ധൂപപ്രാർത്ഥനയ്ക്കുശേഷം നേർച്ചസദ്യ ആശിർവാദവും വിളമ്പും നടന്നു. ഒട്ടേറെ കൗണ്ടറുകൾ ഇതിനായി തുറന്നിരുന്നു. കാൽലക്ഷത്തോളം പേർ നേർച്ചസദ്യയിൽ പങ്കെടുത്തതായാണ് കണക്ക്. എം. എൽ. എ. മാരായ വി. ഡി. സതീശൻ, എം. എം. മോനായി, നഗരസഭാ ചെയർമാൻ എൻ. എ. അലി എന്നിവരും എത്തിയിരുന്നു. ഫാ. പോൾ പാറക്ക, ഫാ. പൗലോസ് കുരിയപ്പുറം, ഫാ. ഐസക് മരങ്ങാട്ട്, പളളി സെക്രട്ടറി ഇ. എ. ജോക്കബ്, പെരുനാൾ കമ്മറ്റി ജോ. ജനറൽ കൺവീനർ പ്രൊഫ. രഞ്ചൻ എബ്രഹാം തുടങ്ങിയവർ ഭാരവാഹികളായ കമ്മറ്റി പരിപാടികൾക്ക് നേതൃത്വം നൽകി.

## മുട്ടുകാട് പളളി സുവർണ്ണ ജൂബിലി



മുട്ടുകാട് സെന്റ് തോമസ് പളളിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം മുൻ മന്ത്രി ഷെവ. ടി. യു. കുരുവിള ഉദ്ഘാടനം ചെയ്യുന്നു. അഭി. മാത്യൂസ് മോർ അപ്രേം, അഭി. മോർ മാത്യു ആനിക്കുഴിക്കാട്ടിൽ, വന്ദ്യ. മേനോത്തുമാലിൽ ഐസക് കോറെപ്പിസ്കോപ്പ എന്നിവർ സമീപം

മുട്ടുകാട്: മുട്ടുകാട് സെന്റ് തോമസ് പളളിയുടെ സുവർണ്ണ ജൂബിലി ആഘോഷവും, വി. തോമാശ്ലീഹായുടെ ഓർമ്മപ്പെരുന്നാളും ഏപ്രിൽ 17, 18, 19 തിയതികളിൽ നടത്തുപ്പെട്ടു. പെരുന്നാൾ ചടങ്ങുകൾക്ക് അഭി. മാത്യൂസ് മാർ അപ്രേം, അഭി.കുരിയാക്കോസ് മാർ യൗസേബിയോസ്, എന്നീ മെത്രാപ്പോലിത്തന്മാർ നേതൃത്വം നല്കി. സാംസ്കാരിക സമ്മേളനം ഇടുക്കി രൂപതയുടെ അഭി. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം നിർവഹിച്ചു. ഹൈറേഞ്ച് മേഖലയിലെ ആദ്യത്തെ കോർഎപ്പിസ്കോപ്പ വന്ദ്യ മേനോത്തുമാലിൽ ഐസക് കോർ എപ്പിസ്കോപ്പായെ അനുമോദിച്ചു. 75 വയസ്സിനുമുകളിൽ പ്രായമുളളവരെ ചടങ്ങിൽ ആദരിച്ചു. പുതുതായി നിർമ്മിച്ച ജൂബിലി മന്ദിരത്തിന്റെ കൂദാശ അഭി. മാത്യൂസ് മോർ അപ്രേം മെത്രാപ്പോലിത്ത തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. പെരുനാൾ ചടങ്ങുകളുടെ വിജയത്തിന് വി. ഫാ. ഷാജി വർഗീസ് താമരച്ചാൽ, ട്രസ്റ്റി ശ്രീ. ജോർജ്ജ് മേനോത്തുമാലി, സെക്രട്ടറി ശ്രീ സാജു കുരിക്കാട്ടുകുടി തുടങ്ങിയവർ നേതൃത്വം നൽകി. മൂന്നാറിൽ നിന്ന് 18 കി.മീ.മാറി പ്രകൃതി രമണീയമായ കുന്നിൻമേൽ സ്ഥിതി ചെയ്യുന്ന ഈ പളളിക്ക് ഇപ്പോൾ 130 കുടുംബാംഗങ്ങളുണ്ട്.

## സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ഭരണ സമിതിയെ തെരഞ്ഞെടുത്തു

തിരുവനന്തപുരം: സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി സിംഹാസന കത്തീഡ്രലിൽ മെയ് 4–ന് ഇടവക വികാരി ഫാ. സി. ജോർജ്ജ് എളളുവിളയുടെ അധ്യക്ഷതയിൽ കൂടിയ പളളി പൊതുയോഗം തന്നാണ്ടത്തെ ഭരണ സമിതിയെ തെരഞ്ഞെടുത്തു. പളളി മാനേജിംഗ് കമ്മറ്റിയംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടവർ, ട്രസ്റ്റി കെ. മാത്യു മണലികുടി, സെക്രട്ടറി റെജി എബ്രഹാം തോമ്പ്രായിൽ, ജോയിന്റ് സെക്രട്ടറി മാത്യൂസ് പോൾ കൊച്ചുപുരയ്ക്കൽ ഷെവലിയർ കെ. ജെ. വർക്കി കുളങ്ങര, എം. സാമുവേൽ, എം. ജി. ജെയിംസ് മലയിടൻ, ജോർജ്ജ് എ. സ്ക്കറിയ അറപ്പുരയിൽ, ബേബി പീറ്റർ കൊളളാർ മാലിൽ, ജോയി മാത്യു പാറേമാലിൽ, ജോർജ് മാത്യു, എ. എ. ബേബി, എ. കെ. ജോബി ആലിയാട്ട്, സാബു കുര്യൻ കല്ലുപാലത്തിങ്കൽ എന്നിവരേയും ജോയി പോൾ പരിയാരത്ത്, സി. എം. എബ്രഹാം ഓഡിറ്റേഴ്സ് – ചെറിയാൻ കെ. തോമസ് നെടുംങ്കണ്ടത്തിൽ, തമ്പി പോൾ, പ്രാർത്ഥനയോഗം സെക്രട്ടറിയായി കെ. ജി. ജോർജ്ജ് കോടോത്തും തെരഞ്ഞെടുക്കപ്പെട്ടു.

# സുറിയാനി സഭയുടെ 'സ്വർണ്ണനാവുകാരൻ' പുണ്യവാനായ മർക്കോസ് മാർ കൂറിലോസ്



യാക്കോബായ സുറിയാനി സഭയിലെ ബഹുഭൂരിപക്ഷം യുവവൈദികരുടെ മല്പാനും മാർഗദർശിയും ആയിരുന്ന പുണ്യവാനായ മർക്കോസ് മോർ കൂറിലോസ് തിരുമേനി എന്നെന്നും അനുസ്മരിക്കപ്പെടുന്നത് അദ്ദേഹത്തിലെ സുകൃതങ്ങളുടെയും ശ്രേഷ്ഠതകളുടെയും അടിസ്ഥാനത്തിലെന്നപോലെ നിസ്വാർത്ഥനും സാത്വികനുമായ ഒരു മല്പാൻ എന്ന നിലയിലുമായിരിക്കും എന്നതിന് സംശയമില്ല. ക്രിസ്തീയ ജീവിതത്തിന്റെ മൂല്യം സ്വജീവിത സാക്ഷ്യത്തിലൂടെ കാണിച്ചു തന്ന കൂറിലോസ് തിരുമേനിയുടെ വ്യക്തിമാഹാത്മ്യം വിളിച്ചോതുന്നതാണ് സ്ഥലകാല പരിമിതികൾക്കപ്പുറമായി, അദ്ദേഹത്തെക്കുറിച്ച് ജനഹൃദയങ്ങളിലുള്ള സ്ഥിരപ്രതിഷ്ഠിതമായ ആദരവ്. ഭൗതിക കാര്യങ്ങളെക്കാൾ ആത്മീയ കാര്യങ്ങൾക്കാണ് തിരുമേനി എപ്പോഴും കൂടുതൽ താൽപര്യം കാണിച്ചിരുന്നത്. ഭൗതികതയുടെ പിന്നാലെ ക്രൈസ്തവരും – ക്രിസ്തീയ സഭപോലും പറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് അഭി. തിരുമേനിയുടെ മഹനീയ മാതൃക ശ്രദ്ധാർഹവും ചിന്തനീയവുമാണ്. അദ്ദേഹം പ്രാർത്ഥനാനിരതനും താപസ ശ്രേഷ്ഠനുമായിരുന്നു. ഒരിക്കൽ പോലും വിദ്വേഷത്തിന്റെ ഇരുണ്ട മുഖമോ സ്വാർത്ഥതയുടെ കറുത്ത മുഖമോ അദ്ദേഹത്തിൽ ദർശിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

ലാളിത്യമാർന്ന ജീവിത ശൈലിയും, വിനയവും നിഷ്കളങ്കതയും നിറഞ്ഞ പെരുമാറ്റവും കൂറിലോസ് തിരുമേനിയെ വ്യത്യസ്തനാക്കി. പരിചയപ്പെടുന്ന ആരും അദ്ദേഹത്തെ ആത്മാർത്ഥമായി സ്നേഹിച്ചുപോവുകയും ചെയ്യും. ഇതുമൂലം പങ്ങട ഗ്രാമത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾക്ക് തിരുമേനിയോട് വളരെയധികം അടുപ്പവും സ്നേഹവുമായിരുന്നു. ഈ സ്നേഹത്തിന്റെ ആഴം അദ്ദേഹത്തിന്റെ കബറടക്ക സമയത്ത് വന്നുകൂടിയ ജനം സാക്ഷിയാണ്. ഇന്നും അദ്ദേഹത്തിന്റെ കബറിങ്കൽ നാനാജാതി മതസ്ഥരായ ജനങ്ങൾ എത്തുന്നുണ്ട് എന്നത് സത്യമായ കാര്യമാണ്. സ്നേഹ സമ്പന്നനായ ഇടയശ്രേഷ്ടനായിരുന്നു അഭി. വന്ദ്യതിരുമേനി. ചില ദയറാക്കാരിൽ കാണുന്ന ജനങ്ങളോടുള്ള വിരക്തി തിരുമേനിയിലില്ലായിരുന്നു.ആർക്കും വന്ന് തിരുമേനിയെ കാണുന്നതിനും യഥേഷ്ടം സംസാരിക്കുന്നതിനും സാധിക്കുമായിരുന്നു. തിരുമേനിയുടെ വിനയാന്വിതമായ പെരുമാറ്റം ആബാലവൃദ്ധ ജനങ്ങളേയും ആകർഷിച്ചിരുന്നു. കുബേരനെന്നോ കുഞ്ചേലനെന്നോ വ്യത്യാസമില്ലാതെ തിരുമേനി എല്ലാവരെയും സ്നേഹിച്ചിരുന്നു. നോമ്പും ഉപവാസവും അഭി. തിരുമേനിയുടെ ജീവിതചരിയായിരുന്നു. ബുധനും, വെള്ളിയും എല്ലാ ആഴ്ചകളിലും വി. സഭയുടെ കല്പനകൾക്ക് അനുസരണമായി ഉച്ചവരെ ഉപവസിച്ചിരുന്നു. എല്ലാ നോമ്പുകളും നിഷ്ഠയോടുകൂടി ആചരിച്ചിരുന്നു. തിരുമേനിയുടെ മറ്റൊരു പ്രത്യേകത സുറിയാനി ഭാഷയിലുള്ള പ്രാവണ്യം സുറിയാനി സഭയേയും സുറിയാനി ഭാഷയേയും അദ്ദേഹം അതിരറ്റ് സ്നേഹിച്ചിരുന്നു. കാലം ചെയ്ത പുണ്യവാനായ യേശു ശീശക്ക് തിരുമേനിയുമായുള്ള ബന്ധം കൂറിലോസ് തിരുമേനിയുടെ സുറിയാനി ഭാഷയോടുള്ള സ്നേഹം മൂലമാണ്. ഇന്ത്യയിൽ എന്ന് വന്നാലും കൂറിലോസ് തിരുമേനിയുടെ ആതിഥേയത്വം സ്വീകരിക്കാതെ പോകില്ലായിരുന്നു. ഈ രണ്ടു സഭാസ്നേഹികളും ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടത് ഒരേ വർഷം തന്നെയായിരുന്നു. പുണ്യപിതാവിന്റെ ജീവിതം തന്നെ എല്ലാവർക്കും ഒരു യഥാർത്ഥ മാതൃക തന്നെയാണ്. ഈ ജനകീയനായ തിരുമേനിയുടെ വാത്സല്യവും അനുഗ്രഹവും പുണ്യപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന പങ്ങടയിലെ മക്കൾക്ക് മറക്കാനാവാത്ത ഒരുപിടി മധുരിക്കുന്ന ഓർമ്മകളാണ്. മെയ് മാസം 29, 30 തിയതികളിൽ പുണ്യ പിതാവിന്റെ ഓർമ്മ പങ്ങടയിൽ കൊണ്ടാടുകയാണ്. പുണ്യപിതാവിന്റെ പ്രാർത്ഥന സഭയ്ക്കും സഭാമക്കൾക്കും എന്നും കോട്ടയായിരിക്കട്ടെ.

"അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നും അവൻ എടുക്കപ്പെടുന്നതിനു മുമ്പെ സാക്ഷ്യം പ്രാപിച്ചു. മരിച്ചശേഷം അവൻ വിശ്വാസത്താൽ സംസാരിച്ച് കൊണ്ടിരിക്കുന്നു." (എബ്രായർ 11: 4: 5) നീതിമാന്റെ ഓർമ്മ വാഴ്വിനാകട്ടെ.

# ആശ്രിതവത്സലരെ മെത്രാന്മാരാക്കുന്നു, അസ്സോസിയേഷൻ അംഗങ്ങളെ നോക്കുകുത്തിയാക്കി

മെത്രാൻ കക്ഷി സഭയിലെ മെത്രാന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നടപടി ക്രമീകരണങ്ങൾ രൂപീകരിച്ചു. യോഗ്യതകളുടെ ഒരു പട്ടിക തന്നെ ഉണ്ടാക്കിയിട്ടുണ്ട് . മെത്രാൻ കക്ഷി ഭരണഘടനയിൽ 110, 111 വകുപ്പുകൾ ഈ യോഗ്യതാ പട്ടികയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. സഭാവക സെമിനാരി പഠനം നിർബ്ബന്ധമില്ല എന്ന നിലപാടിലാണ് നിയുക്ത കാതോലിക്കായും സഹമെത്രാപ്പോലിത്താന്മാരും. സിനഡിൽ പാനലിൽ ഇല്ലാതെ പോയ ഇപ്പോഴത്തെ പൗലോസ് മോർ പക്കോമിയോസ് മനോരമ അച്ചായന്മാരുടെയും മറ്റും പിന്തുണയോടെ അസോസിയേഷനിൽ നിന്നും തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. അദ്ദേഹം മത്സരിച്ചു, വിജയിച്ചു, മെത്രാപ്പോലിത്തായുമായി. പൗലോസ് പക്കോമിയോസ് മോഡലിലുള്ള നടപടിക്രമങ്ങൾ അവസാനിപ്പിയ്ക്കുവാൻ മെത്രാൻകക്ഷിയിലെ ഒരു വിഭാഗം മെത്രാന്മാർ തീരുമാനിച്ചു. പുതിയ നടപടിക്രമം നിലവിൽ വന്നു. അസ്സോസിയേഷൻ അംഗങ്ങളെ നോക്കുകുത്തികളാക്കി മാറ്റി. ദ്വിദിമോസ് ബാവാ നിയുക്തകാതോലിക്കാ ഏതാനും മെത്രാന്മാർ എന്നിവരുടെ ആശ്രിത വത്സലർ മാത്രം മെത്രാന്മാരാകുന്ന നടപടിയാണ് ക്രമീകരിച്ചിരിക്കുന്നത്. പാവം അസ്സോസിയേഷൻ അംഗങ്ങൾക്ക് കയ്യടിക്കുവാനുള്ള അവകാശം നിലനിർത്തിയിട്ടുണ്ട്. ഫാ. സാബു കുര്യാക്കോസും, ഫാ. ജോൺ പണിക്കരും ഒക്കെ മെത്രാന്മാരാകുമെന്ന് ഉറപ്പായി.

വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ എന്നീ ഭരണഘടനാ വകുപ്പുകൾ പ്രയോഗിച്ചാണ് പുതിയ നടപടി ചട്ടങ്ങളുടെ രൂപീകരണം.

**വിശ്വാസം:** 1965–ൽ അസ്സോസിയേഷൻ കൂടി ഫാ. എം. വി. ജോർജ്ജ്, ഫാ. പോൾ വർഗീസ് എന്നിവരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തിരുന്നു. സിനഡ് വിറ്റോ ചെയ്തതിനാൽ ഇവർ മെത്രാന്മാരായില്ല. ഫാ. എം. വി. ജോർജ്ജിന്റെ മാതാവ് പ്രൊട്ടസ്റ്റന്റ് വിശ്വാസിയാണെന്നും ഫാ. പോൾ വർഗീസിന്റെ മാതാവ് രോഗിയാണെന്നുമായിരുന്നു സുന്നഹദോസിന്റെ കണ്ടെത്തൽ, 1970– കാലഘട്ടത്തിൽ സഭ രണ്ടായി. തുടർന്ന് ഈ രണ്ട് വൈദികരെയും മെത്രാൻ കക്ഷി അസ്സോസിയേഷൻ നിരണത്ത് വച്ച് മെത്രാന്മാരായി തെരഞ്ഞെടുക്കുകയും സിനഡ് അംഗീകാരം കൊടുക്കുകയും ചെയ്തു. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രിഗോറിയോസ് എന്നിവരായിരുന്നു ഈ മെത്രാന്മാർ. 65–ലെ വിശ്വാസവും തീരുമാനങ്ങളും 75–ൽ പൂർണ്ണമായി മാറി, ദേവലോകം അരമനയിൽ മക്കാറിയോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷാ മദ്ധ്യേ ഒരു മേല്പട്ടക്കാരൻ കാലം ചെയ്ത തിരുമേനിയുടെ മൃതദേഹം തൂക്കിക്കൊണ്ട് നടക്കുകയാണെന്ന് അട്ടഹസിച്ചു. അട്ടഹസിച്ച മെത്രാപ്പോലിത്തായുടെ പൂർവ്വ പാര്യമ്പര്യങ്ങളും ബന്ധങ്ങളും സിനഡ് അന്വേഷിച്ചിരുന്നെങ്കിൽ മെത്രാൻ സ്ഥാനം തിർച്ചയായും വിറ്റോ ചെയ്യണമായിരുന്നു. ഇദ്ദേഹത്തിന് മെത്രാൻ സ്ഥാനം നല്കിയത് കാനോൻ ലംഘനമാണ്. മാത്യൂസ് 2–ാമൻ കാതോലിക്കായുടെ കബറിങ്കൽ കാലുകുത്തുകയില്ലെന്ന് പ്രഖ്യാപിച്ച ഈ മെത്രാപ്പോലിത്താ ബിഷപ്പ് പെക്കൻ ഹാം ബിഷപ്പിന്റെ ശിഷ്യനാണെന്നാണ് അവകാശപ്പെടുന്നത്. ഇദ്ദേഹത്തിന് മെത്രാൻ സ്ഥാനം നല്കിയത് വിശ്വാസലംഘനമല്ലേ. ഗുരുവിനെ സംസ്കാരം ചെയ്തതുപോലെ ശിഷ്യനേയും കിടത്തി അടക്കണമെന്ന് പറയുന്നത് വിശ്വാസലംഘനമാണ്.

**പട്ടത്വം:** മാർത്തോമാസഭയുടെ ആചാരപ്രകാരമുള്ള മാമ്മോദീസ സ്വീകരിച്ച ഒരു അയ്മേനി മെത്രാൻ കക്ഷിയിൽ ചേർന്നു. മാർത്തോമാ സഭയിൽ നിന്നും മറ്റു പ്രൊട്ടെസ്റ്റ് സഭകളിൽ നിന്നും ഒക്കെ പെൺകുട്ടികൾ, വിവാഹത്തിന് വരുമ്പോൾ "മൂറോൻ പൂശൽ" ചടങ്ങു നടത്താറുണ്ട്. യാതൊരു മൂറോൻ പൂശൽ കർമ്മങ്ങളും ഇല്ലാതെ ഓർത്തഡോക്സ് സഭയിൽ ചേർന്ന വ്യക്തി മെത്രാപ്പോലിത്തയായി സഭാ ആസ്ഥാന ഭദ്രാസനം ഭരിക്കുന്നു. പാവം സഭാഗംങ്ങൾ.

**ഡിസിപ്ലിൻ:** മെത്രാൻ കക്ഷിയിലെ ഡിസിപ്ലിൻ വളരെ ഭംഗിയായിട്ടാണ് നടക്കുന്നത്. ജർമ്മൻ സ്വദേശിയായ റമ്പാനെ രണ്ട് മെത്രാന്മാർ, മെത്രാൻ സ്ഥാനത്തേക്കുയർത്തി. കാതോലിക്കേറ്റ് അരമനയിൽ നിന്നും നാഥനില്ലാത്ത ഒരു പത്രക്കുറിപ്പ് സ്വീകരിച്ചു. സുന്നഹദോസിൽ വാഴ്ച നടത്തിയ രണ്ട് മെത്രാപ്പോലിത്തമാർ ഖേദപ്രകടനം നടത്തിയതായി പത്രവാർത്ത വന്നു. അടുത്ത ദിവസം രണ്ട് മെത്രാപ്പോലിത്താമാർ ഈ വാർത്ത നിഷേധിച്ചു. കാനോൻ ലംഘനം, ഭരണഘടനാലംഘനം ഇവ ഒന്നുമില്ലന്ന് സഭാംഗങ്ങൾക്ക് ബോധ്യമായി. പെരിനാട് ബഥനി ആശ്രമത്തിൽ സീനിയർ ആയിരുന്ന ഫാ. ഗബ്രിയേലിനെ കടത്തിവെട്ടിയാണ് പൗലോസ് പക്കോമിയോസ് മെത്രാപ്പോലിത്തയായത്. ബഥനി ആശ്രമഗത്വം ഉപേക്ഷിച്ച ഫാ. ഗബ്രിയേൽ പിന്നീട് ഗബ്രിയേൽ മോർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലിത്തയായി. തൃക്കുന്നത്ത് സെമിനാരി പ്രശ്നത്തിൽ പൗലോസ് പക്കോമിയോസ് ശക്തമായ എൽ. ഡി. എഫ്. വിരോധം പ്രകടിപ്പിച്ചപ്പോൾ ഗബ്രിയേൽ ഗ്രിഗോറിയോസ് തിരുമേനി പാമ്പാടിയിൽ മാർക്സിസ്റ്റ് പാർട്ടിയുടെ യോഗത്തിൽ വൈകുന്നേരം 7 മണിക്ക് പരസ്യമായി പങ്കെടുത്ത് മെത്രാൻകക്ഷികളുടെ ഡിസിപ്ലിൻ കാത്തു സൂക്ഷിച്ചു.

മെത്രാൻ തിരഞ്ഞെടുപ്പ് കോലാഹലങ്ങൾ ഒഴിവാക്കാൻ നടപടി ചട്ടങ്ങൾ ഉണ്ടാക്കിയതായി പാവം സഭാംഗങ്ങളെ പറഞ്ഞു വിശ്വസിപ്പിക്കുന്നു. തൃക്കുന്നത്തു സെമിനാരിയും ഈ സദ്ദുദ്ദേശം പ്രാവർത്തികമാക്കാമായിരുന്നു.

വിശ്വാസം, പട്ടത്വം, ഡിസിപ്ലിൻ ഏതായാലും പാവം അസോസിയേഷൻ അംഗങ്ങളുടെ കയ്യടിക്കുവാനുള്ള അവകാശം നിഷേധിച്ചിട്ടില്ല. മെത്രാൻ സമിതിയുടെ അനുവാദവും ആശിർവാദവുമില്ലാതെ നോമിനേഷൻ കൊടുക്കുവാനുള്ള അവകാശം പോലും അസ്സോസിയേഷൻ അംഗങ്ങൾക്കില്ല.

# വേദവിപരിതികളെ ഇതിലേ...........ഇതിലെ

ജെറിൻ മാത്യു കാവുങ്കൽ കോട്ടയം

കഴിഞ്ഞലക്കം മലങ്കരസഭാദീപത്തിൽ മെത്രാൻ കക്ഷിയിലെ ചില വിരുതൻമാരായ വൈദികരും ചില അൽമായക്കാരായ ഇൻഡ്യൻ ഓർത്തഡോക്സ് സഭയിലെ ചിലരും എഴുതിയ ലേഖനങ്ങൾ വായിക്കുവാൻ ഇടയായി. ദേവലോകത്തെ ചിലരും എന്തിനാണ് കണ്ണടച്ച് ഇരുട്ടാക്കുന്നത് എന്ന് അറിയില്ല. അന്ത്യോഖ്യയിൽ വി. പത്രോസ് സ്ലീഹായുടെ നേതൃത്വത്തിലും തുടർന്ന് വി. ഇഗ്നാത്തിയോസ് നൂറോനൊയെപ്പോലുള്ള വിശ്വസ്ഥൻമാരാലും നയിക്കപ്പെട്ട പ. സഭയ്ക്ക് മാർ അഫ്രേം മാർ യാക്കോബ് തുടങ്ങിയ പരിശുദ്ധാത്മ നിറവുള്ളവരായ അനേകം ഗുരുക്കന്മാരുടെ ശിക്ഷണത്താൽ ആരാധനയിലധിഷ്ഠിതമായ ഒരു വ്യവസ്ഥിത ദൈവശാസ്ത്ര വീക്ഷണവും തത്വചിന്തകളും ഉണ്ടായിരുന്നു. സഭയുടെ വളർച്ചയുടെ കാലഘട്ടങ്ങളിൽ നേരിട്ടിരുന്ന പല പ്രതിസന്ധികളെയും നേരിടുവാൻ കാല കാലങ്ങളിൽ ശ്രേഷ്ഠമായ ഗുരുക്കൻമാർ സത്യവിശ്വാസം പഠിപ്പിച്ചിരുന്നു. ഇവർ പഠിപ്പിച്ചിരുന്ന വേദശാസ്ത്രങ്ങളും തത്വചിന്തകളും സരളവും ഭംഗിയോടും കൂടി ആരാധനയിൽ ഉൾപ്പെടുത്തുവാൻ സഭയിലെ ലിറ്റർജിസ്റ്റുകൾക്ക് സാധിച്ചതിനാൽ സുറിയാനി ഓർത്തഡോക്സ് വിശ്വാസം തങ്ങളുടെ രക്തത്തിൽ കലർന്നവരായി ജീവിക്കുവാൻ വിശ്വാസികൾക്ക് സാധിച്ചു. 13–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ ഗ്രിഗോറിയോസ് ബാർ എബ്രായ പോലുള്ള പിതാക്കൻമാർ ഈ ആരാധന ക്രമത്തെ കാലഘട്ടത്തിന് അനുസരണമായി പരിഷ്ക്കരിക്കുകയും ചെയ്തു.

15– ാം നൂറ്റാണ്ടിൽ റോമിനെതിരായ ആത്മീയയുദ്ധത്തിൽ പ്രൊട്ടസ്റ്റന്റ് വിശ്വാസം യൂറോപ്യൻ രാജ്യങ്ങളിൽ വളരുകയും കോളനിവത്ക്കരണത്തിന്റെ ഭാഗമായി അന്ത്യോഖ്യയുടെയും കിഴക്കൊക്കയുടെയും ആത്മീയ അധികാര മേഖലയിൽ അതിക്രമിച്ച് കടക്കുകയും ചെയ്യുകയുണ്ടായി. സമ്പത്തും അധികാരവും ഉള്ളവരായ സാമ്രാജ്യത്വ ശക്തികളുടെ പിൻബലത്തിൽ അവർ വേദശാസ്ത്ര പഠന മേഖലയിൽ ആധുനിക വൽക്കരണം നടത്തി. ഭക്തിയിൽ ദൈവത്തെ കണ്ടെത്തിയ നിർമല ഗുരുക്കൻമാരുടെ ഗുരുമുഖങ്ങളാകുന്ന ദയറാകളിൽ നിന്നും ബുദ്ധിയാൽ ദൈവത്തെ കണ്ടെത്താൻ ശ്രമിക്കുന്ന നവികൃത വിദ്യാലയങ്ങളിലേക്ക് വേദശാസ്ത്ര വിദ്യാഭ്യാസം പറിച്ച് നടപ്പെട്ടു.സുറിയാനിക്കാരന്റ ഔദ്യോഗിക ഭാഷയായ സുറിയാനി ആംഗലേയ ഭാഷയ്ക്ക് വഴിമാറികൊടുത്തു. എന്നാൽ സത്യവിശ്വാസ പാരമ്പര്യങ്ങളെയും ശ്രേഷ്ഠമായ ആരാധനങ്ങളെയും തങ്ങളുടെ രക്തത്തിൽ ഉൾക്കൊണ്ടവരായ വിശ്വാസ സമൂഹം നിർമലരായ ഗുരുക്കൻമാരെ അളവറ്റ് സ്നേഹിച്ചു അവർ തിരിച്ചും. ഇത്തരത്തിൽ സ്നേഹത്തിന്റെ നിറഞ്ഞ ചിരിയുമായി തങ്ങളുടെ ആത്മീയ മക്കളെ സത്യവിശ്വാസം പഠിപ്പിച്ചു. എന്നാൽ സുറിയാനി ഓർത്തഡോക്സ് വിശ്വാസത്തെയും സുറിയാനി ഭാഷയേയും അറിയുന്നവരായ ഗുരുക്കൻമാർ അവഗണനയുടെയും ഒറ്റപ്പെടലിന്റെയും കയ്പുനീർ കുടിച്ചു. കാലത്തിന്റെ കുത്തൊഴുക്കിൽ അജ്ഞൻമാരായ ചിലരുടെ പ്രവർത്തനഫലമായി അധികാരത്തിനും ചെങ്കോലിനും വേണ്ടി താൻ വിശ്വസിച്ചിരുന്ന സിംഹാസനത്തേയും തനിക്ക് ലഭിച്ച പട്ടത്വത്തെയും മുപ്പതു വെള്ളിക്കാശിന് സത്യ വിശ്വാസത്തെ അന്ധവിശ്വാസം എന്ന് മുദ്ര കുത്തി ഇൻഡ്യൻ ഓർത്തഡോക്സ് സഭയാക്കി മാറ്റിയത് ആരും തന്നെ മറന്നിട്ടില്ല. എന്നാൽ ഇൻഡ്യൻ ഓർത്തഡോക്സ്കാർ അധികാരത്തിന്റെ ചിഹ്നങ്ങളായ സ്ലീബായും അംശവടിയും മുടിത്തൊപ്പിയും വസ്ത്രങ്ങളും ഉപേക്ഷിക്കാൻ തയ്യാറായില്ല. ഇതിനു കാരണം അറിയില്ലേ? സുറിയാനി സഭയെ ഇൻഡ്യൻ ഓർത്തഡോക്സ് എന്ന് ഭാരതീയവൽക്കരിച്ചപ്പോൾ ലോക സുറിയാനി സഭയുടെ ആരാധന ക്രമങ്ങൾ തന്നെ തുടരുന്നു. അതായത് സുറിയാനിക്കാരന്റെ നെഞ്ചിടിപ്പായ യാക്കോബക്കാരന്റെ വിശ്വാസങ്ങളും സത്യങ്ങളും ബഹ: ദേവലോകം വൈദികരെ നിങ്ങളുടെ സഭ ഭാരതീയ വത്ക്കരിച്ചെങ്കിൽ എന്തിനാണ് വി. കുർബാന തക്സായിലെ മാർ അപ്രേമിന്റെയും വി. യാക്കോബിന്റെയും ക്രമങ്ങൾ ചെല്ലുന്നത്. വി. തുബ്ദേനിലെ സുറിയാനി സഭയുടെ മാത്രം പിതാക്കൻമാരായ യാക്കോബ് ബുർദാനയുടെയും ഊർഷിലെമിലെ ഒന്നാമത്തെ പാത്രിയർക്കീസൻമാരുടെയും പേരു ചൊല്ലുന്നത് ഈകഴിഞ്ഞ മാസങ്ങളിൽ വാർത്തമാധ്യമങ്ങളിലൂടെ നിങ്ങൾ പറഞ്ഞില്ലേ ഇൻഡ്യൻ ഓർത്തഡോക്സ് സഭയക്ക് വിദേശാധിപത്യത്തിൽ നിന്ന് മോചനം ലഭിച്ചതാണെന്ന്. എങ്കിൽ പിന്നെ എന്തിനാണ് വി. ഗീവറുഗീസ് സഹദായുടെ മറ്റു തിരുശേഷിപ്പുകളും അതേ പേരിലുള്ള മറ്റു പള്ളികളും സ്ഥാപിക്കുന്നത്. ബ. ദേവലോകത്തെ ബുദ്ധിജീവികളെ ഒന്നുപറഞ്ഞുതരുമോ? പാത്രിയർക്കീസ് വിദേശിയെങ്കിൽ യേശുക്രിസ്തുവും തോമാശ്ലീഹായും 5–ാം തുബ്ദേനിലെ പിതാക്കൻമാരും ആരാണ്? ജനുവരിമാസം തൃക്കുന്നത്ത് സെമിനാരിയുടെ മൈക്കിലൂടെ ഇൻഡ്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനെ സാക്ഷി നിർത്തി യാക്കോബായ സഭാ പിതാക്കൻമാരുടെ നേർക്ക് അസഭ്യം ചൊരിഞ്ഞത് ആരാണ്? കോടതി മുറിയിൽ നിങ്ങൾക്ക് ആരാണ് പട്ടം തന്നത് എന്ന് ചോദിച്ചപ്പോൾ തലയിൽ അംശവസ്ത്രം കിടന്ന് മറഞ്ഞിരുന്നതിനാൽ കൈവെപ്പ് തന്ന ആളെ കണ്ടില്ലെന്ന് പറഞ്ഞ അപ്പന്റെ മക്കളല്ലെ നിങ്ങൾ? നിങ്ങളിൽ നിന്ന് ഇതിനപ്പുറവും ഞങ്ങൾ പ്രതിക്ഷിക്കുന്നു. ആടിനെ പട്ടിയാക്കുന്ന വിദ്യ. ബ. മലങ്കരസഭാ പത്രാധിപരെ വെറുതെ കണ്ണടച്ചു ഇരുട്ടാക്കല്ലെ. നിങ്ങളുടെ വിശ്വാസികളെ എന്തിനാണ് ഇങ്ങനെ ഇരുട്ടിലൂടെ നടത്തുന്നത്. ബഹ. ദേവലോകം ബുദ്ധിരാക്ഷസന്മാരെ ഒന്ന് ഓർത്തുകൊള്ളു. മോഷ്ടിച്ചതും, പിടിച്ചുപറിച്ചതും, തട്ടിയെടുത്തതുമായ മൂല്യങ്ങളും, പള്ളികളും, പാരമ്പര്യങ്ങളുമേ നിങ്ങൾക്കുള്ളു. ഇന്ന് അല്ലെങ്കിൽ നാളെ ചരിത്രം അത് തെളിയിക്കും. അത് നിങ്ങളുടെ തലമുറയുടെ ശാപമായി മാറിയേക്കാം. ആദ്യ നൂറ്റാണ്ടുമുതലെ സുറിയാനി സഭയ്ക്ക് ചതിയും പീഡനും മാത്രമെ കിട്ടിയിട്ടുള്ളു എന്നാൽ യേശുക്രിസ്തു തലവനായ ഈ സഭ പ്രതിസന്ധികളെല്ലാം മറികടന്ന് കറ തീർന്ന വിശ്വാസസത്യങ്ങളുമായി ഇന്നും നിലനിൽക്കുന്നു. "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും."

## കരിങ്ങാച്ചിറ പള്ളിയിൽ ശ്രേഷ്ഠ ബാവയുടെ ജൂബിലി ആഘോഷം



കരിങ്ങാച്ചിറ സെൻ്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടന്ന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസിലെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷ ചടങ്ങിൽ സ്വീകരണത്തിന് മറുപടി പ്രസംഗം നടത്തുന്നു. ചടങ്ങിൽ നാലുപേർക്ക് ഷെവലിയർ പദവിയുടെ സ്ഥാനചിഹ്നങ്ങൾ അണിയിച്ചു

കരിങ്ങാച്ചിറ സെൻ്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ നടന്ന ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസിലെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷവും ഇടവകാംഗംങ്ങളായ ശ്രീ .കെ. വി. പൈലി, ശ്രീ സി. എ. വർഗീസ്, ശ്രീ.സി.എം. കുരിയൻ, മണർകാട് ഇടവകാംഗമായ ശ്രീ വി.വി. മാണി എന്നിവർക്ക് ഷെവലിയർ പദവിയും നൽകി.

കത്തീഡ്രൽ കവാടത്തിൽ എത്തിയ ശ്രേഷ്ഠ കാതോലിക്ക ബാവായേയും കൊച്ചി ഭദ്രാസന അധിപനും പ.എപ്പിസ് കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, അന്തോഖ്യ വിശ്വാസ സംരക്ഷണ സമിതി പ്രസിഡൻ്റ് ഏലിയാസ് മാർ അത്താനാസിയോസ് എന്നീ പിതാക്കൻമാരേയും എതിരേറ്റു കത്തീഡ്രലിലേക്ക് ആനയിച്ചു. ലുത്തിനിയായ്ക്ക് ശേഷം കത്തീഡ്രലിലെ മോർ ഗീവർഗീസ് സഹദായുടെ ഓർമ്മപെരുന്നാളിന് തുടക്കം കുറിച്ചുകൊണ്ട് ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് കൊടിയേറ്റി. തുടർന്ന് പാരീഷ്ഹാളിൽ ശ്രേഷ്ഠ ബാവാ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷചടങ്ങു നടന്നു. സമ്മേളനത്തിൽ ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു.ഏലിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉത്ഘാടനം ചെയ്തു. വി.ഫാ.ഗീവർഗീസ് മണക്കാട്ട് സ്വാഗതം ആശംസിച്ചു. തുടർന്ന്. പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഷെവലിയാർ പദവി നൽകിയ കത്തീഡ്രൽ ഇടവകാംഗങ്ങളായ ശ്രീ.കെ.വി.പൈലി, ശ്രീ. സി. എ. വർഗീസ്, ശ്രീ. സി.എം. കുരിയൻ എന്നിവർക്കും മണർകാട് ഇടവകാംഗമായ ശ്രീ. വി. വി. മാണി എന്നിവർക്ക് ശ്രേഷ്ഠ കാതോലിക്ക ബാവാ തിരുമനസ്സുകൊണ്ട് സ്ഥാന ചിഹ്നങ്ങൾ അണിയിച്ചു. കോട്ടയം ഭദ്രാസന സെക്രട്ടറിയും മണർകാട് പള്ളി സഹവികാരിയായ കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ, മംഗളം ദിനപത്രം ഡെപ്യൂട്ടി ജനറൽ മാനേജർ മനോജ് കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ഷെവലിയാർ സി.എം.കുരിയൻ മറുപടി പ്രസംഗം നടത്തി. സ്വാഗത സംഘം ജനറൽ കൺവീനർ കെ.സി.ജോസഫ് നന്ദി രേഖപ്പെടുത്തി. തുടർന്ന് ശ്രേഷ്ഠ ബാവായ്ക്കും ഷെവലിയർ പദവി ലഭിച്ചവർക്കും ഉപഹാരങ്ങൾ സമ്മാനിച്ചു. ഇടവകാംഗമായ ഷെവലിയാർ സി.യു.ജോണിനെ ചടങ്ങിൽ ആദരിച്ചു.

## സാമൂഹികോന്നമനം സദ്ചിന്തകളിലൂടെ സാധ്യമാവണം ശ്രേഷ്ഠ ബാവ



മോർ ബസേലിയോസ് സുവർണ്ണ ജൂബിലിഹാൾ ഉദ്ഘാടനം ശ്രേഷ്ഠ ബാവ നിർവഹിക്കുന്നു

ന്യൂഡൽഹി: ഈശ്വര വിശ്വാസത്തിലധിഷ്ഠിതമായ സദ്ചിന്തകളിലൂടെ സാമൂഹികോന്നമനം സാധ്യമാക്കണമെന്ന് ശ്രേഷ്ഠ കാതോലിക്ക ഡോ. ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ ആഹ്വാനം ചെയ്തു.

ന്യൂഡൽഹി വികാസ് പുരയിൽ പുതിയതായി നിർമിച്ച സെൻ്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയുടെ മൂറോൻ കൂദാശയ്ക്ക് ശേഷം നടന്ന ഇടവക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രേഷ്ഠ ബാവ ഇടവക ഡയറക്ടറിയുടെ പ്രകാശനം അഭി. കുര്യാക്കോസ് മോർ യൗസേബിയോസ് മെത്രാപ്പോലിത്താ നിർവഹിച്ചു. ഇടവക വെബ്സൈറ്റ് delhisahadapally.com പത്രോസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ഏലിയാസ് ഐപ്പ്, വൈസ് പ്രസിഡൻ്റ് കെ. യു. സ്കറിയ, ഡോ. ബജേന്ദ്രസിംഹ് നിലോത്തി എം. എൽ. എ., മുകേഷ് ശർമ എം. എൽ. എ., മാർത്തോമാ സഭാ വൈദീകൻ പ്രതിനിധി റവ. മാത്യൂസ് തോമസ്, പ്രസിഡൻ്റ് ഇന്ത്യാ മിനിസ്ട്രി ഉത്തര മേഖലാ കോ.ഓർഡിനേറ്റർ ഫാ. ജോസഫ് കപലക്കാട്ട്, ടി. കെ. കുട്ടപ്പൻ, ഫാ. മാത്യൂസ് വർഗ്ഗീസ്, സെക്രട്ടറി തങ്കച്ചൻ സ്കറിയ എന്നിവർ പ്രസംഗിച്ചു. മെയ് 3 ന് 5 മണിക്ക് ശ്രേഷ്ഠ ബാവായ്ക്കും, അഭി. തിരുമേനിമാർക്കും സ്വീകരണവും മൂറോൻ കൂദാശയും തുടർന്ന് ഭക്തിനിർഭരമായ റാസയും നടത്തി. 4-ാം തീയതി കാതോലിക്ക ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തി. മോർ ബസേലിയോസ് സുവർണ്ണ ജൂബിലി ഹാളിൻ്റെ ഉദ്ഘാടനം ശ്രേഷ്ഠ ബാവ നടത്തി. തുടർന്ന് ഇടവക ദിനാഘോഷ സമ്മേളനം, നേർച്ച സദ്യ, കൊടിയിറക്കോടെ പെരുനാൾ ചടങ്ങുകൾ സമാപിച്ചു


പരി. വലിയ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഉദ്ദിഷ്ഠ കാര്യത്തിന് ഉപകാരസ്മരണ




1869 - 1953

പരി. പൗലോസ് മാർ അത്താനാസ്യോസ്
വലിയ തിരുമേനി, ആലുവ

പരി. പിതാവിൻ്റെ അന്ത്യ കല്പനയിൽ നിന്നും

'..................... ശിരസ്സു കൂടാതെ ശരീരത്തിന് ജീവനുണ്ടാകുകയില്ലല്ലോ. മിശിഹാ മണവാളനും തലയും, തിരുസഭ മണവാട്ടിയും, ശരീരവുമത്രേ. നമ്മുടെ ദൃശമായ ക്രിസ്തീയ സഭയുടെ ദൃശമായ തലയായിരിക്കുന്നത് പരി. പത്രോസ് അപ്പോസ്തലൻ്റെ പിൻഗാമിയായി വി. അന്ത്യോഖ്യാ സിംഹാസനത്തിൽ വി. പാത്രിയർക്കീസ് ബാവ തിരുമനസുകൊണ്ട് മാത്രമാണ്. ശ്ലൈഹീകവും, കാതോലികവുമായ ഏക വിശുദ്ധ സഭ നമ്മുടേതുതന്നെ. ശിരസ്സാകുന്ന സഭാതലവനെ നിരാകരിച്ചുകൊണ്ട് ശരീരമാകുന്ന സഭയിൽ അംഗത്വം പാലിക്കുന്നതിനു പ്രകൃതിയോ, നിയമമോ, സ്വഭാവ നീതിയോ അനുവദിക്കുന്നതല്ല. ഇതു നമ്മുടെ ഒരു വിശ്വാസ സത്യം തന്നെയാകുന്നു...............'

താമസിച്ചതിൽ ക്ഷമാപണം
ഒരു വിശ്വാസി

ADVT



ചീഫ് എഡിറ്റർ: ഷെവ. ബിബി ഏബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി.ഒ.,വാഴൂർ
Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com